2026 FEBRUARY
VOL 25
ISSUE 2
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



**JESUS YOUTH**
A MISSIONARY
MOVEMENT AT
THE SERVICE OF
THE CHURCH

www.jykairosmedia.org

# പൗരോഹിത്യ
# രജത ജൂബിലി

പൗരോഹിത്യ ശുശ്രൂഷയുടെ 25-ാം വാർഷികം
ആഘോഷിക്കുന്ന പ്രിയപ്പെട്ട അച്ചന്മാർക്ക്
ജീസസ് യൂത്ത് മൂവ്മെന്റിന്റെയും
കെയ്റോസിന്റിന്റെയും ഹൃദ്യമായ ആശംസകൾ





**ഫാ. ഷിബു സേവ്യർ**
**OCD**

**ഫാ. ബിറ്റാജു മാത്യു**
**OSsT**

എഡിറ്റേഴ്സ് റൂം -
**അഡ്വ. കെ.ജെ. ജോൺസൺ**
jjadvocatesjy@gmail.com



# കല്ലല്ല, വെള്ളാരം കല്ലുകളാണ് ആദരിക്കപ്പെടുന്നത്

ശിഷ്യന്മാരിൽ ഒരാളെ ഗുരു നിരന്തരം അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതുകണ്ട് മറ്റൊരു ശിഷ്യൻ രഹസ്യമായി വന്ന് ഈ കാര്യത്തിലുള്ള അതൃപ്തി അറിയിച്ചു. ശിഷ്യരെയെല്ലാം ഒരുമിച്ചുകൂട്ടിയ ഗുരു അവരോട് തീരത്തുനിന്ന് കല്ലുകൾ ശേഖരിച്ചു കൊണ്ടുവരാൻ ആവശ്യപ്പെട്ടു. എല്ലാവരും വളരെ മിനുസമുള്ളതും ഭംഗിയുള്ളതുമായ വെള്ളാരം കല്ലുകൾ കൊണ്ടുവന്നു. ശിഷ്യരെല്ലാം ഒത്തുകൂടിയപ്പോൾ, അവർ ശേഖരിച്ച മനോഹരമായ കല്ലുകൾ പരിശോധിച്ച്, ദൂരെ നിൽക്കുന്ന മലനിരകളെ ചൂണ്ടി ഗുരു പറഞ്ഞു: 'ശിഷ്യരേ, ആ മലനിരകളിൽ നിന്നും പൊട്ടിപ്പൊളിഞ്ഞ പാറക്കഷണങ്ങൾ അരുവിയിലൂടെ വർഷങ്ങളോളമൊഴുകി അതിന്റെ കൂർത്തതും പരുപരുത്തതുമായ പ്രതലങ്ങൾ മാറ്റപ്പെട്ടാണ് ഈ മനോഹരമായ കല്ലുകളായി മാറിയത്. കാണുന്നതിനും ശേഖരിക്കുന്നതിനും ഉപയോഗിക്കുന്നതിനും നമ്മൾ താത്പര്യപ്പെടുന്നത് മിനുസമുള്ള ഇത്തരം കല്ലുകളാണ്. ഇതുതന്നെയാണ് നിങ്ങളുടെ കാര്യത്തിലും സംഭവിക്കുന്നത്. നിങ്ങളുടെ സ്വഭാവം കൂടുതൽ മനോഹരവും സഹാനുഭൂതിയും ഉള്ളതാകുമ്പോൾ നിങ്ങൾ പ്രശംസിക്കപ്പെടും. നിങ്ങൾ അംഗീകരിക്കപ്പെടുന്നില്ലെങ്കിൽ സഹജീവികൾക്ക് ഉൾക്കൊള്ളാനാവാത്ത എന്തോ നിങ്ങളിലുണ്ട് എന്നർഥം.'

സ്നേഹിക്കപ്പെടാനും അംഗീകരിക്കപ്പെടാനും ആഗ്രഹിക്കാത്ത മനുഷ്യർ കുറവായിരിക്കും. ഓരോ മനുഷ്യരും അംഗീകരിക്കപ്പെടുന്നത് അവരവരുടെ ഇടപെടലുകളുടെ അടിസ്ഥാനത്തിലാണ്. പരീക്ഷകളിലും മത്സരങ്ങളിലും വിജയം നേടുന്നവരുടെ കഠിനാധ്വാനവും പരിശ്രമവും മറ്റുള്ളവരെ പ്രചോദിപ്പിക്കുന്നു. തങ്ങളുടെ അലസതയും ഇഷ്ടങ്ങളും ഉപേക്ഷിച്ചു കൊണ്ടാണ് അവർ വിജയത്തിനായി പരിശ്രമിക്കുന്നത്.

ക്രിസ്തുശിഷ്യരെ കല്ലെറിഞ്ഞു കൊല്ലാൻ മുൻപന്തിയിൽ നിന്ന സാവൂൾ എന്ന ചെറുപ്പക്കാരൻ തീക്ഷ്ണമതിയായിരുന്നു. എന്നാൽ, താൻ തേടുന്ന ദൈവത്തെ കാണുന്നതിന് അവന്റെ കണ്ണുകൾ തുറക്കപ്പെട്ടപ്പോൾ അവന്റെ ജീവിതത്തിൽ സമൂലമായ മാറ്റം വന്നു. പിന്നീടവൻ അന്നുവരെ അനുഭവിച്ചിരുന്ന സുഖങ്ങളെല്ലാം വലിച്ചെറിഞ്ഞ് താൻ ദർശിച്ച ദൈവത്തിനുവേണ്ടി നിലകൊണ്ടു. അവൻ പൗലോസായി മാറി. പൗലോസിനെയാണ് വിശ്വാസികൾ ഇന്നും അനുസ്മരിക്കുന്നത്. നിരന്തരമായ രൂപപ്പെടലുകൾക്ക് ശേഷം രൂപപ്പെട്ടതാണ് പൗലോസ്.

സ്വന്തം ജീവിതം സമൂഹത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കുമായി ഒരാൾ മാറ്റിവയ്ക്കുമ്പോഴാണ് അയാൾ സമൂഹത്തിന് സ്വീകാര്യനാകുന്നത്. കുടുംബത്തിൽ മാതാപിതാക്കൾ സ്വന്തം മക്കൾക്കുവേണ്ടി നടത്തുന്ന പ്രാർഥനകളും ത്യാഗങ്ങളുമാണ് പിന്നീട് അവരോർക്കുന്നത്. 'കമ്പിളികണ്ടത്തിലെ കൽഭരണികൾ' എന്ന പുസ്തകത്തിൽ തന്റെ അമ്മയെക്കുറിച്ച് ലേഖകൻ വൈകാരികമായി വിവരിക്കുന്നുണ്ട്. അമ്മയുടെ ധീരതയും കഷ്ടപ്പാടും സ്നേഹവും കരുതലും ഉപേക്ഷിച്ച ഭർത്താവിനെ ചേർത്തുപിടിച്ചതുമെല്ലാം ഇന്നും അദ്ദേഹത്തെ സ്വാധീനിക്കുന്നു എന്നു പറയുന്നു. ആ അമ്മയോടുള്ള ആദരവാണ് ആ പുസ്തകം. അറിയപ്പെടാത്തവർ പോലും തങ്ങളുടെ ത്യാഗംകൊണ്ട് വരുംതലമുറയെ സ്വാധീനിക്കുന്നു. കല്ലുകളെ വെള്ളാരം കല്ലുകളാകാൻ അനുവദിക്കുക.

എഡിറ്റർ–ഇൻ–ചീഫ്

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr Paul A.J. *(KJYC Animator)*

**Director, Kairos Media**
Dr. Chackochan Njavallil 9447572513

**Printer and Publisher**
Reji J. Karot 9447394142

**Managing Trustee**
Ginees Francis 9562379515

**Executive Director**
Godwin Ignatious 9995211689 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Abhilesh Thomas +1 (289) 952-1785
***East Timor*** Sr. Julie Antony +670 77827618 (WhatsApp) +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Sijo C. Johny +974 3357 2544
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org
**Office** Smitha Jose: smitha.jose@jykairosmedia.org

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com

Kairos Media

**Mailing Address**
**INDIA:** 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org
+91 484 2984327

**USA:** Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org
+1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam

കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:

Cloudcatholic Mobile App

Print (Mal, Eng, Buds)




contents

08

15

21

24

26

28

32


# letters

**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327  62382 79115
kairosmag@jykairosmedia.org


ലളിത സാധാരണ ജീവിത രീതികളെക്കുറിച്ചും പ്രാർഥനകളെക്കുറിച്ചും പങ്കുവയ്ക്കുന്ന ജീസസ് യൂത്ത് ശൈലിയെ പ്രതിപാദിക്കുന്ന ഫ്രം ദി ഹാർട്ടിലെ ലേഖനം സുന്ദരവും ആകർഷണീയവുമായിരിക്കുന്നു. സമാധാനത്തെ കണ്ടെത്തുവാനും അവനവനെ അറിയാനും 'സ്വർഗത്തിന്റെ കെമിസ്ട്രി' സഹായിക്കുന്നുണ്ട്. കുഞ്ഞുങ്ങളുടെ മനസ്സു സ്വന്തമാക്കാൻ നമുക്കും പരിശ്രമിക്കാം. പ്രോലൈഫ് ജീവിതാനുഭവങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കെയ്റോസിന് ആത്മാർഥമായ അഭിനന്ദനങ്ങൾ. പുഷ്പയുടെ അനുഭവവും ബത്‌ലഹേമിലെ ക്രിസ്മസ് പൂവും ഹൃദ്യമായിരിക്കുന്നു. അത്തരം സാക്ഷ്യജീവിതങ്ങൾ ഇനിയും പ്രസിദ്ധീകരിക്കുവാൻ അഭ്യർഥിക്കുന്നു.

മിനിമോൾ മാർട്ടിൻ, ആലുവ

34



36



38




42



44



വ്യത്യസ്തവും
വിശിഷ്ടവുമായ
ഈ ഉള്ളടക്കങ്ങളും
മിഷൻ സ്റ്റോറി
വഴുതന മാത്തൻ
തുടങ്ങിയ മറ്റു
സ്ഥിരം പംക്തികളും




Subscribe!

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds

# JESUS YOUTH FULLTIMERS'

# CHRIST JUBILEE

(33RD BATCH)

# SILVER JUBILEE

(9TH BATCH)

# 2025


YAMAHA



ജീസസ്‌യൂത്ത് ഫുൾടൈമേഴ്സ്/സ്പെഷ്യൽ സ്റ്റോറി - ഡോ. ജിൻസി മാത്യു PhD, എറണാകുളം

# ഒരു നേതാവ് വളർന്ന വഴി

ഫുൾടൈമേഴ്സിന്റെയെന്നല്ല ജീസസ് യൂത്ത് മൂവ്മെന്റിന്റെതന്നെ തുടക്കകാരിൽ പ്രധാനിയും മുന്നേറ്റത്തിന് ദിശാബോധം നൽകി നയിക്കാനും നേതൃനിരയ്ക്ക് നേതൃത്വം നൽകാനും ദൈവം വഴിനടത്തിയ ഡോ. എഡ്‌വേർഡ് എടേഴത്തിന്റെ ജീവിതത്തിലൂടെ...

ഈ മനുഷ്യനെ അറിയുംതോറും ആ വ്യക്തിത്വത്തിന്റെ ആഴം കൂടുന്നതുപോലെ തോന്നും. നമുക്കത്ഭുതം ജനിപ്പിക്കുന്ന പ്രതിഭയുള്ള ഈ മനുഷ്യൻ എത്ര ഉന്നതനാണോ അത്രത്തോളം വിനീതനുമാണ്. പൊരിവെയിലത്തു നടന്നുതളർന്ന് ഒരു തണൽമരത്തിനരികെ എത്തുമ്പോഴുണ്ടാകുന്ന ഒരു കുളിർമപോലെയാണ് അദ്ദേഹത്തിന്റെ അടുത്തെത്തുമ്പോൾ നമുക്ക് അനുഭവപ്പെടുക. തന്റെ അടുത്തുവരുന്നവരെ സ്വീകരിക്കുകയും കേൾക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന ഈ മനുഷ്യനെ നമ്മളെല്ലാവരും എഡ്ഡിച്ചേട്ടൻ എന്നുവിളിക്കും. വിടർന്ന മുഖത്തോടെ ഉറക്കെ ചിരിച്ചുകൊണ്ട് അദ്ദേഹം നമ്മെ ചേർത്തുപിടിക്കും. സഭയുടെ പ്രവർത്തനങ്ങളിൽ ഡോ. എഡ്‌വേർഡ് എടേഴത്തു നൽകിയ നിസ്വാർഥ സേവനത്തിന് ഷെവലിയാർ പട്ടം നൽകി അദ്ദേഹത്തെ ആദരിച്ചു. ജോലിയിൽ നിന്ന് വിരമിച്ചതിനുശേഷം ജീസസ് യൂത്തിന്റെ മിഷണറി ദൗത്യവുമായി ലോകംമുഴുവൻ ഓടിനടക്കുന്ന അദ്ദേഹം ഇപ്പോഴും പുതുതായി ഇനിയെന്തുചെയ്യനാകുമെന്നാണ്




ചിന്തിക്കുന്നത്. കുടുംബ പാരമ്പര്യം കൊണ്ടും സാമൂഹിക രാഷ്ട്രീയ പരിഗണനകൾകൊണ്ടും വിദ്യാഭ്യാസം കൊണ്ടും പദവി കൊണ്ടും എങ്ങനെ നോക്കിയാലും ഒരു സെലിബ്രിറ്റിയായി അരങ്ങു വാഴാൻ കൈയുംവീശി സാധിക്കുന്ന ഒരു മനുഷ്യൻ എങ്ങനെയാണ് എഡ്ഡിച്ചേട്ടൻ എന്ന ജീസസ് യൂത്ത് മുൻനിര നേതാവും ഫുൾടൈമേഴ്സിന്റെ മെന്ററും ആയതെന്ന കഥ പറയാം.

## മാർഗദർശി

എഡ്ഡിച്ചേട്ടൻ പറയുന്നു: "മൂവ്മെന്റിനെ അടുത്ത ലെവലിലേക്ക് കൊണ്ടുപോകുക എന്നതായിരുന്നു എക്കാലത്തെയും എന്റെ മിഷണറി ജീവിതത്തിന്റെ ധർമം." തുടക്കകാലത്തു യുവജനങ്ങൾ ഒരുമിച്ചു വരുന്നത് മറ്റുള്ളവർക്ക് ഒരുപാട് ആശങ്കകൾ നൽകിയിരുന്നു. വളരെ സങ്കുചിതമായ നിയമാവലികൾ വളർച്ചക്ക് തടസമേ ഉണ്ടാക്കൂ എന്ന് കരുതിത്തന്നെയാണ് ജീസസ് യൂത്ത് വിശാലമായ പാത എന്നും ഉൾക്കൊണ്ടത്. സിക്സ് പില്ലേഴ്സ് ഒരു വഴികാട്ടിയായി ഉൾക്കൊണ്ടുകൊണ്ട് സ്വതന്ത്ര നിലപാടുകൾ എടുത്തു. സ്വയം കണ്ടെത്താനുള്ള പരിശീലനമാണ് ആദ്യം മുതലേ യുവജങ്ങൾക്ക് നൽകിയത്. അവരുടെ സംസ്കാരമോ ഭാഷയോ വസ്ത്രമോ ഭക്ഷണമോ ശീലങ്ങളോ കാഴ്ചപ്പാടുകളോ കഴിവുകളോ മൂവ്മെന്റിന് അതിർവരമ്പുകൾ നൽകിയില്ല. ഒരോരുത്തരെയും അവരവരുടെ തനിമയോടെ ഉൾക്കൊണ്ടു; വളർത്തി; ഇപ്പോഴും പ്രോത്സാഹിപ്പിക്കുന്നു. മാതൃസഹജമായ വാത്സല്യത്തോടെയാണ് പരസ്പരം മുറിവുകളും കുറവുകളും പരിഹരിച്ചത്. പരാതികളും സങ്കടങ്ങളും പരിഭവങ്ങളുമായി വരുന്നവരെയും ചെവിയോർത്തുകേട്ടു; അവരുടെ കൂടെ നിന്നു. ഓരോരുത്തരും സ്വയംപര്യാപ്തരാകുന്നതുവരെ കൂടെയുണ്ടെന്ന ഉറപ്പുനൽകി. തുടക്കത്തിൽ ഒരേ ദർശനത്തോടെ മുന്നോട്ട് പോകാൻ കൂട്ടായ്മ തന്നെയാണ് സഹായിച്ചതെങ്കിലും കൂട്ടത്തിൽനിന്നു തന്നെയുള്ള വിമർശനങ്ങളും പ്രതിസന്ധികളുമാണ് പുറത്തുനിന്നുള്ളതിനേക്കാൾ ബാധിച്ചിരുന്നത്. വീതിയേറിയ വഴികളിൽ ഒരോരുത്തർക്കും അവനവന്റെ ഗതി തീരുമാനിക്കാനുള്ള അവസരം നൽകി. ബന്ധങ്ങളും ഒരുമയും പൊതുവായ ലക്ഷ്യവുമായിരുന്നു നമുക്ക് പ്രധാനപ്പെട്ടത്. ആരെയും എതിർക്കാനോ ഏറ്റുമുട്ടാനോ നമ്മൾ പ്രോത്സാഹിപ്പിക്കുന്നില്ല. ആത്മീയകൂട്ടായ്മകൾ വളർത്തുകയാണ് നമ്മുടെ ലക്ഷ്യം. പക്വതയോടും പാകതയോടും കൂടെ സഭയെയും രാഷ്ട്രീയത്തെയും സമകാലികവിഷയങ്ങളെയും നമ്മൾ ചേർത്തുപിടിക്കുന്നു. ഒരു നേതാവിനെക്കാൾ എപ്പോഴും പാർട്ടിസിപ്പന്റിനെപ്പോലെ എല്ലാവരോടും ഇടപെട്ടു. "അവരുടെ ഇടയിൽ നമ്മുടെ ഹൃദയവും കണ്ണും കാതും ഉണ്ടാകണം, അത് കൂടെയിരുന്നാലേ അറിയാൻ പറ്റൂ" അതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. നയിക്കുന്നവർ വിടവുകൾ നികത്തുന്നവൻ കൂടി ആയിരിക്കണം. അതുകൊണ്ടുതന്നെ ഉത്തരവാദിത്വങ്ങളൊക്കെയും സ്വയം പ്രേരിതമായി അവരരുടെ രീതിയിൽ ചെയ്യുകയും ഓരോരുത്തരും വളരുന്നതിനും അദ്ദേഹം സാക്ഷ്യം വഹിച്ചു.

ആ സമയത്തു അവരുടെ സ്വപ്നങ്ങൾ നടക്കാൻ യാതൊരു സാധ്യതയും ഇല്ലാത്ത കാര്യമായിരിക്കാം എന്നാലും സ്വപ്നങ്ങളുമായി വരുന്ന വ്യക്തികളെ ഒരിക്കലും പിൻതിരിപ്പിക്കില്ല.

## ജീസസ് യൂത്തിന്റെ വല്ല്യേട്ടൻ

മനുഷ്യരുടെ ദൈവാനുഭവത്തിന്റെയും നവീകരണത്തിന്റെയും ആത്മീയ ആവേശം അതിമനോഹരമായ ക്രിയാത്മകതയുടെ മുന്നേറ്റമാണെന്നു തുടക്കം മുതൽതന്നെ അറിയാവുന്ന അദ്ദേഹം പുത്തൻ ആശയവുമായി ആരടുത്തുവന്നാലും പ്രോത്സാഹിപ്പിക്കും. പിന്തുണയും നൽകും; അദ്ദേഹം പറയും "ഓരോനിമിഷത്തിന്റെയും ആവശ്യമനുസരിച്ചു പ്രവർത്തിക്കുന്ന സ്വാഭാവികതയിലാണ് നമ്മൾ വിശ്വസിക്കുന്ന ദൈവാത്മാവ് പ്രവർത്തിക്കുന്നത്. മ്യൂസിക് ബാൻഡ് സ്വപ്നങ്ങളുമായി ആന്റണി എന്നെ സമീപിച്ചപ്പോഴും, തീയേറ്റർ ആശയവുമായി ലിയോ വന്നപ്പോഴും സന്തോഷിന്റെ ഫുൾടൈമേഴ്സ് എന്ന ആശയം പോലെ ഞാൻ അവരെ സ്വാഗതം ചെയ്തു. ആ സമയത്തു അവരുടെ സ്വപ്നങ്ങൾ നടക്കാൻ യാതൊരു സാധ്യതയും ഇല്ലാത്ത കാര്യമായിരിക്കാം. എന്നാലും സ്വപ്നങ്ങളുമായി വരുന്ന വ്യക്തികളെ ഒരിക്കലും പിൻതിരിപ്പിക്കില്ല. എന്തും തുറന്നുപറയാനും പ്രാർഥിക്കാനുമുള്ള തീക്ഷ്ണതയാണ് നമ്മെ നയിക്കുന്നത്. ആരും ഒരുക്കിവച്ച വഴികളില്ലാതെ ആവേശത്തോടെ ഒഴുകി നീങ്ങിയ ഉറച്ച ബന്ധങ്ങളുടെ കഥയാണ് ജീസസ് യൂത്ത്. അന്നും ഇന്നും നമ്മൾ വാഗ്ദാനം ചെയ്യുന്നതും ആ സ്വാതന്ത്ര്യം തന്നെയാണ്."

## സമ്പൂർണ സാത്വികൻ

സമാനചിന്താഗതിക്കാരായിരുന്ന എഡ്ഡിച്ചേട്ടനും, ആലീസുകുട്ടി, അഗസ്റ്റിൻ, മാത്തച്ചൻ എന്നിവരൊക്കെ, ഒരുമിച്ചിരുന്നും അല്ലാതെയും ഒരു പാട് ചർച്ചകൾ നടത്തി. പലപ്പോഴും അവർ സംസാ

രിച്ചു സംസാരിച്ചു സമയം പോയതറിഞ്ഞില്ല. എഴുപതുകളുടെ രണ്ടാം പകുതിയിലാണ് സംഭവം, നവീകരണമെന്ന ആശയംതന്നെ അന്ന് പുതിയതാണ്. ധ്യാനമെന്നോ ധ്യാനകേന്ദ്രമെന്നോ ഉള്ള സങ്കല്പം പോലും ആയിട്ടില്ല. എന്തൊക്കെയോ ചെയ്യണമെന്നുള്ള തീക്ഷ്ണതയാലാണ് ചർച്ചകൾ നീണ്ടുപോകുന്നതെങ്കിലും ആകെയുള്ള ബസും കടത്തുവഞ്ചിയുമൊക്കെ നഷ്ടപ്പെടുന്നത് അവർക്ക് പതിവായിരുന്നു. മണിക്കൂറുകളോളം നടന്നു പുർച്ചെ കുമ്പളങ്ങിയിലെ വീടെത്തിയ ദിവസങ്ങളും ഈ യുവാക്കൾക്ക് അന്നുണ്ടായിരുന്നു. ആനേരത്തും വിളക്കുകെടുത്താതെ ഭക്ഷണവുമായി കാത്തിരിക്കുന്ന അദ്ദേഹത്തിന്റെ അമ്മ എന്നുമൊരു പ്രോത്സാഹനമായിരുന്നു. അവരുടെ ചർച്ചകളെക്കുറിച്ചു അവർ പ്രാർഥിച്ചു തുടങ്ങി, അങ്ങനെ പ്രാർഥനാ ഗ്രൂപ്പുകൾ ഉണ്ടായി. അവരുടെ ആഗ്രഹങ്ങളും പ്രാർഥനകളും പരസ്പരം കൈമാറി മധ്യസ്ഥപ്രാർഥനകൾ തുടങ്ങി, തുടർന്ന് ഓരോ മിനിസ്ട്രികൾ ഉണ്ടായി. ചേരികളും കോളനികളും സന്ദർശിച്ചു പാവങ്ങളോട്  പക്ഷം ചേർന്നു. അങ്ങനെ അനുഭവ സമ്പന്നമായ ആത്മീയതുടെ അത്ഭുതലോകത്തേയ്ക്കുള്ള പ്രയാണം എഡ്വേർഡ് എടേഴത്ത് എന്ന യുവാവ് തുടർന്നു. അമ്പതു വർഷം തികഞ്ഞ സെന്റ് തേരാസാസ് കോളേജിലെ പ്രയർ ഗ്രൂപ്പ് ഇന്നും മുടക്കാത്തത് ആ കറതീർന്ന ആ തീക്ഷ്ണതയുടെ അടയാളമാണ്. അമേരിക്കയിലിരുന്നു ഓൺലൈനിലാണ് അദ്ദേഹം കുറച്ചുവർഷങ്ങളായി ആ പ്രയർ ഗ്രൂപ്പ് കൂടുന്നത്. സെൻട്രൽ പ്രയർ ഗ്രൂപ്പ് എന്നറിയപ്പെടുന്ന ഈ പ്രയർ ഗ്രൂപ്പ് അടുത്ത ജൂലൈ വരുമ്പോൾ 50 വർഷം തികയും. അങ്ങനെ നോക്കിയാൽ എന്റെ ജീവിതത്തിലെ ഒരു പ്രധാന കാര്യം ആ ഗ്രൂപ്പിന്റെ ഭാഗമാവുകയെന്നതായിരുന്നു.

വ്യക്തതയില്ലായ്മയാണ് ഫുൾടൈമേഴ്സിന്റെ വിജയം. ജോലി അന്വേഷിക്കേണ്ട സമയത്തു വീട്ടിൽനിന്നു കുട്ടികളെ ഫുൾടൈമർഷിപ്പിന് വിടുമെന്ന് ഞാൻ തീരെ പ്രതീക്ഷിച്ചില്ല .

എഡ്ഡിച്ചേട്ടന്റെ വരുമാനത്തിന്റെ ഒരു പങ്ക് എന്നും മറ്റുള്ളവർക്കായിരുന്നു. അദ്ദേഹത്തിന്റെ സാലറി വരുന്നതനുസരിച്ചു കുട്ടികളുടെ വിദ്യാഭ്യാസച്ചിലവിനും പോഷകാഹാരത്തിനും കിടപ്പുരോഗികളുടെ മരുന്നിനും കാത്തിരുന്ന ചില കുടുംബങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൂട്ടുകാരും അദ്ദേഹത്തിനൊപ്പം ചേർന്ന് പലരെയും സഹായിച്ചുപോന്നു. ഏതാണ്ട് രണ്ടായിരത്തിനാലു മുതൽ ആ സഹായങ്ങൾ ആറാം ബാച്ച് ഫുൾടൈമെർ സനീഷ് എബ്രഹാം അവരവരുടെ വീടുകളിൽ എത്തിച്ചുകൊടുത്തു. പിന്നീടത് രണ്ടായിരത്തി ഒൻപതായപ്പോഴേയ്ക്കും ഓരോ കുട്ടിയുടെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്നതുപോലെ സൗകര്യം ചെയ്തുകൊണ്ട് ഔട്ട്റീച്ച് ചൈൽഡ് സപ്പോർട്ട് എന്ന ജീസസ് യൂത്ത് പ്രോജക്ട് ആയി മാറി. പതിനായിരക്കണക്കിന് വിദ്യാർഥികൾക്ക് സഹായം കൊടുക്കുന്ന, അനേകം പേര് ജോലി ചെയ്യുന്ന ആ വലിയ ഉദ്യമത്തിന് അദ്ദേഹം കാരണമായെന്നുപോലും എഡ്ഡിച്ചേട്ടൻ ഓർക്കുന്നുണ്ടാവില്ല. അദ്ദേഹത്തിന്റെ വീട്ടിൽ ഞങ്ങൾ ഇന്റർവ്യൂ എടുക്കാൻ ചെന്നപ്പോൾ, നേരത്തെ പറയാത്ത ഒരു അതിഥി വന്നു; കുറച്ചു മാസങ്ങൾക്കു മുൻപ് എഡ്ഡിച്ചേട്ടൻ സഹായിച്ച ആ പ്രദേശവാസിയായ ഒരു യുവാവ് നന്ദി പറയാൻ വന്നതായിരുന്നു. അദ്ദേഹം അതൊക്കെ എന്നേ വിസ്മരിച്ചു കഴിഞ്ഞിരുന്നു. ആവശ്യക്കാരനോട് ആത്മാർഥതയുള്ള  ഈ നിസ്വാർഥ സ്നേഹമാണ് എഡ്ഡി ചേട്ടനെ എന്നും വേറിട്ടുനിറുത്തുന്നത്.

## ഫുൾടൈം മിഷണറീസ്

എഡ്ഡിച്ചേട്ടന്റെ അഭിപ്രായത്തിൽ, "ലോകമെബാടും വ്യാപിച്ചു കിടക്കുന്ന ജീസസ് യൂത്ത് നേതാക്കളിൽ ഭൂരിപക്ഷവും ഫുൾടൈമർഷിപ് ട്രെയിനിങ്ങിലൂടെ അടിസ്ഥാനമുണ്ടാക്കിയവർ ആണെന്നതിൽ സംശയമില്ല. ആ വസ്തുത ഉൾകൊണ്ടുതന്നെ എന്നാൽ, പിന്നീടൊരിക്കലും ഞാൻ ഫുൾടൈമർ ആണെന്ന് ഓർമിക്കാതെ അവർ വളർത്തിയെടുത്ത ആ ജീവിതരീതിയിൽ പൂർണമായി മുന്നോട്ട് പോകുന്നു. അതുകൊണ്ടുതന്നെ ഫുൾടൈമേഴ്സ് എന്ന് പ്രത്യേകം പറയാതെ, മൂവ്മെന്റ് എന്ന് പറയാം. കാരണം ഈ ഫോർമേഷന് മുൻപും പിൻപും അവരെല്ലാം ജീസസ് യൂത്ത് തന്നെയാണല്ലോ. ഏറ്റവും മനോഹരമായതും കാമ്പുള്ളതുമായ വ്യക്തിബന്ധങ്ങളും നേതാക്കന്മാരും ഉത്ഭവിക്കാൻ ഈ ട്രെയിനിങ് കാരണമായിട്ടുണ്ട്. ക്രിയാത്മകമായ എന്തിനെയും തുറവിയോയുടെ കാണുന്ന അദ്ദേഹം പറയും, "വ്യക്തതയില്ലായ്മയാണ് ഫുൾടൈമേഴ്സിന്റെ വിജയം. ജോലി അന്വേഷിക്കേണ്ട സമയത്തു വീട്ടിൽനിന്നു കുട്ടികളെ ഫുൾടൈമർഷിപ്പിന് വിടുമെന്ന് ഞാൻ തീരെ പ്രതീ



*പ്രിയതമയും സന്തതസഹചാരിയുമായ ഓഡ്രിയോടൊപ്പം ഡോ. എഡ്‌വേർഡ് എടേഴത്ത്*

ക്ഷിച്ചില്ല. പക്ഷേ, ചെമ്പുമുക്കിലെ സ്നേഹനിലയത്തിരുന്നു സന്തോഷ് മുഴുവൻ സമയ പ്രേഷിതരെക്കുറിച്ചു പങ്കുവച്ചപ്പോൾ ഞാനാ സ്വപ്നങ്ങളെ പ്രോത്സാഹിപ്പിച്ചു. അവരുടെ സ്വപ്നങ്ങളോടു ചേർന്നുനിന്നു. അവരെ സഹായിച്ചു. ജീസസ് യൂത്ത് മൂവ്മെന്റ് വളർന്നതും പുതിയ ആശയങ്ങളോട് കാണിച്ച ഈ പ്രോത്സാഹനങ്ങൾ വഴിയാണ്." ഓരോ പ്രാവശ്യവും സിലബസ് എന്തായിരിക്കണം, റിസോഴ്സ് ആരായിരിക്കണം എന്ന് ചിന്തിക്കാനുള്ള ചർച്ചകളാണ് പുതിയതും ലോകോത്തരമായതുമായ ഫോർമേഷനാക്കി ഫുൾടൈമെർഷിപ്പിനെ മാറ്റുന്നത്.

അടുത്തകാലം വരെ രണ്ടോ മൂന്നോ സെഷനുകൾ അവർക്കു വേണ്ടി ഞാനെടുക്കുമായിരുന്നു. ട്രെയിനിങ് ടീം എന്റെ കൂടെയിരുന്നു ചർച്ചചെയ്യുമായിരുന്നു. തുടക്കത്തിലൊക്കെ കമ്മിറ്റ്മെന്റ് എടുക്കുന്ന കുട്ടികൾ ആഴ്ചയിലൊരിക്കൽ എന്റെയടുത്തുവന്നു ഷെയർ ചെയ്യുകയും എന്റെ കുടുംബത്തിനൊപ്പം താമസിക്കുകയുമൊക്കെ ചെയ്യുമായിരുന്നു. അവരുടെ സ്വപ്നങ്ങളും ചിന്തകളും ദേഷ്യവും വിഷമവും കരച്ചിലും പറച്ചിലും കേൾക്കാൻ ഞാൻ പ്രത്യേകം സമയം കണ്ടെത്തുന്നു. അവരെ കേൾക്കാൻ, മനസ്സിലാക്കുന്ന ഒരാൾ ഉണ്ടാവുകയെന്നതാണ് ആവശ്യമെന്ന് എനിക്കറിയാമായിരുന്നു. കാരണം, എന്റെ മനസ്സിലും ആശങ്കകളും സംശയങ്ങളും വന്നപ്പോൾ എന്നെ കേൾക്കുകയും ശരിയായ ദിശയിൽ എന്നെ നയിക്കാൻ സാധിക്കുയും ചെയ്യുന്ന ആളുകളുടെ അടുക്കൽ ഞാൻ എത്തിപ്പെട്ടു എന്നതാണ് എന്റെ നവീകരണ ജീവിതത്തിന്റെ രഹസ്യം. ജീസസ് യൂത്തിലെ സാധാരണത്വം തന്നെയാണ് നമ്മുടെ പ്രത്യേകത. ഇന്നും തുടരുന്ന സ്വാഭാവികമായ ആ തനിമ കാലത്തിനൊത്തു മുന്നേറാൻ നമ്മെ സഹായിക്കുന്നു.

> ഞാനീ ഗ്രൂപ്പും നവീകരണവും ബൈബിളുമായി നടക്കുന്നത് കാണുമ്പോൾ അവരൊക്കെ കളിയാക്കുമായിരുന്നു. പക്ഷേ, എനിക്ക് അതൊന്നും വലിയ പ്രശ്നമൊന്നും ആയിരുന്നില്ല.

## കുടുംബപശ്ചാത്തലം

കൊച്ചി രൂപതയുടെ ആദ്യ സ്വദേശി റോമൻ കത്തോലിക്ക ബിഷപ്പെന്ന നിലയിൽ ശ്രദ്ധേയനായ ബിഷപ്പ് അലക്സാണ്ടർ എടേഴത്ത് (1902–1979) ജനിച്ചു വളർന്ന വീട്ടിലെ ഒരു കൊച്ചുമകനായാണ് ഡോ. എഡ്വേർഡ് എടേഴത്ത് ജനിച്ചത്. സ്വാഭാവികമായും കത്തോലിക്കാ വിശ്വാസവും സഭാപ്രവർത്തനങ്ങളും സജീവമായ കുടുംബാന്തരീക്ഷം. ഗ്രൂപ്പ് ആനിമേഷൻ ചെറുതായിരിക്കുമ്പോൾതന്നെ അദ്ദേഹത്തിന്റെ വലിയൊരു പാഷൻ ആയിരുന്നു. കുട്ടിക്കാലത്തു കൊച്ചുകൂട്ടുകാർ ഒരുമിച്ചു കളിവീടുണ്ടാക്കി കളിക്കുന്ന നാട്ടിൻപുറത്തെ ബാല്യകാല വിനോദങ്ങളിൽ പോലും ഒരു പ്രാർഥനാമുറി സജ്ജമാക്കാൻ ശ്രദ്ധകാണിക്കുന്ന ആത്മീയ നേതൃത്വ പാടവം ബാലനായ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗമായിരുന്നു. ചെറിയ ക്ലാസ്സിൽ ആയിരിക്കുമ്പോൾതന്നെ അദ്ദേഹം പള്ളിയിലെ ക്വയറിലും ലീജിയൻ ഓഫ് മേരിയിലുമൊക്കെയുള്ള പ്രവർത്തനങ്ങളും അതിലെ പുസ്തകപാരായണവും ഒരു ആവേശമായിരുന്നു. അവരുടെ സ്കൂളിലെ ഹെഡ്മിസ്ട്രസ്സും അവിവാഹിതയും, പ്രേഷിത പ്രവർത്തനത്തിൽ താത്പരയുമായ ഒരാന്റി വീട്ടിലുണ്ടായിരുന്നത് ആ ബാലന്റെ സാമൂഹ്യപ്രവർത്തനവും ആത്മീയതയും അച്ചടക്കവുമുള്ള സമ്പൂർണ വളർച്ചയ്ക്ക് വളരെധികം സഹായിച്ചു. ആറ് ഏഴ് ക്ലാസ്സിലൊക്കെ ആയിരുന്നപ്പോൾതന്നെ പള്ളിയിലെ ക്വയറിന്റെ ചാർജ് അദ്ദേഹത്തിനായിരുന്നു. കുട്ടികളെ ഒന്നിച്ചുകൊണ്ടുവന്ന് പാട്ടുപഠിപ്പിച്ച് കുർബാനയ്ക്ക് പാടുക, മറ്റുള്ളവരെ പാട്ടുകൾക്ക് ഒരുക്കുക ഇതൊക്കെ അക്കാലത്തും അദ്ദേഹത്തിന്റെ നിത്യജീവിതത്തിന്റെ ഒരു ഭാഗമായിരുന്നു. പത്താം ക്ലാസ്സ് കഴിഞ്ഞ് പ്രീഡിഗ്രി ആകുമ്പോൾതന്നെ അദ്ദേഹം AICUF ന്റെ ഭാഗമായി. അങ്ങനെ യുവജനപ്രവർത്തനവും നേതൃത്വവും അദ്ദേഹത്തിന്റെ വഴികളിലേയ്ക്ക് തനിയെ വന്നു. "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2, 52). അക്ഷരാർഥത്തിൽ വീട്ടിലുള്ളവരും കൂട്ടുകാരും നാട്ടുകാരും അകമഴിഞ്ഞു വിശ്വസിക്കുന്ന മൂല്യബോധമുള്ളവനായാണ് ബാല്യവും കൗമാരവും കടന്ന് അദ്ദേഹം യൗവനത്തിലേയ്ക്ക് കടന്നത്. ബോധപൂർവമായ ക്രിസ്തു അന്വേഷണത്തിന്റെ പടിപടിയായ യാത്രയെക്കുറിച്ചു അദ്ദേഹം പറയുമ്പോൾ നമുക്കും ഒരു ഓർമപ്പെടുത്തലായി തോന്നിപ്പോകും

## പ്രക്ഷുബ്ധമായ യൗവ്വനം

"അവർ അവനെ ദേവാലയത്തിൽ കണ്ടെത്തി. അവൻ ഉപാധ്യായന്മാരുടെ ഇടയിലിരുന്ന്, അവർ പറയുന്നതു കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു" (ലൂക്ക 2, 46). കൗമാരത്തിലും യൗവനാരംഭത്തിലും ബൗദ്ധികമായും വിശ്വാസപരമായുമുണ്ടായ ആത്മസംഘർഷങ്ങളേക്കുറിച്ച് അദ്ദേഹം പറയുന്നത് കേൾക്കുമ്പോൾ നമ്മളിൽ പലരും ചിന്തിച്ചതും ഇതുതന്നെയല്ലേ എന്ന് തോന്നും. കാലഘട്ടഭേദമന്യേ സമപ്രായക്കാർക്കുണ്ടായിരുന്ന ചിന്തകൾ ഒന്നുതന്നെയെന്ന് എഡ്ഡി ചേട്ടന്റെ അനുഭവം നമുക്ക് പറഞ്ഞു തരുന്നു. നമ്മൾ തെരഞ്ഞെടുക്കുന്ന ബന്ധങ്ങളും മാർഗദർശനങ്ങളും നമ്മെ എങ്ങനെ സ്വാധീനിക്കുമെന്ന് നോക്കൂ:

"ഏതൊരു കൗമാരക്കാരനെയും പോലെ പ്രീഡിഗ്രി പഠിക്കുന്ന സമയം എനിക്കും വളരെ അസ്വസ്ഥമായ ഒരു കാലഘട്ടമായിരുന്നു. വിശ്വാസത്തിന്റെ കാര്യത്തിലൊക്കെ വളരെയേറെ സംശയങ്ങളും ചോദ്യങ്ങളും എതിർപ്പുകളും മനസ്സിൽ നിറയുമായിരുന്നു. ആ സമയത്തു ഒരു ഇടതുപക്ഷ പ്രത്യയശാസ്ത്രത്തിൽ പറയുന്ന പാവങ്ങളോടുള്ള പ്രതിബദ്ധതയും എന്റെ ശ്രദ്ധയിൽ പെട്ടിരുന്നു. എന്നാൽ, ഞാനേറെ സ്നേഹിച്ച സഭ അതിഭക്തിയിലും മറ്റുകുറേ പ്രവർത്തനങ്ങളും പിന്തുടരുന്നത് എന്നെ വേദനിപ്പിച്ചു. ബൈബിളിൽ പറയുന്ന യേശുവിന്റെ പഠനങ്ങളുമായിട്ട് സഭ എങ്ങനെ ബന്ധിതമാകുന്നു എന്നൊക്കെയുള്ള വളരെ രൂഢമായ ഒരു ചിന്ത എന്നെ അക്കാലത്തു അലട്ടി. പ്രാർഥനപോലും എന്തിനെന്നു ചിന്തിച്ചുപോയ ആ സമയത്തു എന്റെ ഇടവകയിൽ ഉണ്ടായിരുന്ന തിയോളജിക്ക് പഠിക്കുന്ന ഒരു ബ്രദർഎനിക്ക് മംഗലപ്പുഴ സെമിനാരിയുടെ റെക്ടർ ഫാദർ ഡൊമിനിക് ഫെർണാണ്ടസ് ഒ.സ.ിഡിയെ പരിചയപ്പെടുത്തി. വളരെ പണ്ഡിതനായ ആ സ്പാനിഷ് അച്ചൻ മൂന്ന് പി.എച്ച്.ഡി ഒക്കെയുള്ള, ധാരാളം പുസ്തകങ്ങൾ എഴുതിയിട്ടുള്ള വളരെ പ്രശസ്തനായ ഒരാളാണെങ്കിലും, അന്നത്തെ പക്വതക്കുറവും പ്രായകുറവുമുള്ള എന്നെ അദ്ദേഹം ശാന്തമായി കേൾക്കുമായിരുന്നു. അദ്ദേഹം പറഞ്ഞു, അമേരിക്കയിലും മറ്റു ചില രാജ്യങ്ങളിലുമൊക്കെ യുവജനങ്ങൾക്ക് ധാരാളം അവ്യക്തതകളും ചോദ്യങ്ങളും ഉണ്ടാകുമ്പോൾ മാറ്റത്തിന് സഹായിക്കുന്ന ഒന്നാണ് കാരിസ്മാറ്റിക് നവീകരണം എന്ന പ്രസ്ഥാനം. അന്ന് കേരളത്തിൽ നവീകരണ പ്രവർത്തനങ്ങൾ പ്രാബല്യത്തിലില്ല. അതുകൊണ്ട് അദ്ദേഹം എനിക്ക് ഒരു പുസ്തകം വായിക്കാൻ തന്നു. ഫാദർ ഫിയോയെയും, ഫാദർ റൂഫസിനെയും പോലുള്ള

പലരും എഴുതിയ ലേഖനങ്ങൾ എഡിറ്റ് ചെയ്ത 'സ്റ്റാൻഡിങ് ഓൺ ദി പ്രോമിസസ് ഓഫ് ക്രൈസ്റ്റ്' എന്ന ആ പുസ്തകത്തിൽ, കരിസ്മാറ്റിക് നവീകരണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചു വ്യക്തമാക്കുന്ന ലേഖന സമാഹാരമായിരുന്നു. ബൈബിളൊക്കെ കാര്യമായി വായിക്കുമായിരുന്നെങ്കിലും നവീകരണത്തിൽ വന്നു കഴിഞ്ഞപ്പോഴുള്ള പുതിയ ചിന്തകൾ എനിക്കാശ്വാസമേകി. ദൈവാത്മാവിന്റെ പ്രവർത്തനമാണ് ഈ ചലനങ്ങൾ ഉണ്ടാക്കുന്നതെന്നും സഭയുടെ പ്രവർത്തനത്തിന്റെ കേന്ദ്രഭാഗം എന്ന് പറയുന്നത് ദൈവത്തിന്റെ ഒരു പദ്ധതിയും ദൈവാത്മാവിന്റെ പ്രവർത്തനവുമാണെന്നുമുള്ള തിരിച്ചറിവ് പുതിയൊരു ദിശയിലേക്ക് എന്നെ നയിച്ചു. തിയററ്റിക്കൽ ആയിട്ടുള്ള പാവങ്ങളോടുള്ള പ്രതിബദ്ധതയും യേശു കൊണ്ടുവന്ന ദൈവരാജ്യം ഒരു അബ്സ്ട്രാക്ട് ഐഡിയ അല്ലായെന്ന വ്യക്തതയും എന്റെ കണ്ണ് തെളിയിച്ചു. അങ്ങനെ ദൈവരാജ്യ പ്രവർത്തനം പുതിയൊരു ചിന്തയും ബൈബിൾ വായന അതിനാനുപാതികമായ രീതിയിലേയ്ക്കുമായി".

## നവീകരണത്തിന്റെ പാതയിൽ

"കോളേജ് കുട്ടികളുടെ തോപ്പുംപടിയിലുള്ള ടി.സി.എസ്.എ എന്ന AICUFഎന്റെ ഒരു ലോക്കൽ ഗ്രൂപ്പിൽ ഞങ്ങൾ വളരെ ആക്ടീവാണ്. ധാരാളം പ്രവർത്തനങ്ങളും ലീഡർഷിപ്പ് ട്രെയിനിംഗുകളും ഉണ്ട്. ഞാൻ അതിന്റെ സ്പിരിച്ചാലിറ്റി എന്ന ഒരു കമ്മിറ്റിയുടെ ഹെഡ് ആയിരുന്നു. ജീസസ് യൂത്തിനെ ഏറെ സഹായിച്ച, മരിച്ചുപോയ സിസ്റ്റർ ത്രേസിയാമ്മ ഫിലിപ്പ് ഞങ്ങളുടെ ആ ഗ്രൂപ്പിൽ ഉണ്ടായിരുന്നു. സിസ്റ്റർ അന്ന് ഫോർമേഷനിലാണ്. ഫ്രാൻസിസ്കൻ അച്ചന്മാരുടെ നേതൃത്വത്തിൽ ഞങ്ങൾ വളരെ ഒരു വൈബ്രന്റ് യൂത്ത് ഗ്രൂപ്പായിരുന്നു. പാവങ്ങളെ സഹായിക്കാനായിട്ട് ഞങ്ങൾ ഫിഷർമാൻ കോളനികളിൽ പോവുകയും തീരദേശങ്ങളിൽ പോയി പ്രവർത്തിക്കുകയും അങ്ങനെ പറ്റുന്നത്ര സത്പ്രവർത്തനങ്ങളൊക്കെ തുടങ്ങി കഴിഞ്ഞിരുന്നു. ഫാദർ ഡൊമിനിക് തന്നെയാണ് എറണാകുളത്തെ സെന്റ് തെരേസാസ് കോളേജിൽ വച്ച് ബോംബയിൽ നിന്നുള്ള അച്ചന്മാർ നയിക്കുന്ന നാലു ദിവസത്തെ ഒരു സെമിനാറിൽ പങ്കെടുക്കാൻ ടി.സി.എസ്.എ. അംഗങ്ങൾക്ക് അവസരമൊരുക്കിയത്. അതിന്റെ തലേയാഴ്ച ആലിസ് കുട്ടിയും തുരുത്തിമറ്റം അച്ചനും കോഴിക്കോട് ക്രൈസ്റ്റ് ഹാളിൽവച്ച് നടന്ന സെമിനാറിൽ പങ്കെടുത്തിരുന്നു. ഈ സെമിനാറിലെ മുഖ്യ പ്രഭാഷകർ ഫാദർ ഫിയോ, ഫാദർ റൂഫസ്, ഫാദർ മാർസലീനോ എന്നിവരായിരുന്നുവെന്നതാണ് പ്രധാന ആകർഷണം. രണ്ട് ബിഷപ്പുമാരും അച്ചന്മാരും സിസ്റ്റേഴ്സും അത്മായരും മറ്റും പങ്കെടുക്കാൻ ഉണ്ടായിരുന്നു. രസകരമായ ഒരു കാര്യം എന്റെ കസിൻ, സ്റ്റെഫനിയും ആലിസ് കുട്ടി പറഞ്ഞറിഞ്ഞ് ഈ സെമിനാറിന് വന്നിരുന്നു. അങ്ങനെ സ്റ്റെഫാനിയിലൂടെ ആലീസുകുട്ടിയെ കണ്ടുമുട്ടി. ആദ്യമായി കരിസ്മാറ്റിക് നവീകരണം എന്താണെന്നൊക്കെ നേരിട്ടറിഞ്ഞു. തുടർന്ന് അവിടെ ഒരു പ്രയർ ഗ്രൂപ്പ് തുടങ്ങാനും ഇടവന്നു. ഏതായാലും നവീകരണ അനുഭവത്തിലേക്ക് വന്നതിന്റെ ഒരു ഇംപാക്ട് അത് വലുതായിരുന്നു. ധ്യാനം എന്നൊരു രീതിയേ അന്നുണ്ടായിരുന്നില്ല. സെമിനാറുകളുണ്ട്, വർക്ക്ഷോപ്പുകളുണ്ട്. അങ്ങനെയൊക്കെയാണ് ഞങ്ങൾ പറഞ്ഞിരുന്നത്. ധ്യാനവും ധ്യാന സെന്ററുകളും ഒക്കെ പിന്നീട് വന്ന ഒരാശയമാണ്. ഞാൻ നവീകരണത്തിലേക്ക് വന്നു അല്ലെങ്കിൽ കരിസ്മാറ്റിക് നവീകരണവുമായി ബന്ധപ്പെടുക എന്നൊക്കെ പറയുന്നതായിരുന്നു ഒരാവേശം."

## പ്രാർഥനയും കൂട്ടായ്മയും

നവീകരണം കാര്യമായി പടരാൻ തുടങ്ങിയത് കോളേജുകളിലായിരുന്നു. കാരണം നമുക്ക് ധാരാളം കാത്തലിക് കോളേജുകൾ അവിടെയുണ്ടായിരുന്നല്ലോ. ഫാദർ മാർസെലിനും ഡൊമിനിക്കും ഒക്കെ മറ്റു പലരെയും പോലെ ശ്രദ്ധിക്കാൻ തുടങ്ങിയത് കോളേജുകളിൽ തന്നെയായിരുന്നു. അവരെക്കെ പ്രോഗ്രാമിൽ പാടുന്നതിനും അനുഭവം പങ്കുവയ്ക്കുന്നതിനുംവേണ്ടി എന്നെയും വിളിക്കുമായിരുന്നു.

ഞങ്ങളുടെ ടി.സി.എസ്.എ എന്ന AICUF ഉടൻ തന്നെ ഫാദർ മാർസലീനോയുടെ അഭിപ്രായം സ്വീകരിച്ചു ഒരു പ്രയർ ഗ്രൂപ്പ് തുടങ്ങി. അങ്ങനെ പിറ്റേ ആഴ്ച മുതൽ 'ആളുകൾ നവീകരണത്തിലേക്ക് വരിക' എന്നൊരു ചിന്തയോടെ ഏഴാഴ്ചത്തെ 'ലൈഫ് ഇൻ ദ സ്പിരിറ്റ്' എന്ന സെമിനാർ ആരംഭിച്ചു.

ആലുവാ യുസി കോളേജിൽ ബിഎ സൈക്കോളജി പഠിക്കാനായിട്ട് ഞാൻ ചേർന്നു. മംഗലപ്പുഴ സെമിനാരിയുടെ തൊട്ടടുത്താണ് കോളേജ്. എന്നെ ഈ നവീകരണത്തിലേക്ക് കൊണ്ടുവന്ന ഫാദർ ഡൊമിനിക്ക് അവിടെയുണ്ടായിരുന്നു. അദ്ദേഹം ഞങ്ങളുടെ കോളേജിന്റെ AICUF ന്റെ ഡയറക്ടർ കൂടെ ആയിരുന്നു. അദ്ദേഹം അവിടന്നുള്ള സെമിനാരിയൻസിനെയൊക്കെ ആയിട്ട് അവിടെ വരും. അവർ കുറച്ച് വത്തിക്കാൻ കൗൺസിലിന്റെ പുതുമയൊക്കെ ഉൾക്കൊണ്ട് വന്നു ഗ്രൂപ്പ്മാസ് ഒക്കെ മനോഹരമാക്കും. ഞാൻ അതിലൊക്കെ പങ്കെടുക്കാനായിട്ട് തുടങ്ങി. ഏറെ താമസിയാതെ തന്നെ ഈ ആലുവ എറണാകുളം ഭാഗത്തുനിന്നുള്ള കോളേജ് വിദ്യാർഥികൾക്കുവേണ്ടിയിട്ട് AICUF തന്നെ ഒരു നവീകരണ സെമിനാർ സംഘടിപ്പിച്ചു. സ്പിരിച്വൽ റിന്യൂവൽ എന്ന്



*ലേഖിക ഡോ. ജിൻസി മാത്യുവിനൊപ്പം ഡോ. എഡ്വേർഡ് എടേഴത്ത്*

പേരിട്ട ആ സെമിനാറിൽ ധാരാളം വിദ്യാർഥികൾ വന്നു. വളരെ പെട്ടെന്നുതന്നെ പ്രയർ ഗ്രൂപ്പും കോളേജ് സ്റ്റുഡൻസിനായിട്ട് നിരവധി പരിപാടികളും സംഘടിപ്പിച്ചു. ഞാൻ അവിടെയും സജീവമാകാൻ തുടങ്ങി.

## വളർച്ചയുടെ ഘട്ടം

കരിസ്മാറ്റിക് നവീകരണത്തിൽ വന്നതുകൊണ്ട് ബൈബിൾ കാര്യമായി പഠിക്കാനും വായിക്കാനും തുടങ്ങി. കൂട്ടായ്മകളിലെ പുതിയ പ്രാർഥനാ രീതികളും ഭാഷാവരത്തിൽ പാടുകയും പ്രാർഥിക്കുകയും ചെയ്യുക എന്നൊതൊക്കെ വളരെ ഉൾക്കാഴ്ചയോടെ നയിക്കാൻ ആ ശീലങ്ങൾ എന്നെ സഹായിച്ചു. കൃത്യമായും പക്വമായും വരദാനങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള നല്ല പരിശീലനവും ഓറിയന്റേഷനും ഞങ്ങൾക്ക് കാര്യമായി കിട്ടിയിരുന്നു. അങ്ങനെ നവീകരണം ഒരു പുതിയ ആധ്യാത്മികതയും വലിയൊരു കൂട്ടായ്മയുടെ ഒരു ശൈലിയും എനിക്ക് നൽകി. സുവിശേഷ പ്രവർത്തനത്തിനും മിഷനും വേണ്ടിയുള്ള നൂതന രീതികകളിലേക്ക് ചിന്തകൾ നയിക്കപ്പെട്ടു. നല്ലൊരു യുവജന പ്രവർത്തനത്തിനുള്ള ഒരു അടിത്തറ ഉണ്ടാക്കിക്കൊണ്ടാണ് കരിസ്മാറ്റിക് നവീകരണത്തിലുള്ള കടന്നുവരവ്. ക്ലാസ്സിൽ പോകുമ്പോൾ ബൈബിളുമായിട്ട് പോകുന്നത് എനിക്ക് ശീലമായിരുന്നു. ഞാനീ ഗ്രൂപ്പും നവീകരണവും ബൈബിളുമായി നടക്കുന്നത് കാണുമ്പോൾ അവരൊക്കെ കളിയാക്കുമായിരുന്നു. പക്ഷേ, എനിക്ക് അതൊന്നും വലിയ പ്രശ്നമായിരുന്നില്ല. എല്ലാ കാര്യങ്ങളിലും ആവശ്യമുള്ളപ്പോൾ സംസാരിക്കാനായിട്ടും ചിന്തകൾ പങ്കുവയ്ക്കാനായിട്ടും ആലിസ് കുട്ടിയും (പ്രൊഫസർ സി.സി. ആലീസ് കുട്ടി) എന്റെ കൂട്ടത്തിൽ ഉണ്ടാകുമായിരുന്നു. ആ ഒരു യാത്ര എന്നെ വളരെയധികം സഹായിച്ചു.

1976 ഓണം വെക്കേഷന് സെയിന്റ് പോൾസ് കോളേജിൽ ഹോസ്റ്റലിൽ (ഇന്ന് ഇന്റർനാഷണൽ സ്കൂൾ) വച്ച് കോളേജ് സ്റ്റുഡൻസിനെ മുന്നിൽ കണ്ടുകൊണ്ട് മാർസെലിനോ അച്ചൻ നയിക്കുന്ന ഒരു സെമിനാർ സംഘടിപ്പിച്ചു. അദ്ദേഹത്തെ സഹായിക്കാനായിട്ട് ഞാനും കൂട്ടത്തിൽ ഉണ്ടായിരുന്നു, അത് വളർച്ചയുടെ ഒരു നല്ല തുടക്കമായിരുന്നു. അന്നത്തെ കാലത്തെ ആദ്യത്തെ ഒരു കോളേജ് സ്റ്റുഡൻസ് റിട്രീറ്റ്! അവിടെവച്ചാണ് ഞാൻ ജോസഫ് മനക്കിലച്ചനെ പരിചയപ്പെടുന്നത്. മനക്കിലച്ചൻ അന്നുതന്നെ ധാരാളം മലയാളം ഭക്തിഗാനങ്ങളും പള്ളിയിലെ തിരുക്കർമഗാനങ്ങളും എഴുതുന്ന കൂട്ടത്തിലാണ്. അദ്ദേഹം ആദ്യമായിട്ടാണ് ഈ കരിസ്മാറ്റിക് നവീകരണത്തെ പരിചയപ്പെടുന്നത്. അന്ന് ഇംഗ്ലീഷ് പാട്ടുകളെല്ലാം പഠിപ്പിക്കുന്നത് ഞാനാണ്. അങ്ങനെ പാട്ട് പഠിപ്പിക്കുകയും, മറ്റു ഷെയറിംഗ്സ് ഒക്കെ നടത്തുകയും ചെയ്തു ഞാൻ ടീമിന്റെ കൂടെ ഉണ്ടാകും. മനക്കിലച്ചന്റെ പ്രേരണയാൽ ലൊയോളയിലേക്ക് താമസമായി. ആ സമയത്ത് ആലീസ് കുട്ടിയൊക്കെ മുൻകൈ എടുത്തു, മാർസെലിനോ അച്ചനും ഡൊമിനിക് അച്ചനുമൊക്കെ  കോഴിക്കോടുവച്ച്  AICUFന് വേണ്ടി രണ്ട് വലിയ റിട്രീറ്റ്സ് നടന്നു. അവരെ സഹായിക്കാൻ വേണ്ടിയും ഞാൻ കൂടെ പോയി.

പിന്നീട് അവിടെ അമേരിക്കയിലെ കരിസ്മാറ്റിക് നവീകരണത്തെക്കുറിച്ച് ഡിഗ്രിയൊക്കെ എടുത്ത ഫാദർ ജോസ് കിഴക്കേടം വന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിനു കരിസ്മാറ്റിക് നവീകരണത്തെക്കുറിച്ചുള്ള വലിയൊരു ബുക്ക് കളക്ഷൻ ഉണ്ടായിരുന്നു. ഞങ്ങൾ മൂന്നുപേര് അപ്പോൾ  അവിടെയുണ്ട്; പോളച്ചൻ, കിഴക്കേടം അച്ചൻ, ഞാനും. നവീകരണത്തിന്റെ ഏറ്റവും സജീവമായ സ്ഥലങ്ങളിൽ എനിക്ക് ആകാനായത് ദൈവത്തിന്റെ ഒരു പദ്ധതിയായിരുന്നു. പിന്നീട് ലൊയോളയായി കരിസ്മാറ്റിക് നവീകരണത്തിന്റെ കേന്ദ്രം. അവിടെവച്ച് പല ട്രെയിനിംഗ്സ് നടന്നു. നല്ലൊരു രൂപീകരണം കിട്ടാനായിട്ടും വളരെ പക്വതയും വളർച്ചയുമുള്ള ധാരാളം നല്ല വൈദികരും സിസ്റ്റേഴ്സും അൽമായരുമൊക്കെയായിട്ട് ബന്ധപ്പെടാനായിട്ടുമൊക്കെ ഈ അവസരങ്ങൾ ദൈവം എനിക്കായി ഒരുക്കി തന്നു. സജീവമായി ഞാനും ആലീസ് കുട്ടിയുമൊക്കെ അന്നുമുതൽ ഏതാണ്ട് എല്ലാ കാര്യങ്ങൾക്കും ഒന്നിച്ചുണ്ടാകും. പള്ളിയച്ചന്റെ (ഫാ. അബ്രഹാം പള്ളിവാതുക്കൽ) പൂർണ പിന്തുണകിട്ടി. പല ട്രെയിനിംഗുകളും അവിടെവച്ച് ആരംഭിച്ചു. ഇതെല്ലം എന്റെ മിഷണറി യാത്രയെ ഏറെ സ്വാധീനിച്ച കാര്യങ്ങളായിരുന്നു.

## എഡ്ഡിച്ചേട്ടൻ എന്ന ഇതിഹാസം

നാളിതുവരെ കേരള കാരിസ്മാറ്റിക് നവീകരണ മേഖലയിലും ജീസസ് യൂത്ത് മൂവ്മെന്റിലും എഡ്ഡിച്ചേട്ടൻ ചുക്കാൻ പിടിച്ച കൺവെൻഷനുകൾ, കോൺഫറൻസുകൾ ട്രെയിനിങ്ങുകൾ പ്രോഗ്രാമുകൾ എന്നുവേണ്ട കണക്കില്ലാത്ത സംഭവങ്ങൾ അദ്ദേഹത്തിന്റെ സംഭവനയായുണ്ട്. എന്നാൽ, ഒരിക്കൽ കെ.എസ്.ടി.യുടെ കൺവീനർ എന്ന സ്ഥാനം ഒഴികെ മറ്റൊന്നിലും നേതൃത്വനിരയിൽ ഔദ്യോഗിക പദവിയിൽ അദ്ദേഹത്തെ കാണില്ല. അതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. എല്ലാം ഒരുക്കിവച്ചു ആൾക്കൂട്ടത്തിനിടയിലേയ്ക്ക് ഒരു സാധാരണക്കാരനായി അലിയും. അദ്ദേഹം നടത്തിയിരിക്കുന്ന പഠനങ്ങൾ, റിസേർച്ചുകൾ, എഴുതിയ ആർട്ടിക്കിളുകൾ, ബ്ലോഗുകൾ, മറ്റു ധാരാളം സാമൂഹ്യ പ്രവർത്തനങ്ങൾ ഇവയെല്ലാം ഈ ബഹുമുഖപ്രതിഭയുടെ ചില പൊൻതൂവലുകളാണ്. എഡ്ഡിച്ചേട്ടനെ വിസ്മരിച്ചുകൊണ്ട് ജീസസ് യൂത്ത് ചരിത്രമില്ല. വിശ്രമമില്ലാതെ ഓടിനടന്ന്, ലോകം മുഴുവൻ ഈശോയെ കൊടുക്കുന്ന ഈ നിസ്വാർഥസ്നേഹത്തിനു പിന്നിൽ മറ്റൊരു രഹസ്യമുള്ളത് അദ്ദേഹത്തിന്റെ പ്രിയതമ ഓഡ്രിചേച്ചിയുടെ നിസ്സീമമായ പിന്തുണയാണ്. ഒൻപത് സഹോദരങ്ങളിൽ അദ്ദേഹം നാലാമനാണ്. അദ്ദേഹത്തിന് മൂന്നുമക്കളും കൊച്ചുമക്കളുമുണ്ട്. കുമ്പളങ്ങിയിലെ വീട്ടിൽ നിന്ന് തത്കാലം ഒന്ന് മാറി, അമേരിക്കലാണ് എല്ലാവരും കുറച്ചു വർഷങ്ങളായുള്ളത്. എന്നാലും ഒരു വിളിക്ക് അപ്പുറത്തു എഡ്ഡിച്ചേട്ടൻ നമുക്ക് സമീപസ്ഥനാണ്.

***ലേഖിക ഡോ. ജിൻസി മാത്യു, കൊച്ചിയിൽ പാലാരിവട്ടത്തുള്ള 'റെയ്നിങ് ട്രീസ്" കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയുടെ സ്ഥാപകയും കൺസൾട്ടന്റ് സൈക്കോളജിസ്റ്റുമാണ്. ഭർത്താവ് സനീഷ് എബ്രാഹം; മകൻ അൽഫോൻസ്. താമസം പാലാരിവട്ടത്ത്.***

# 'സ്പെഷ്യൽ ഓഫർ'

വിശ്വാസവും ദൈവഭയവുമുള്ള ഒരു കുടുംബത്തിൽ വളർന്നതുകൊണ്ട് എന്റെ ചെറുപ്പത്തിൽ വിശുദ്ധ കുർബാനയിലും കുടുംബ പ്രാർഥനയിലും ഊന്നിയുള്ള ഒരു ജീവിതമായിരുന്നു. അങ്ങനെ പത്താം ക്ലാസ്സിൽ പഠിക്കുന്ന സമയത്ത് കാസർഗോഡ് സോൺ നടത്തിയ ഒരു എസ്.എസ്.എൽ.സി. പ്രോഗ്രാമിലൂടെയാണ് ഞാൻ ജീസസ്‌യൂത്തിലേക്ക് കടന്നുവരുന്നത്. സുഖസൗകര്യങ്ങളിൽ മാത്രമല്ല, കഷ്ടപ്പാടുകളിലും ബുദ്ധിമുട്ടുകളിലും ഈശോയ്ക്കുവേണ്ടി ശക്തമായി നിലകൊള്ളാനാവുമെന്ന് ജീവിച്ചുകാണിച്ചുതന്ന കാസർഗോഡ് സോണിലെ കുറേയേറെ ചേട്ടന്മാരും ചേച്ചിമാരുമായിരുന്നു എന്നെ ജീസസ് യൂത്തിലേക്ക് ആകർഷിച്ചത്. ഈയൊരു ലേഖനം എഴുതാൻ എന്നെ പ്രാപ്തയാക്കിയതും ഞാനൊരു ഫുൾടൈമറാകാൻ കാരണമായതും അവരുടെ നിസ്വാർഥമായ സ്നേഹവും കരുതലും പ്രോത്സാഹനവും അതിലുപരി തമ്പുരാന്റെ വിളിയും ലഭിച്ചത് കൊണ്ടാണ്.

> കാട്ടിലുള്ള കായ്കളും പച്ചിലകളും, വിട്ടിലുപോലുള്ള ജീവികളടക്കം എല്ലാത്തിനെയും വെറുതെ വെള്ളത്തിൽ പുഴുങ്ങി കഴിക്കുന്നു.

ഡിപ്ലോമയ്ക്ക് പഠിക്കുന്ന സമയത്താണ് ഫുൾടൈമർഷിപ്പിനെക്കുറിച്ച് കൂടുതലറിയാൻ ഇടയായത്. ഈശോയ്ക്കുവേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യാനുള്ള തീക്ഷ്ണതയും സോണിലുള്ളവരുടെ പ്രോത്സാഹനവും എന്നെ ഫുൾടൈമർഷിപ്പിലേക്ക് നയിച്ചു. വിളിച്ചവൻ വിശ്വസ്തനായതുകൊണ്ട് എല്ലാ കാര്യങ്ങളും തമ്പുരാൻ കൃത്യമായി ക്രമീകരിച്ചിരുന്നു. എന്റെ എല്ലാ നന്മകൾക്കും എന്റെ കൂടെ കട്ടയ്ക്ക് നിൽക്കുന്ന എന്റെ മാതാപിതാക്കളും സഹോദരങ്ങളും എനിക്ക് സമ്മതംതന്നു. ഞങ്ങളുടെ ഫുൾടൈമർഷിപ്പ് ട്രെയിനിങ്ങിന്റെ ആനിമേറ്റർ ആയിരുന്ന ജോർജ് മുടക്കംപുറം അച്ചൻ പിതൃതുല്യമായ സ്നേഹത്തോടൊപ്പം ഫുൾടൈമർഷിപ്പിനെ കുറിച്ചുള്ള വിവരങ്ങളും പകർന്നുതന്നിരുന്നു.

52 പേരുള്ള ഞങ്ങളുടെ 2K ബാച്ചിന്റെ ട്രെയിനിങ് വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ഞാനെന്റെ കമ്മിറ്റ്മെന്റ് സ്ഥലമായ മണിപ്പൂരിലെ മറാം ഖുള്ളൻ എന്ന ഗ്രാമത്തിലേക്ക് യാത്രയായി. അന്ന് എന്റെ സോണിൽ നിന്നും അവർ പ്രാർഥിച്ച് എനിക്കുതന്ന ഒരു വചനം ഞാൻ ഓർക്കുകയാണ്. "എന്റെ നാമത്തെ പ്രതി ഭവനത്തെയോ സഹോദരന്മാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും. അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും" (മത്താ 19, 29). മണിപ്പൂരിലെ ഒരു മലയോര ഗോത്ര ഗ്രാമമായ മറാം ഖുള്ളനിലെ പ്രൈമറി സ്കൂളിലെ ഒരു കൊച്ചു ക്ലാസ്സ് മുറിയിൽ ചേർത്തല സോണിൽ നിന്നുള്ള ജിതയും ഞാനും എത്തിച്ചേർന്നു. പിന്നീടുള്ള എട്ടു മാസവും അവിടെയായിരുന്നു ഞങ്ങളുടെ താമസം. അവിടത്തെ മഞ്ഞും തണുപ്പും പിന്നെ കുറേ ഗോത്ര മനുഷ്യരും. അവർക്ക് ഗോത്രഭാഷയല്ലാതെ മറ്റൊരു ഭാഷയും അറിയില്ല. പുറം ലോകത്തെക്കുറിച്ച് വലിയ ധാരണയൊന്നുമില്ലാതെ അവർ തങ്ങളുടെ ഗ്രാമങ്ങളിൽ മാത്രം ഒതുങ്ങിക്കഴിയുന്നവരായിരുന്നു. മുളകിന്റെയോ മസാലയുടെയോ സാന്നിധ്യം ലവലേശം ഇല്ലാത്ത ഭക്ഷണവും ഞങ്ങളുടെ മറ്റൊരു വെല്ലുവിളിയായിരുന്നു. മലയാളവും മുറിയിംഗ്ലീഷും മാത്രം അറിയാവുന്ന ഞങ്ങൾക്ക് അവരുടെ വ്യത്യസ്തമായ സംസ്കാരവും ജീവിതരീതിയും കുടുംബ പശ്ചാത്തലങ്ങളും ഭക്ഷണശീലങ്ങളും എല്ലാം ഒരത്ഭുതമായിരുന്നു.



കാട്ടിലുള്ള കായ്കളും പച്ചിലകളും, വിട്ടിലുപോലുള്ള ജീവികളടക്കം എല്ലാത്തിനെയും വെറുതെ വെള്ളത്തിൽ പുഴുങ്ങി കഴിക്കുന്നു. ഇതെല്ലാംകൂടെ ആയപ്പോൾ, ഇറങ്ങിത്തിരിച്ച സമയത്തുണ്ടായിരുന്ന ആവേശത്തെ തെല്ലൊന്നു തളർത്തിയോ എന്നൊരു സംശയം. പക്ഷേ, ഭാഷകൾക്കതീതമായി ഈശോയുടെ സ്നേഹത്തിന്റെ ഭാഷയിലൂടെ ഞങ്ങൾ ആ ഗ്രാമത്തിന്റെ ഭാഗമായിത്തീർന്നു.


ഫുൾടൈമർഷിപ്പ് ദൈവപരിപാലനാനുഭവത്തിന്റെ ഒരു പൂക്കാലമാണ്. നമ്മൾ ചിന്തിക്കാത്ത വഴികളിലൂടെ, നമ്മൾ അറിയാത്ത വ്യക്തികളിലൂടെ, നമ്മൾ സ്വപ്നംപോലും കാണാത്ത രീതികളിലൂടെ ഈശോ കൈപിടിച്ചുനടത്തുന്ന അനുഭവം ഫുൾടൈമർഷിപ്പിന്റെ 'സ്പെഷ്യൽ ഓഫർ' ആണ്. ഇസ്രായേലിന്റെ തെരുവോരങ്ങളിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചു ജനശ്രദ്ധ നേടിയ ഈശോയെയും, കടലിന്റെയും കാറ്റിന്റെയും പ്രക്ഷുബ്ധതയിലും സുഖമായി കിടന്നുറങ്ങുന്ന ഈശോയെയും ഓശാനയുടെ ആരവങ്ങൾക്കിടയിൽ സൂപ്പർ ഹീറോയായി നടക്കുന്ന ഈശോയെയും പിന്നെ ഗത്സെമനിയിലെ കൂരിരുട്ടിൽ ഒറ്റപ്പെടുന്ന ഈശോയെയും ഞാൻ ആ കാലയളവിൽ അടുത്തറിഞ്ഞിട്ടുണ്ട്. ഞങ്ങളുടെ ഗ്രാമത്തിൽ നിന്നും ഏതാണ്ട് 5 കിലോമീറ്റർ ദൂരെ, താഴ്‌വാരത്തിലുള്ള മറാം സെന്ററിലെ ഡോൺബോസ്കോ വൈദികർ ഈശോയുടെ കരുതലിന്റെയും സ്നേഹത്തിന്റെയും മറ്റൊരു മുഖമായിരുന്നു ഞങ്ങൾക്ക്. അവിടെനിന്നും ബ്രദർ ജെയിംസ് ഒരപ്പാങ്കൽ ആയിരുന്നു ഞങ്ങൾക്ക് ആവശ്യമുള്ള ബുൾഗുറും പാൽപ്പൊടിയും തണുപ്പിനുള്ള വസ്ത്രങ്ങളും എത്തിച്ചു തന്നിരുന്നത്. വിശപ്പും തണുപ്പും ചിലപ്പോഴൊക്കെ ഒറ്റപ്പെടലും കടുത്ത വെല്ലുവിളിയായിരുന്ന അക്കാലത്തു ഒരു ദിവസം മണിപ്പൂരിലെ ഇംഫാൽ രൂപതയിൽ സേവനം ചെയ്തിരുന്ന ഞങ്ങുടെ ബാച്ചിലെ തന്നെ ഫുൾടൈമേഴ്സ് ആയിരുന്ന ലിൻസൺ, ബാബു, സ്മിത, സന്ധ്യ എന്നിവർ അവരുടെ അച്ചനുമൊത്തു ഒരു ജീപ്പ് നിറയെ ഭക്ഷണസാധനങ്ങളുമായി ഞങ്ങളെ കാണാൻ വന്നത് ഇന്നും നിറകണ്ണുകളോടെയെ എനിക്ക് ഓർക്കാൻ കഴിയാറുള്ളു.

ദൈവത്തിന്റെ സ്നേഹവും സാന്നിധ്യവും ഒഴുകിവരുന്നത് നമ്മൾ വ്യത്യസ്ത രീതികളിൽ അനുഭവിക്കാറുണ്ടല്ലോ. ആ നാളുകളിലെ എന്റെ വ്യക്തിപരമായ പ്രാഥനകളിൽ ഞാൻ ആ സ്നേഹത്തിന്റെ തലോടലും സാന്ത്വനവും വ്യക്തമായി അനുഭവിച്ചിട്ടുണ്ട്. പിന്നെ എനിക്ക് എടുത്തുപറയേണ്ട ഒരു കാര്യം ജിതയും ഞാനും തമ്മിലുള്ള ബന്ധമാണ്. ഞങ്ങളുടെ സൗഹൃദത്തെ ഈശോ സഹോദരസ്നേഹത്തിലേക്ക് ഉയർത്തി. ഞങ്ങൾ പിണങ്ങിയും ഇണങ്ങിയും വഴക്കുണ്ടാക്കിയും പരാതി പറഞ്ഞും സന്തോഷം പങ്കുവച്ചും പ്രതിസന്ധി ഘട്ടങ്ങളിൽ താങ്ങായി നിന്നും ഫുൾടൈമർഷിപ്പ് കാലം വളരെ മനോഹരമാക്കി. ഒരുമിച്ചുള്ള വിശുദ്ധഗ്രന്ഥപഠനവും പ്രാർഥനയും ഞങ്ങളെ യേശുസ്നേഹത്തിലും പരസ്പര സ്നേഹത്തിലും കൂടുതൽ വളർത്തി. രാത്രിയിൽ ഞങ്ങളൊരുമിച്ചു ഗ്രാമത്തിലെ വീടുകൾ സന്ദർശിച്ച് പ്രാർഥിക്കാറുണ്ടായിരുന്നു. ഈശോയെ പങ്കുവയ്ക്കുമ്പോഴാണ് നമ്മൾക്ക് യേശുവനുഭവങ്ങൾ ധാരാളം ലഭിക്കുന്നത്. രാത്രിയുടെ ഇരുട്ടിലും മഴയിലും തണുപ്പിലും നിശ്ശബ്ദമായ വഴികളിലും ഈശോ കൂടെനടന്നു ഞങ്ങളെ ചേർത്തുപിടിച്ചു.

ഫുൾടൈമർഷിപ്പിന് മുമ്പും സാധിക്കുന്ന എല്ലാ ദിവസവും കുർബാനയിൽ പങ്കെടുക്കുമായിരുന്നു. ഒന്ന് ഊതിയാൽ പറന്നുപോകുന്ന ഗോതമ്പ് അപ്പത്തിലിരിക്കുന്ന വിശുദ്ധ കുർബാനയുടെ ശക്തിയെക്കുറിച്ച് ജോർജ് നരിപ്പാറയച്ചൻ പ്രസംഗിക്കുന്നതൊക്കെ ഞൻ വളരെ ഹൃദ്യമായി ശ്രവിച്ചിരുന്നു, അപ്പോഴൊന്നും വിശുദ്ധ കുർബാനയുടെ യഥാർഥ വിലയെന്തെന്ന് അത്ര ആഴത്തിൽ എനിക്ക് മനസ്സിലായിരുന്നില്ല. എന്നാൽ, ആ മലമുകളിലെ ഗ്രാമത്തിൽ നിന്നും നടന്നു മടുത്തു അവശരായി താഴെ മറാമിലെ ദേവാലയത്തിൽ ചെന്ന് വിശുദ്ധ കുർബാന സ്വീകരിച്ചപ്പോൾ എനിക്ക് മനസ്സിലായി ഈ പാറിപ്പോകുന്ന അപ്പം സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം തന്നെയാണെന്ന്. ഇത്ര അനുഭവങ്ങൾ തന്നിട്ടും തമ്പുരാനിൽ നിന്നും വഴുതി മാറിയ നിമിഷങ്ങൾ ഓർത്ത് അവിടത്തോട് മാപ്പ് ചോദിക്കുന്നു.

മറാം വികാരിയായിരുന്ന ഫാദർ ജോസഫ് എടക്കൂടന്റെ നിർദേശമനുസരിച്ച് ഗ്രാമത്തിലെ വിവാഹ കൂദാശ സ്വീകരിക്കാതെ ഒരുമിച്ചു കഴിയുന്ന ദമ്പതികളെ കൂദാശ സ്വീകരിക്കാൻ ഞങ്ങൾ പ്രോത്സാഹിപ്പിച്ചിരുന്നു. മറാം ഇടവക ദേവാലയത്തിൽ 20 ദമ്പതികൾ വിവാഹിതരായപ്പോൾ ഞങ്ങൾ അതിനു ഔദ്യോഗിക സാക്ഷികളായിനിന്നു. വല്ലപ്പോഴുമെങ്കിലും ഞങ്ങൾ താമസിച്ചിരുന്ന സ്കൂളിൽ പഠിപ്പിക്കാനും സാധിച്ചിരുന്നു. അവരുടെ ആഘോഷങ്ങളിലും ഭക്ഷണ രീതികളിലും പങ്കുചേർന്നും അവരുടെ ഭാഷ പഠിക്കാൻ ശ്രമിച്ചും ആ ഗ്രാമത്തിന്റെ ഭാഗമാകാൻ ഞങ്ങൾ ശ്രമിച്ചിരുന്നു.

ഫുൾടൈമർഷിപ്പ് എനിക്ക് നഷ്ടങ്ങളുടെയും നഷ്ടപ്പെടലുകളുടെയും കൂടെ കാലമാണ്. വീട്ടിൽ ഞങ്ങൾ നാലു മക്കളിൽ ഏറ്റവും ഇളയത് ഞാനായിരുന്നു. മാതാപിതാക്കളെയും സഹോദരങ്ങളെയും കാണാനാവാതെ ഇത്രയും ദൂരം മാസങ്ങളോളം മാറിനിന്നത് ആ പ്രായത്തിൽ എനിക്കന്ന് താങ്ങാനാവുന്നതിലും വലിയ നഷ്ടങ്ങൾ വരുത്തിയിരുന്നു. അക്കാലത്തു ഒരു കത്ത് കിട്ടാൻ പോലും ഒരു മാസത്തിലേറെ സമയമെടുത്തിരുന്നു. എന്റെ മൂത്ത ചേച്ചിയുടെ വിവാഹത്തോടനുബന്ധിച്ചുനടന്ന ആഘോഷങ്ങളായ ഒത്തുകല്യാണത്തിലും കല്യാണത്തിലും വീട്ടുകാരോടും ബന്ധുക്കളോടുമൊപ്പം എനിക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല. ചേച്ചിയുടെ കല്യാണം നേരത്തെ തീരുമാനിച്ചിരുന്നതുകൊണ്ടു അതിൽ പങ്കെടുക്കാൻ കഴിയില്ല എന്നറിഞ്ഞുകൊണ്ടുതന്നെയായിരുന്നു എന്റെ കമ്മിറ്റ്മെന്റ് സ്ഥലത്തേക്ക് ഞാൻ യാത്ര തിരിച്ചത്. ചേച്ചിയുടെ കല്യാണ ദിവസം നിർഭാഗ്യ



*മറാം ഖുള്ളൻ വില്ലേജിന്റെ ഒരു ദൂരക്കാഴ്ച*

വശാൽ ഭക്ഷണം ഇല്ലാതെ ഞങ്ങൾക്ക് പട്ടിണിയും ഇരിക്കേണ്ടി വന്നു. എന്റെ ചേട്ടായിയുടെ ആദ്യത്തെ കുഞ്ഞു ജനിക്കുന്നത് ഈ കാലത്തുതന്നെയാണ്. ഞങ്ങളുടെ വീട്ടിലെ ആദ്യത്തെ കുഞ്ഞായ അവന്റെ മാമോദീസായിലും എനിക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല. വീട്ടിലെ ഈ രണ്ടു ആഘോഷങ്ങളും അന്നത്തെ എന്റെ വലിയ സ്വപ്നങ്ങളായിരുന്നു. ഈശോയ്ക്കുവേണ്ടി ഒരു വർഷം മാറ്റിവച്ചപ്പോൾ എന്റെ ഈ സന്തോഷങ്ങളും കൂടി ഈശോയെപ്രതി ഞാൻ നഷ്ടമാക്കാൻ എനിക്കന്ന് ധൈര്യം കിട്ടി.

ഞങ്ങളുടെ കമ്മിറ്റ്മെന്റ് കാലം കഴിഞ്ഞു തിരിച്ചുപോരുന്ന ദിവസം ഞങ്ങളുടെ വണ്ടിയുടെ പിറകെ കരഞ്ഞുകൊണ്ട് നടന്നുവന്ന ആ ഗ്രാമവാസികളെ  ഇന്നും ഞാൻ ഓർക്കുന്നു. അതുമാത്രമല്ല, ഏതാണ്ട് 18 വർഷങ്ങൾക്കുശേഷം ഞാൻ വെല്ലൂർ VIT യൂണിവേഴ്സിറ്റിയിൽ പഠിപ്പിക്കുന്ന സമയത്ത്  മണിപ്പൂരിൽ നിന്നും ഒരു കുട്ടി പി.എച്ച്.ഡി ചെയ്യാൻ വന്നിരിക്കുന്നു എന്നറിഞ്ഞ് പരിചയപ്പെടാൻ ചെന്നു. ഞാൻ ഒരു വർഷം മറാമിൽ ഉണ്ടായിരുന്നു എന്ന് പറഞ്ഞപ്പോൾ സിസ്റ്റർ ജാസ്മിൻ അല്ലേ എന്ന് ആ കുട്ടി തിരിച്ചു ചോദിച്ചു. ഇത്ര വർഷങ്ങൾക്കുശേഷവും ഞങ്ങളുടെ പേരുകൾ  അവരുടെ മനസ്സിൽ ഉണ്ടായിരുന്നു എന്നത് എന്നെ അത്ഭുതപ്പെടുത്തി. ആ കുട്ടി ആ ഗ്രാമത്തിലെ സ്കൂളിൽ പഠിച്ചിരുന്നതാണ് .

> ഞങ്ങളുടെ രണ്ടുപേരുടെയും ജോലിയും പഠനവും മക്കളുടെ പഠനവും എല്ലാംകൂടി ഒരുമിച്ചു മുന്നോട്ടുകൊണ്ടുപോകാൻ പലപ്പോഴും നന്നായി ബുദ്ധിമുട്ടി.

എന്റെ ജീവിതത്തെക്കുറിച്ചു ഞാൻ കണ്ടിരുന്നതിനേക്കാൾ മനോഹരമായ സ്വപ്നങ്ങൾ ഈശോയ്ക്കുണ്ടായിരുന്നു. ഫുൾടൈമർഷിപ്പ് കഴിഞ്ഞു എട്ടാമത്തെ ബാച്ചിലെ നെവിൻ ചേട്ടായി പറഞ്ഞറിഞ്ഞാണ് ബിടെക് കമ്പ്യൂട്ടർ സയൻസ് പഠനത്തിനു പോകുന്നത്. അതിനുശേഷം ജോലി, വിവാഹം, കുട്ടികൾ അങ്ങനെ കാലങ്ങൾ നീങ്ങി. എന്റെ രണ്ടാമത്തെ കുഞ്ഞ് ജനിച്ചിട്ട് മൂന്നാം ദിവസം ആശുപത്രിയിൽനിന്നും നേരെ പോയത് കോഴിക്കോട് എൻ.ഐ.ടി.യിൽ എംടെക്കിന് അഡ്മിഷൻ എടുക്കാനാണ്. ഈ പഠനം വേണ്ടെന്നു വയ്ക്കണമെന്ന് ഞാൻ കരുതിയതാണ്. എന്നെക്കുറിച്ചുള്ള വലിയ പദ്ധതി മനസ്സിലുള്ള തമ്പുരാൻ മറ്റു പലരിലൂടെയും ഇടപെട്ട് അതിന് അനുവദിച്ചില്ല. രണ്ട് കൈക്കുഞ്ഞുങ്ങളുമായി രണ്ടുവർഷം നീണ്ട പഠനം എങ്ങനെ കടന്നുപോയി എന്ന് എനിക്കിന്നും അറിയില്ല. പക്ഷേ, എല്ലാം മനോഹരമായി തമ്പുരാൻ ക്രമീകരിച്ചു. ഈശോ തന്ന വിലമതിക്കാനാവാത്ത മറ്റൊരു അനുഗ്രഹമായ ഭർത്താവ് ലിജോയും ഞങ്ങളുടെ രണ്ടു വീട്ടിലെയും മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും. എന്റെ എല്ലാ ആഗ്രഹങ്ങൾക്കും വളർച്ചയ്ക്കും എന്നും എന്റെ കൂടെ നിൽക്കാറുള്ളതുപോലെ ഈ പഠനകാലത്തും എനിക്ക് താങ്ങായി നിന്നു. ഉയർന്ന ഫസ്റ്റ് ക്ലാസ്സോടുകൂടി 2013 മെയ്മാസം പഠനം പൂർത്തിയാക്കിയ എനിക്ക് ജൂൺ രണ്ടാം തീയതിതന്നെ വെല്ലൂരിലെ വി.ഐ.ടി. യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി കിട്ടി. നാലുവർഷം മുമ്പ് ലിജോയും ഞാനും ഒരുമിച്ചു പി.എച്ച്.ഡി.യും പൂർത്തിയാക്കി. ഞങ്ങളുടെ രണ്ടുപേരുടെയും ജോലിയും പഠനവും മക്കളുടെ പഠനവും എല്ലാം കൂടി ഒരുമിച്ചു മുന്നോട്ടു കൊണ്ടുപോകാൻ പലപ്പോഴും നന്നായി ബുദ്ധിമുട്ടി. പക്ഷേ, തമ്പുരാന്റെ കരങ്ങൾ എന്നും ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ തമ്പുരാൻ നടത്തിയ പരിപാലനയും



*പരമ്പരാഗത വസ്ത്രമണിഞ്ഞ മറാം നാഗ സ്ത്രീകൾ*

വളർത്തിയ വഴികളും ദാനമായി നൽകിയ ഉയർച്ചകളുമോർത്തു അത്ഭുതം തോന്നുന്നു.

നാലു കുഞ്ഞുങ്ങൾക്ക് ജന്മം നൽകാനും അവരെ കഴിയാവുന്ന വിധത്തിലെല്ലാം ഈശോയോട് ചേർത്തുനിറുത്തി വളർത്താനും കഴിഞ്ഞത് ജീസസ് യൂത്തിൽ നിന്ന് ലഭിച്ച ആധ്യാത്മിക ബോധ്യങ്ങളും പരിശീലനങ്ങളുംകൊണ്ട് മാത്രമാണ്. മൂന്നാമത്തെയും നാലാമത്തെയും കുഞ്ഞുങ്ങൾ ജനിക്കുന്നത് എന്റെ പി.എച്ച്.ഡി. പഠനകാലത്താണ്. മൂന്നാമത്തെ കുഞ്ഞു  ജനിച്ച ഉടനെയാണു ഞങ്ങളുടെ അപ്പച്ചൻ സ്വർഗഭാഗ്യത്തിനായി വിളിക്കപ്പെട്ടത്. നാലാമത്തെ കുഞ്ഞിനെ ഗർഭിണിയായിരിക്കുമ്പോൾ ഒരു വർഷം അവധിയെടുത്ത് നാട്ടിൽ വന്നുനിന്ന് ഒരു വീട് എന്ന സ്വപ്നവും സാക്ഷാത്കരിച്ചു. ഓരോ കുഞ്ഞിനെ ലഭിച്ചപ്പോഴും ഉത്തരവാദിത്വങ്ങളും ബുദ്ധിമുട്ടുകളും എനിക്ക് ഏറെയുണ്ടായിരുന്നു. പക്ഷേ, അതിന്റെയൊപ്പം എന്റെ വ്യക്തി ജീവിതത്തിനും കുടുംബജീവിതത്തിനും ആവശ്യമായ വലിയ അനുഗ്രഹങ്ങളും ഈശോ ഒളിപ്പിച്ചു വച്ചിരുന്നു. ഇത് സ്വർഗത്തിന്റെ ഒരു 'പാക്കേജ്' ആണ് എന്ന്  എന്റെ അനുഭവത്തിൽ നിന്നും എനിക്ക് നിസ്സംശയം പറയാൻ കഴിയും .

ഇപ്പോൾ ഞങ്ങൾ കണ്ണൂർ ജില്ലയിലെ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിങ് കോളേജിൽ ജോലി ചെയ്യുന്നു. അതുകൊണ്ടു തന്നെ ഈ വർഷം കുടുംബത്തോടൊപ്പം കേരളത്തിലേക്ക് തിരിച്ചെത്താൻ കഴിഞ്ഞു. ഇത് ഈശോ എന്റെ കുടുംബത്തിന് പുതിയതായി നൽകിയ ഒരു സന്തോഷമാണ്. വെല്ലൂർ ആയിരുന്നപ്പോൾ കോളേജിലെ പ്രയർഗ്രൂപ്പിന്റെ ഭാഗമാകാനും ഇടവകയുടെ പ്രവർത്തനങ്ങളിൽ സജീവമാകാനും കഴിഞ്ഞു. ആത്മീയതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായാലും ആയിരിക്കുന്ന ഇടങ്ങളിലെല്ലാം സ്നേഹമാകാനും സ്നേഹമേകാനും മറ്റുള്ളവർക്ക് നന്മയാകാനും ശക്തി നൽകി എന്നെ പ്രാപ്തയാക്കുന്ന ദൈവത്തിന് ഒരായിരം നന്ദി.



## പുസ്തക പ്രകാശനം:
## സുജമോൾ ജോസ്

കെയ്റോസ് മാസികയുടെ അസോസിയേറ്റ് എഡിറ്റർ ആയിരുന്ന സുജമോൾ ജോസിന്റെ ആറാമത് പുസ്തകം 'ജീവിത വിജയകഥകൾ' പ്രകാശനം ചെയ്തു. തൃശ്ശൂരിൽ നടന്ന മാതൃഭൂമി മെഗാ ബുക്ക് ഫെയറിൽ എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായ ശ്രീമതി ഷീബ അമീർ, ഡോ. കെ.എസ്. കൃഷ്ണകുമാറിന് നൽകി കൊണ്ടാണ് പ്രകാശന കർമം നിർവഹിച്ചത്. കൂടുതൽ വായനയ്ക്ക് QR കോഡ് ഉപയോഗിക്കാം.

## പുരോഹിതനും നർത്തകനുമായ
## റവ. ഡോ. സാജു ജോർജ് എസ്.ജെ



ജെസ്യൂട്ട് പുരോഹിതനും അന്തർദേശീയ തലത്തിൽ പ്രശസ്തനുമായ ഫാ. സാജു ജോർജ് എസ്.ജെ. തന്റെ നൃത്തസപര്യയുമായി നാലു പതിറ്റാണ്ടുകൾ പിന്നിട്ട് യാത്ര തുടരുകയാണ്. അനേകം ശിഷ്യഗണങ്ങളുള്ള ഇദ്ദേഹം ഭരതനാട്യം, കുച്ചുപ്പുടി, അഭിനയം, സംഗീതം തുടങ്ങിയ നിരവധി ക്ലാസ്സിക്കൽ കലാരൂപങ്ങൾ അഭ്യസിപ്പിക്കുന്ന 'കലാഹൃദയ' (സെന്റർ ഫോർ ആർട്ട് & കൾച്ചർ) എന്ന തന്റെ സ്ഥാപനത്തിൽ നൂറുകണക്കിന് ശിഷ്യഗണങ്ങളെ അഭ്യസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പൗരോഹിത്യ സമർപ്പണം പോലെതന്നെ കലയിലൂടെ ക്രിസ്തുവിനെയും ക്രിസ്തു സന്ദേശങ്ങളെയും പ്രഘോഷിക്കുന്ന ഫാ. സാജു ജോർജ് എസ്.ജെ.യെ അടുത്തറിയാം.



## പൗരോഹിത്യ സ്വീകരണം:
## ഡീക്കൻ ജോൺ, മാറാം, മണിപ്പൂർ

ജീസസ് യൂത്ത് 21-ാം ബാച്ച് ഫുൾടൈമർ ആയിരുന്ന ഡീക്കൻ ജോൺ, ജനുവരി 15ന് ആർച്ച് ബിഷപ്പ് ലീനസ് നെലിയിൽ നിന്നും പൗരോഹിത്യ പട്ടം സ്വീകരിച്ചു. ജീസസ് യൂത്ത്/കെയ്റോസ് കുടുംബത്തിൽ നിന്നും പ്രാർഥനാശംസകൾ.
















A PHOTO FEATURE

Dec 28 - 31, 2025

Christ Academy
Educational Institutions
Hulahalli, Bengaluru


















## കെയ്റോസ് മീഡിയ ഡയറക്ടർ
## **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ**

അവിസ്മരണീയവും അനുഗ്രഹപ്രദവുമായ അനുഭവങ്ങളിലൂടെ കെയ്റോസിനെ നയിക്കുകയും മൂന്നുതവണ സി.എം.എ അവാർഡിന് അർഹമായ കെയ്റോസ് ഗ്ലോബൽ മാസികയുടെ ചീഫ് എഡിറ്ററായി ഒരു ദശാബ്ദ കാലത്തോളം സേവനം തുടരുകയും ചെയ്തിരുന്ന ഡോ. ചാക്കോച്ചൻ ഞാവള്ളിലിന് ഏറെ സ്നേഹത്തോടെ കൃതജ്ഞതയർപ്പിക്കുന്നു. ഇപ്പോൾ കെയ്റോസ് മീഡിയയെ നയിക്കുന്നത് കൂടുതൽ ഉത്തരവാദിത്വം നിറഞ്ഞ ഡയറക്ടർ എന്ന സ്ഥാനമേറ്റു കൊണ്ടാണ്. കെയ്റോസിന്റെ മീഡിയ പ്രവർത്തനങ്ങളെ പുതിയ കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾക്കനുസരിച്ച് നയിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർഥിക്കുന്നു. ജീസസ് യൂത്ത്/കെയ്റോസ് കുടുംബവും വായനക്കാരും അഭ്യുദയകാംക്ഷികളും എല്ലാവരും ഹൃദയപൂർവം ആശംസകൾ നേരുന്നു.

---



## കെയ്റോസ് ഗ്ലോബൽ മാസികയ്ക്ക് പുതിയ ചീഫ് എഡിറ്റർ – **സിജോ തോമസ്**

ജീസസ് യൂത്ത് നാഷണൽ ഫാമിലി ടീമംഗവും, ഏറെ നാളുകളായി കെയ്റോസ് ടീമിനോടുചേർന്ന് മാധ്യമ ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന ശ്രീ. സിജോ തോമസ്, കെയ്റോസ് ഗ്ലോബൽ മാസികയുടെ പുതിയ ചീഫ് എഡിറ്ററായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നു. സിജോ തോമസിന് ജീസസ് യൂത്ത്/കെയ്റോസ് കുടുംബത്തിൽ നിന്നും ഹൃദയംഗമമായ പ്രാർഥനകളും ആശംസകളും നേരുന്നു.

ഫ്രം ദി ഹാർട്ട്

ഡോ. എഡ്‌വേർഡ് എടേഴത്ത്



# ലളിതസുന്ദരമായി യേശുവിലേയ്ക്ക് തിരിയുക, ഇതാണ് ജീസസ് യൂത്തിൽ പ്രാർഥനയുടെ മർമം

സിബിൻ തന്റെ ആദ്യ ദൈവാനുഭവം വിവരിച്ചു. ഒരു കത്തോലിക്കാ കുടുംബത്തിൽ വളർന്നതിനാൽ, പ്രാർഥനയും ആത്മീയതയും എനിക്ക് പുത്തനല്ല; പക്ഷേ, യൗവനത്തിന്റെ ഒരു ഇരുണ്ട കാലമുണ്ടല്ലോ, ആ സമയത്ത് എല്ലാം നഷ്ടമായെന്ന് തോന്നിയ ഒരു സമയമുണ്ടായി. ദൈവ പരിപാലനയിൽ, ഒരുകൂട്ടം നല്ല ചെറുപ്പക്കാരെ കാണാനിടയായി. ആ കൂട്ടായ്മയിൽ അവരുടെ പ്രാർഥന എന്നെ അത്ഭുതപ്പെടുത്തി, കർത്താവിനോടുള്ള ഒരു സാധാരണ രീതിയിലുള്ള സംഭാഷണം. ഒരു സ്നേഹിതനോട് നമ്മൾ കുശലം പറയില്ലേ? അതുപോലെയാണ് അവർ കർത്താവിനോട് സംസാരിച്ചത്.

ഇത് കൊള്ളാമല്ലോ. എനിക്കും അതുപോലെ ഒന്ന് പ്രാർഥിക്കാനായിരുന്നെങ്കിൽ! കർത്താവുമായി അത്തരം ഒരു ബന്ധം തേടിയാണ് സിബിൻ ആ ഗ്രൂപ്പിൽ വരാൻ തുടങ്ങിയത്. സാവധാനം ജീവിതം അടിമുടി മാറുന്ന ഒരു യാത്രയുടെ തുടക്കമായി. ജീസസ് യൂത്തിൽ പ്രാർഥന ഏതാണ്ട് ഇങ്ങനെയാണ്, ചിട്ടകൾക്കും നിർബന്ധ രീതിക്കും അപ്പുറം ലാളിത്യത്തോടെ ഹൃദയം കർത്താവിലേയ്ക്ക് തിരിയുന്ന അനുഭവം.

## മുന്നേറ്റത്തിന്റെ ഹൃദയഭാഗം

"ഈ ചെറുപ്പക്കാർ നല്ല പ്രാർഥനക്കാരാണ് അതാണ് എനിക്ക് ജീസസ് യൂത്തിനെ വലിയ ഇഷ്ടം." ഒരു സിസ്റ്ററിന്റെ ഈ പരാമർശം കേട്ടപ്പോൾ സന്തോഷിക്കണോ അതോ അസ്വസ്ഥനാകണമോ എന്നായി എന്റെ സംശയം. സന്തോഷത്തിനു കാരണം അവർ ആ യുവാക്കളെ സ്നേഹിക്കുകയും അവരുടെ ആഴവും ആത്മാർഥതയും മനസ്സിലാക്കുകയും ചെയ്തു. മറിച്ച് അസ്വസ്ഥതയോ? ജീസസ് യൂത്തിനെ ധാരാളം പ്രാർഥിച്ചുകൂട്ടുന്ന ഒരു കൂട്ടം യുവാക്കളായി മാത്രം മനസ്സിലാക്കിയാൽ, സുപ്രധാനമായ എന്തൊക്കെയോ ഇതിൽ പെടാതെ പോകും.

എന്റെ മനസ്സിൽ അവർ ദൗത്യപ്രതിബദ്ധതയുള്ള ആനന്ദപ്രസരിപ്പുള്ള പ്രാർഥനയുടെ ആഴമുള്ള യുവത്വമാകണം. ആത്മാവിൽ സജീവരായി ഇറങ്ങി പുറപ്പെടുന്ന വ്യക്തികളും കൂട്ടായ്മകളും. സിബിന് ഏറെ പ്രചോദനമായത് അതാണ്. ജീസസ് യൂത്ത് കടന്നു ചെല്ലുമ്പോൾ മറ്റുള്ളവരെ സ്പർശിക്കുന്നതും അതുതന്നെ. പ്രാർഥനയ്ക്കായുള്ള പ്രാർഥനയല്ല മറിച്ച്, ദൗത്യ പ്രതിബദ്ധത, സന്തോഷം, സ്നേഹനിർഭര സേവനം തുടങ്ങിയവയ്ക്കുള്ള ഒരു നീരുറവ.

## പ്രാർഥനയിൽ വൈവിധ്യം

പ്രാർഥനയോടുള്ള ജീസസ് യൂത്തിലെ പ്രത്യേക സമീപനം തിരിച്ചറിയാൻ അതിന്റെ വിവിധ ആവിഷ്കാരങ്ങളിൽ ശ്രദ്ധിക്കുന്നത് നല്ലതാണ്. എങ്ങനെയൊക്കെയാണ് ഒരാൾ ഹൃദയം കർത്താവിലേയ്ക്ക് തിരിക്കുന്നത്?

- ✠ വ്യക്തിപരമായി, തനിയെ പ്രശാന്ത നിമിഷങ്ങൾ കണ്ടെത്തി
- ✠ കൂട്ടായ്മയിൽ, വിശ്വാസ നിറവുള്ള ഒരു സൗഹൃദ വേദിയിൽ
- ✠ ദൗത്യ വഴിയിൽ, കടന്നുചെന്ന് അന്യരുടെ ആവശ്യങ്ങൾ കാണുമ്പോൾ

ഡേവിഡിന്റെ കാര്യം ഞാനോർക്കുന്നു: നല്ലൊരു ജീസസ് യൂത്ത്, പിന്നെ ഇടവക ട്രസ്റ്റി, മറ്റു പലരും ഓഫീസിൽ കാണുമെങ്കിലും ഇദ്ദേഹത്തോടാണു പലരും ഉള്ളുതുറക്കുന്നത്. പിന്നെ പ്രാർഥന ചോദിക്കും, ചിലപ്പോൾ ഒന്നിച്ചിരുന്ന് പ്രാർഥിക്കും.

ആഴ്ചതോറും ഒത്തുകൂടി പങ്കുവച്ച് പ്രാർഥിക്കുന്ന ഒരു ചെറു സമൂഹത്തിന്റെ ഭാഗമാണ് ഡേവിഡ് എന്ന് മറ്റുള്ളവർക്കറിയാം. അയാളുടെ രീതികളും ഇടപെടലുകളും വ്യത്യസ്തമാണ്. "ഉണ്ണിയെ കണ്ടാൽ അറിയാമല്ലോ ഊരിലെ രീതി." കർത്താവുമായി ഹൃദ്യമായ ബന്ധമുള്ള ഒരാളെ തിരിച്ചറിയാൻ മറ്റുള്ളവർക്ക് അധിക സമയം വേണ്ട. ഇങ്ങനെ ഒരു പ്രാർഥന ത്രയം ജീസസ് യൂത്തിനെ വ്യത്യസ്തമാക്കുന്നു: വ്യക്തിപരമായ ആന്തരികത, കൂട്ടായ്മയിലെ പ്രാർഥന, ആത്മാവ് നയിക്കുന്ന ദൗത്യം ഇവ പരസ്പരം പോഷിപ്പിക്കുകയും ചെയ്യുന്നു.

## ഒരു പതിവു ചടങ്ങായി തീരരുത്

ജോസഫ് ആദ്യമായി ഒരു ജീസസ് യൂത്ത് ചെറു സമൂഹത്തിന്റെ ഭാഗമായപ്പോൾ അവരുടെ പാട്ടുകളാണ് അയാളെ ഏറെയാകർഷിച്ചത്. സാവധാനം അവിടെ പാട്ടല്ലാതെ മറ്റൊന്നുമില്ല എന്ന് തോന്നിയപ്പോൾ അയാൾ അസ്വസ്ഥനായി. അയാളുടെ വാക്കുകൾ, "ഞാൻ തേടിയത് ചിന്തകളും ഹൃദയവും ഒത്തുവരുന്ന പ്രാർഥനയാണ്. അത് സ്വയം പ്രേരിതമാകണം ഒപ്പം ഒരു ക്രമവും വേണം."

ഇപ്പറഞ്ഞത് പ്രാർഥന കൂട്ടായ്മയെക്കുറിച്ചായിരുന്നു, പക്ഷേ വ്യക്തിപരമായ പ്രാർഥനയ്ക്കും ഇത് ബാധകമാണ്. ഹൃദ്യവും ആനന്ദകരവുമായ ബാഹ്യരൂപത്തോടൊപ്പം വേണ്ടവണ്ണം ക്രമമുള്ള ഒരു ഉൾക്കാമ്പും പ്രാർഥനയ്ക്ക് വേണ്ടേ? ഒരു ജെ.വൈ കൂട്ടായ്മയിൽ വരുന്ന ഒരാൾ മിക്കവാറും ശ്രദ്ധിക്കുക പ്രാർഥനയിലുള്ള ഹൃദ്യതയും സന്തോഷവും പങ്കാളിത്തവും ഒക്കെയാകും. എന്നാൽ, അതിനുതാഴെ വേണ്ട ക്രമത്തോടെ പടിപടിയായി മുന്നേറുന്ന സമ്പൂർണമായ മറ്റൊന്നുകൂടെയുണ്ട്.

## അങ്ങനെയെങ്കിൽ, പ്രാർഥനയെക്കുറിച്ചുള്ള ചില സ്ഥാനം തെറ്റിയ പ്രതീക്ഷകൾ സൂചിപ്പിക്കുന്നത് നല്ലതല്ലേ?

✠ **അനുഭവത്തിന് പുറകേ:** ശാന്തിയും സന്തോഷവും പ്രാർഥനയുടെ ഫലം തന്നെ. എന്നാൽ, ആവേശവും വികാര തീവ്രതയും തേടുകയും കൃത്രിമമായി ഉണ്ടാക്കുകയും ചെയ്യുന്നതു വഴിതെറ്റിക്കും. ദൈവ സാന്നിധ്യമാണ്, വികാരാനുഭൂതിയല്ല പ്രാർഥന.

✠ **ചിട്ടയും ക്രമവും മാത്രം ലക്ഷ്യമാക്കുക:** ഒരു താളപ്പിശകുമില്ലാതെ ഇപ്പോഴും പദ്ധതിയനുസരിച്ച് മുന്നേറുന്നതല്ല ജീവിതം. പ്രാർഥനയും വ്യത്യസ്തമല്ല. വിരസത, പലവിചാരം, ഉത്സാഹരാഹിത്യം എന്നിവയൊക്കെ ആ യാത്രയുടെ ഭാഗം തന്നെ. ഇതിനർഥം എല്ലാ ചൈതന്യവും പോയി എന്നല്ല.

✠ **പരമപരിശുദ്ധ സമയം മാത്രം പ്രതീക്ഷിക്കുക:** യേശു പ്രാർഥിക്കുന്ന രണ്ടുപേരെ താരതമ്യം ചെയ്യുന്നു: തന്റെ വിശുദ്ധിയിൽ ആത്മവിശ്വാസത്തോടെ അഹങ്കരിക്കുന്ന ഫരിസേയനും, ഏറെ സന്ദേഹ

ത്തോടെ ഹൃദയമുയർത്തുന്ന അനുതാപിയും. കർത്താവ് അഭിനന്ദിക്കുന്നത് ആ കലുഷിത മാനസനെയാണ്.

## കർതൃസാമീപ്യം കാണുക

സങ്കീർത്തകന്റെ വാക്കുകളിൽ, 'കർത്താവ് എപ്പോഴും എന്റെ കൺമുമ്പിൽ ഉണ്ട്" (16, 8). അവിടന്ന് അടുത്തുണ്ട്, എന്നിലുണ്ട് എന്ന ശാന്തമായ അവബോധം, അത് ആശ്വാസകരമാണ് ചിലപ്പോൾ വെല്ലുവിളി നിറഞ്ഞതും. ഇത് പ്രാർഥനയുടെ പൂന്തോട്ടത്തിൽ എല്ലാം



നട്ടുവളർത്തുന്ന മണ്ണിനടിയിലെ അരുവി പോലെയാണ്. ഈ സാന്നിധ്യത്തിൽ വേരുപായിച്ച് വളരാൻ ഒരു ജീസസ് യൂത്തിനെ സഹായിക്കുന്ന പല ഘടകങ്ങളുമുണ്ട്:

**1. സുന്ദരമായ എന്തെങ്കിലും:** ഒരു ഗാനം, നല്ല വീഡിയോ, ഒരു ചിത്രം, നല്ല പ്രകൃതി ദൃശ്യം ഇങ്ങനെ എന്തെങ്കിലും എന്റെ ഉള്ളിനെ ഉണർത്തണം.

**2. ദൈവവചനം:** യേശുവിന്റെ വാക്കുകൾ, ചെയ്തികൾ, കഥകൾ തുടങ്ങി വചന പ്രകാശം ഉള്ളിലെ മൂടൽ ഒന്ന് മായിച്ചു അവിടത്തെ മുഖം ഒന്ന് തിളങ്ങാൻ സഹായിക്കും.

**3. ശരീരം ഉണർന്ന് പ്രാർഥിക്കണം:** ഗ്രൂപ്പിലോ തനിയേയോ ഒക്കെ ആണെങ്കിലും ഉചിത ഭാവവും ചലനങ്ങളും ചേഷ്ടകളും ഒക്കെ പ്രാർഥനയിൽ ആത്മ ചലനത്തിന്റെ പുതുപാത തുറക്കും.

**4. സ്വതന്ത്ര സ്തുതി:** ചെറു പ്രകരണങ്ങളിൽ ഉള്ളിലെ സ്നേഹം, കൃതജ്ഞത, സ്വയ സമർപ്പണം ഒക്കെ ഏറ്റുപറയുക, പിന്നെ ഈണത്തിൽ പാടുക ഇതൊക്കെ ആഴങ്ങൾ തേടാൻ സഹായിക്കും.

**5. ആത്മാവിൽ പാടുക പ്രാർഥിക്കുക:** വാക്കുകൾക്ക് അപ്പുറം ആത്മാവ് നൽകുന്ന ഈണങ്ങളിലും സ്വരങ്ങളിലും ഒക്കെ ഹൃദയം ഉയർത്താൻ, ഒന്നിച്ച് പ്രാർഥിക്കാൻ സാധിക്കുക ഏറെ നല്ലതാണ്.

**6. ശ്രവിച്ച് പ്രത്യുത്തരിക്കുക:** എന്റെ സംസാരത്തിനും അപ്പുറം ആത്മ പ്രേരണയ്ക്ക് ചെവിയോർത്ത് പ്രത്യുത്തരിക്കുക കൂടെയാണ് പ്രാർഥന.

**7. കൈകോർക്കുക; കർത്താവിനോടും മറ്റുള്ളവരോടും:** കർത്താവും മറ്റുള്ളവരും ഒരു ക്രിസ്തുശിഷ്യന് എപ്പോഴും സമീപസ്ഥരാണ്. തനിയെ ആണെങ്കിലും, ഒപ്പം കൂട്ടായ്മയിലും ഇരുഭാഗങ്ങളിലേക്കുമുള്ള ഈ തിരിയൽ സ്നേഹത്തിൽ വേരൂന്നി പ്രാർഥന വഴിയെ മുന്നേറാൻ സഹായിക്കും.

### അവസാനമായി

സമീപത്തുള്ള യേശുവിനെ ദർശിച്ച് ഹൃദയം ആ സാന്നിധ്യത്തിലേയ്ക്ക് അടുക്കുന്നതാണ് ജീസസ് യൂത്തിലെ പ്രാർഥനാ വഴി. ഇത് ലളിതമാണ് ഒപ്പം സുന്ദരമായ ഒരു ക്രമം അതിനുണ്ട്; അവിടെ ഏറെ സ്വാതന്ത്ര്യമുണ്ട്, ഒപ്പം നാം ഏവരുമായി സ്നേഹത്തിൽ ഒന്നിക്കുന്നു; സന്തോഷം അതിന്റെ മുഖമുദ്രയാണ്, ഒപ്പം ദിവ്യ സാന്നിധ്യത്തിന്റെ ആഴവും. വ്യത്യസ്തതകളുടെ സുന്ദരമായ ഒത്തുചേരൽ ഈ പ്രാർഥന ഏറെ വ്യത്യസ്തമാക്കുന്നു, എന്റെ ഉള്ളം ആഴങ്ങൾ തേടാൻ അത് ഇടയാക്കുന്നു, മറ്റുള്ളവരുമായി എന്നെ സ്നേഹത്തിൽ അടുപ്പിക്കുന്നു, ദൗത്യബോധത്തോടെ ക്രിസ്തു സാക്ഷിയായി എന്നെ പറഞ്ഞയക്കുന്നു. ഇവിടെ ലാളിത്യം ആഴക്കുറവല്ല, മറിച്ച് ആത്മ പ്രേരണയുടെയും, സ്നേഹ പ്രതിബദ്ധതയുടെയും ദൗത്യ തീക്ഷ്ണതയുടെയും നിറ സ്രോതസ്സാണ്.

***ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.***



പാഥേയം - ജെ. ക്രൈസ്റ്റ് വോൺ

# സമന്വയം

## രണ്ടു വൈരുധ്യങ്ങൾക്കിടയിൽ ഒന്നാകലിന്റെയൊരു താളമുണ്ട്. എളുപ്പത്തിൽ വെളിപ്പെടാൻ കുഞ്ഞുങ്ങളുടെ കണ്ണിലൂടെ കാണണം, നമുക്കതാകാം.



നിലനിൽപ്പ് എന്നത് ഒരു ഏകാംഗ നാടകമല്ല. മറിച്ച് ഒരു സിനിമാ സെറ്റാണ്. വെള്ളിത്തിരയിൽ ലൈറ്റ് ബോയിയുടെ മുഖം വരുന്നില്ലെങ്കിലും ലൈറ്റ് ബോയ് തന്ന വെളിച്ചമില്ലെങ്കിൽ സിനിമ അപൂർണമാകുന്നു.

മൗറേഷ്യസ് ദ്വീപിലെ 'ഡോഡോ' പക്ഷി വംശനാശംവന്ന് ഇല്ലാതായി, കൂടെ കൽവാരിയ എന്ന പഴമരവും അളവിൽ കുറവായി. ആ പക്ഷികളായിരുന്നു മരബീജ വാഹകർ. കൊടുക്കൽവാങ്ങലുകളുടെ 'നിഷ്കാമ കർമ' വഴികൾ അറിയാത്ത മനുഷ്യർ ആ പക്ഷികളെ വേട്ടയാടി കൊരുത്തപ്പോൾ സന്താന ദുഃഖം പേറേണ്ടിവന്നത് 'കൽവാരിയ' മരങ്ങൾക്കായിരുന്നു.

'സഹയജ്ഞാഃ പ്രജാഃ' എല്ലാ സൃഷ്ടിജാലങ്ങളും സഹയജ്ഞന്മാരാണ്. ഓരോ ചെറു ജീവനുകളും നമ്മെയും നാം ഓരോ ചെറു ജീവികളെയും ബാധിക്കുന്നു എന്നത് ഗീതാഭാഷ്യമാണ്. Life of Pi എന്ന സിനിമയിലെ യുവാവിനെയും കടുവയെയും പോലെ നടുക്കടലിൽ ഒരേ തോണിയിൽ സമന്വയത്തോടൊരു യാത്ര സങ്കൽപ്പിച്ചു നോക്കൂ. നിലനിൽപ്പിനോടു മാത്രം പൊരുതി, പരസ്പരപൂരകം പോലുമല്ലാതെ, തുടക്കത്തിൽ ഉരഞ്ഞെങ്കിലും ശേഷം കനമേതുമില്ലാതെ ഒരു നിലനിൽപ്പ് സാധ്യമാണോ?

ഒരു സിംഫണിയിലെ വിവിധ നാദരൂപങ്ങൾ പോലെ നാം നിലനിൽക്കുന്നു. ഒരാൾ വയലിനാകുമ്പോൾ മറ്റെയാൾ മുരളിയാകുന്നു, മൂന്നാമതൊരാൾ തമ്പുരുവും. വലിയൊരു സിംഫണിയുടെ ഭാഗമെന്നറിയുമ്പോൾ നിത്യം ചലിക്കുന്ന തബലയും, അപൂർവം മാത്രം ശബ്ദിക്കേണ്ടുന്നൊരു ബീഗിളും അർഥപൂർണമായി സമന്വയിക്കുന്നു.

ന്യൂസിലാന്റിലെ ഹാമിൾട്ടൻ ഗാർഡൻസിൽ ഒരു ഇറ്റാലിയൻ ഗാർഡൻ പാർക്കുണ്ട്. അവിടെ She-Wolf എന്നൊരു ശിൽപ്പമുണ്ട്. Romulus and Remus എന്ന രണ്ട് ശിശുക്കളെ പോറ്റുന്ന ഒരു ചെന്നായയുടെ കഥയാണ് പറയാൻ ശ്രമിക്കുന്നത്. റോമൻ മിത്തോളജി ആണെങ്കിലും സമാന കഥകൾ 1940 ൽ സ്പെയിനിലെ സെയിറ മൗണ്ടനിൽ അരങ്ങേറിയതായി വായിക്കുന്നു. 12 വയസ് വരെ ചെന്നായ കൂട്ടത്തിൽ വളർന്ന ഒരു ബാലനെ കണ്ടെത്തിയത്രെ!

Marcos Rodriguez എന്ന പേര് കഥയിൽ വായിച്ചെടുക്കുമ്പോൾ മനസ്സിൽ ഒരു പാട്ട് BGM ആയി ഓടുന്നുണ്ട്. 'ചെന്നായ മമ്മി അങ്കിൾ ബഘേരി തേടുന്നു നിന്നെ.' ജംഗിൾ ബുക്കിന്റെ ദൂരദർശൻ വകഭേദമാണത്. സഹജീവനത്തിന്റെ ബാലപാഠങ്ങൾ.

ഏശയ്യയുടെ ഒരു പ്രവചനം വായിച്ചു പോകാവുന്നതാണ് (11, 68), "ചെന്നായും ആട്ടിൻകുട്ടിയും ഒന്നിച്ചു വസിക്കും. പുള്ളിപ്പുലി കോലാട്ടിൻ കുട്ടിയോടുകൂടെ കിടക്കും. പശുക്കിടാവും സിംഹക്കുട്ടിയും ഒന്നിച്ചു മേയും. ഒരു ശിശു അവയെ നയിക്കും. പശുവും കരടിയും ഒരിടത്തു മേയും. അവയുടെ കുട്ടികൾ ഒന്നിച്ചു കിടക്കും. സിംഹം കാളയെപ്പോലെ വൈക്കോൽ തിന്നും. മുലകുടിക്കുന്ന ശിശു സർപ്പപ്പൊത്തിനു മുകളിൽ കളിക്കും. മുലകുടിമാറിയ കുട്ടി അണലിയുടെ അളയിൽ കൈയിടും."

ആ പറഞ്ഞ ശിശു മനുഷ്യപുത്രനായി പിറന്നപ്പോൾ പറഞ്ഞു: "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത് അങ്ങനെ മറ്റുള്ളവരോടും പെരുമാറുക." സമന്വയത്തിന്റെ സുവർണ നിയമമാണത്; The Golden rule of life.

എല്ലാ ബന്ധങ്ങളും ഇതേ വെളിപാടിനെ പ്രസരിപ്പിക്കേണ്ടിയിരിക്കുന്നു. 'കോ-എക്സിസ്റ്റൻസ് ഇൻ ഹാർമണി', അങ്ങനെ ഒരു കമ്പാനിയൻഷിപ്പ് അല്ലെങ്കിൽ കല്യാണമൊക്കെ എന്ത് ദുരന്തമാണ് ?



അങ്ങനെയല്ലെങ്കിൽ 'പേരന്റ്സും മക്കളും' നോക്കി നിൽക്കെ 'അടിമയും ഉടമയും' ആകുന്നു. തൊഴിലാളികൾ പരിചാരകരും മുതലാളി രാജാവുമായി തരം താഴുകയും ചെയ്യുന്നു.

ശിഷ്യഗണമാകട്ടെ പുരോഹിതരും അൽമായ രുമായി ചിതറുന്നു.

പ്രിൻസ് ഓവേലിയുടെ 'കരാർ' എന്നൊരു ചെറുകവിത മുമ്പിലേയ്ക്ക് വരുന്നു.

'പൂക്കളിൽ ചുംബിച്ച്
പ്രപഞ്ചമേയെന്ന് പ്രാർഥിക്കുന്ന
ശലഭങ്ങൾക്കൊരിക്കലും
മരവുമായുള്ള കരാറിൽനിന്നും
പിൻമാറാൻ കഴിയില്ല'


ചെറുവരികളെങ്കിലും ഈ കവിത 'കോഎക്സി സ്റ്റൻസ്"എന്ന കിന്നരനാദം മുഴക്കുന്നുണ്ട്. The Croods എന്നൊരു കാർട്ടൂൺ മൂവി കുട്ടികൾക്കൊപ്പം കണ്ടതോർമിക്കുന്നു. ലോകം തീരുന്ന നാളുകളിൽ 'Tomorrow' യിലേയ്ക്കുള്ള യാത്രയിലാണ് ഒരു കുടുംബം മുഴുവനും. പ്രകാശത്തെ പിന്തുടരുക എന്നതാണ് രക്ഷയുടെ ഏക പോംവഴി.

അതിൽ നായകനെ ആക്രമിക്കുന്ന ചങ്കി എന്നൊരു ഭീമൻ പൂച്ചയുണ്ട്. ഭീകരനാണ്, കൊടുംഭീകരൻ! പക്ഷേ, ഭൂമി പിളരുന്ന ആ രാത്രിയിൽ നായകനെ വകവരുത്താനായി പിന്തുടർന്ന് ഒരു ഗുഹയിലെ ഇരുട്ടിൽ പെട്ടുപോയ ചങ്കി ഭയന്നുപോകുന്നു. കൈവെളിച്ചംകെട്ട നായകനും പേടിക്കുന്നു.

പിന്നീട് നായകനും ചങ്കിയും കൂടിയിരുന്ന് കനൽ ഊതി ഊതി തെളിച്ച് വെളിച്ചം കണ്ടെത്തുകയാണ്. അങ്ങനെ സമന്വയത്തിൽ നാളെയുടെ വെട്ടത്തിലേയ്ക്ക് മത്സരങ്ങൾ അവസാനിപ്പിച്ച് ഒരു യാത്ര! കുട്ടികൾക്ക് കാട്ടിക്കൊടുക്കാവുന്ന നല്ല ഒരു സിനിമയാണിത്.

മത്സരമില്ലാതെ സമന്വയത്തിൽ നമുക്ക് കാര്യങ്ങൾ പറഞ്ഞു പോകേണ്ടതുണ്ട്. ഇനി ആമയില്ലെങ്കിൽ എന്ത് മുയലെന്നാണ് ? മത്സരിക്കാൻ വിളിക്കാത്തിടത്താണ് നമ്മുടെ കിനാശ്ശേരിയിൽ ഇനി പുലരി ഉണരുന്നത്. ഓട്ട മത്സരം കഴിഞ്ഞ് മുയൽ ഒരു പ്രസ് കോൺഫറൻസ് നടത്തി. ശരിക്കും ജയിച്ചത് ഞാനാണ്. റഫറി ഒരു തമിഴനായിരുന്നു. ഞാനല്ലേ ജയിച്ചതെന്ന് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: 'ആമ.' അങ്ങനെ മുയൽ പെട്ടു !

***ജെ. ക്രൈസ്റ്റ് വോൺ എന്നത് തൂലികാ നാമം. ജിത്തു ജോർജ് എന്നതാണ് ശരിയായ പേര്. ഓസ്ട്രേലിയയിലെ പെർത്തിൽ കുടുംബമായി താമസിക്കുന്നു. ഓസ്ട്രേലിയൻ ഗവൺമെന്റ് ഓർഗനൈസേഷനായ ഡിപ്പാർട്ട്മെന്റ് ഓഫ് കമ്യൂണിറ്റിയിൽ ഡാറ്റ എഞ്ചിനീയറായി പ്രവർത്തിക്കുന്നു.***



*ഹാമിൽട്ടൺ ഗാർഡനിലെ ഇറ്റാലിയൻ നവോത്ഥാന ഉദ്യാനത്തിലെ 'റോമുലസിന്റെയും റെമസിന്റെയും' പ്രതിമ (കാപ്പിറ്റോലിൻ വുൾഫ് പ്രതിമയെ അടിസ്ഥാനമാക്കിയുള്ളത്).*



**കവർസ്റ്റോറി - സജീവ് പാറേക്കാട്ടിൽ**

# നീതിയുടെ പ്രാവുകൾ



മരിച്ചവർക്കുവേണ്ടിയുള്ള തിരുക്കർമങ്ങൾ ഹൃദയഹാരിയാണ്; അർഥപൂർണവും. കഴിയുമെങ്കിൽ ആ പുസ്തകം ഒരെണ്ണം വാങ്ങി ഇടയ്ക്കിടെ പാരായണം ചെയ്യുന്നത് ഉത്തമമാണ്. ഉള്ളിൽ വെളിച്ചം നിറയും. വലിയ ഒപ്പീസിലെ മനോഹരമായ ഈരടികളാണ് മുകളിൽ ഉദ്ധരിച്ചത്. തിരുസഭ എന്ന പ്രാവിനെ കുരുതി കഴിക്കാൻ പാഞ്ഞടുക്കുന്ന സർപ്പം ആരാണെന്ന് നമുക്കറിയാം. ഉത്പത്തിയിലും വെളിപാടിലും പരാമർശിക്കപ്പെടുന്ന സാത്താൻ എന്ന പുരാതന സർപ്പം തന്നെയാണത്. സഭ എന്ന പ്രാവിനെ കുരുതി കഴിക്കാൻ സാത്താൻ എന്ന സർപ്പത്തിന് ശ്രമിക്കാമെന്ന് മാത്രമേയുള്ളൂ. ഒരിക്കലും അയാൾ അതിൽ വിജയിക്കില്ല. 'തിരുസഭയെ കളങ്കമേശാത്ത വധുവാക്കിത്തീർക്കാൻ കാൽവരിയിൽ ജീവാർപ്പണം ചെയ്ത മിശിഹാ' ആ പ്രാവിനെ പൊതിഞ്ഞു പിടിച്ചിരിക്കുന്നു എന്നതാണ് കാരണം. സഭ എന്ന പ്രാവ് കൂടു ചമച്ചിരിക്കുന്നത് കാൽവരിയിലെ ബലിപീഠത്തിലാണ്. അതിനാൽ ആ കൂടിനെയും പ്രാവിനെയും തകർക്കാൻ ആർക്കുമാവില്ല.

നോക്കൂ, ഈ പ്രാവുകൾ സുവിശേഷത്തിലേതു പോലെ തന്നെയാണ് ലോകത്തിലും; നമ്മുടെ ആവ്യതികളോട് അവയ്ക്ക് ഒരു പ്രത്യേക പ്രിയമുണ്ട്! പ്രാവുകളെ കാണാനാകാത്ത ഏതെങ്കിലും ഒരു ആശ്രമമോ കൊവേന്തയോ ഓർമയിലുണ്ടോ? ഇല്ലല്ലോ! ദനഹ കഴിഞ്ഞതേയുള്ളൂ. പരിശുദ്ധാത്മാവിന്റെ പ്രതീകം പ്രാവാണെന്ന് വ്യക്തമാക്കുന്ന സുവിശേഷത്തിലെ ഒരേയൊരു സന്ദർഭം യേശുവിന്റെ ജ്ഞാനസ്നാനവേളയാണ്. സഭയാകുന്ന പ്രാവ് എന്ന രൂപകം പോലെ നമുക്ക് സങ്കൽപ്പിക്കാവുന്ന മറ്റൊന്നാണ് സഭയിലെ പ്രാവുകൾ എന്ന രൂപകവും. സഭയിൽ എത്ര പ്രാവുകൾ ഉണ്ടാകും? സുവിശേഷമൂല്യങ്ങളെല്ലാം പ്രാവുകളാണെന്ന് കരുതുക. പരിശുദ്ധാത്മഫലങ്ങളെല്ലാം പ്രാവുകളാണെന്ന് സങ്കല്പിക്കുക. ആ ഭാവനതന്നെ എത്ര മനോഹരമാണ്! സഭയാകുന്ന വിഹായസിൽ പാറിപ്പറക്കുന്ന സ്നേഹവും കരുണയുമാകുന്ന പ്രാവുകൾ! സമാധാനവും ആനന്ദവുമാകുന്ന പ്രാവുകൾ! നന്മയും ദയയും വിശ്വസ്തതയുമാകുന്ന പ്രാവുകൾ! സർവോപരി നീതിയാകുന്ന പ്രാവുകൾ! ഈ പ്രാവുകളെയെല്ലാം യുഗാന്തം വരെ ഭൂമിയിൽ പറത്തിക്കൊണ്ടേയിരിക്കാനാണ് തന്റെ ശരീരവും മണവാട്ടിയുമായ സഭയെ ശിരസ്സും മണവാളനുമായ യേശു ഈ ഭൂമിയിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. സഭയെന്നാൽ ദൈവജനമായ നാം തന്നെയാ

ബലിപീഠത്തിൽ കൂടു ചമയ്ക്കും
പ്രാവുകണക്കെ തിരുസഭ നിൽപ്പൂ..
കൂടുതകർത്താ പ്രാക്കളെയെല്ലാം
കുരുതികഴിക്കാൻ സർപ്പമണഞ്ഞു;
കർത്താവേ, നിൻ ദിവ്യനിണത്താൽ
നേടിയ സഭയെക്കൈവെടിയല്ലേ...

കയാൽ അത് നാം ഓരോരുത്തരുടെയും ദൗത്യമാണ്. ആയിരിക്കുന്ന ഇടങ്ങളിലെല്ലാം യേശു പഠിപ്പിച്ചതും സുവിശേഷം സദാ ഓർമിപ്പിക്കുന്നതുമായ പ്രാവുകളെ പറത്താനാണ് മാമ്മോദീസായിലൂടെയും തൈലാഭിഷേകത്തിലൂടെയും നാം നിയോഗിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തീയജീവിതം എന്ന ആകാശമണ്ഡലത്തിൽ പാറിപ്പറക്കുന്ന വിശുദ്ധ പക്ഷികളാണ് നാം പ്രസരിപ്പിക്കുന്ന സുവിശേഷമൂല്യങ്ങൾ.

അങ്ങനെയെങ്കിൽ ആ ആകാശത്ത് ഏറ്റവും ഉയരത്തിൽ പറക്കേണ്ട പക്ഷി ഏതായിരിക്കും? ഏറ്റവും കരുത്തുറ്റ പക്ഷി ഏതായിരിക്കും? മറ്റു പക്ഷികളെപ്പോലും പറക്കാൻ സഹായിക്കുകയും വേണ്ടിവന്നാൽ സ്വന്തം ചിറകുകളിൽ വഹിക്കുകയും ചെയ്യേണ്ട പക്ഷി ഏതായിരിക്കും? നീതിയുടെ പക്ഷി എന്നതാണ് ഉത്തരം. നിർഭാഗ്യവശാൽ നമ്മുടെ ആകാശത്ത് അപൂർവമായി മാത്രം കാണപ്പെടുന്ന ഇനമാണ് ആ പക്ഷികൾ. ദുർബലരായാണ് ആ പക്ഷികൾ കാണപ്പെടുന്നത്. സങ്കടത്തോടെയാണ് ആ പക്ഷികൾ കാണപ്പെടുന്നത്. നന്നേ ക്ലേശിച്ചാണ് അവ പറക്കുന്നത്. നമ്മുടെ സഭയിൽ നീതിയുടെ പക്ഷികൾ പാറിപ്പറക്കുന്നുണ്ടോ? സഭയുടെ സ്ഥാപനങ്ങളിൽ നിന്നുയരുന്നത് ആ പക്ഷിയുടെ ആനന്ദഗീതങ്ങളാണോ? അതോ അനീതിയും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയ അധികാരികൾക്കെതിരെ ദൈവസന്നിധിയിലേക്ക് ഉയരുന്ന നിലവിളികളാണോ? ഇടയന്റെ വകയായ നമ്മുടെ ഇടവകകൾ ഇടയൻ ഉച്ചത്തിൽ പ്രഘോഷിച്ച നീതിയുടെ കൂടും കൂടാരവുമാകുന്നുണ്ടോ? നമ്മുടെ ഭവനങ്ങളിലും ബന്ധങ്ങളിലുമെല്ലാം ആ പക്ഷിയുടെ ചിറകടികളും കളകൂജനങ്ങളും ഉയരുന്നുണ്ടോ? ആത്മശോധനയ്ക്ക് ഉതകുന്ന ചോദ്യങ്ങളാണ് ഇവയെല്ലാം.

നീതിയുടെ ബ്രാൻഡ് അംബാസഡർമാരായി പഴയ നിയമഗ്രന്ഥം ചിലരെ അവതരിപ്പിക്കുന്നുണ്ട്. 'നോഹ നീതിമാനായിരുന്നു. ആ തലമുറയിലെ കറയറ്റ മനുഷ്യൻ' എന്നാണല്ലോ ഉത്പത്തി പുസ്തകം വെളിവാക്കുന്നത്. 'ഞാൻ, തോബിത്, ജീവിതകാലമത്രയും സത്യത്തിന്റെയും നീതിയുടെയും മാർഗത്തിലാണു ചരിച്ചത്" എന്നതാണ് മറ്റൊരാളുടെ സെൽഫ് ഇൻട്രോഡക്ഷൻ! 'എന്റെ ദാസനായ ജോബിനെ നീ ശ്രദ്ധിച്ചോ? അവനെപ്പോലെ നിഷ്കളങ്കനും നീതിനിഷ്ഠനും തിന്മയിൽ നിന്ന് അകന്നു ജീവിക്കുന്നവനുമായി മറ്റാരെങ്കിലും ഭൂമുഖത്തുണ്ടോ?' എന്ന് സാത്താനോട് ചോദിക്കുന്നത് കർത്താവുതന്നെയാണ്! പുതിയ നിയമത്തിലേക്ക് വരൂ – നീതിമാൻ എന്ന ഒറ്റ വാക്കിൽ സുവിശേഷം അടയാളപ്പെടുത്തുന്ന ഒരു മനുഷ്യനില്ലേ? നിയമത്തിന്റെ കരാളഹസ്തങ്ങൾക്ക് പ്രിയതമയെ വിട്ടുകൊടുക്കാതിരുന്നതിനാൽ അപമൃത്യുവിൽ നിന്ന് ലോകരക്ഷകനെ രക്ഷിച്ചത് അയാളുടെ നീതിബോധമല്ലേ? സഖറിയായും എലിസബത്തും ജറുസലെമിലെ ശിമയോനുമെല്ലാം നീതിയുള്ളവർ എന്ന് അടയാളപ്പെടുത്തപ്പെട്ടവരായിരുന്നു. അവസാന വിധിയുടെ വിവരണം നോക്കൂ: മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ഠനാകുന്ന മനുഷ്യപുത്രൻ തന്റെ വലത്തുവശത്ത് നിറുത്തുന്ന ചെമ്മരിയാടുകൾ നീതിമാന്മാർ അല്ലാതെ മറ്റാരാണ്!? ഏറ്റവും എളിയ മനുഷ്യരിൽ മറഞ്ഞിരിക്കുന്ന ദൈവത്തെ ദർശിക്കാൻ അവരെ സഹായിച്ചത് നീതിയുടെ നയനങ്ങളാണ്! സർവ പാപികളെയും സമാശ്ലേഷിക്കാൻ വെമ്പുന്ന ഹൃദയമാണ് യേശുവിന്റേത്. എന്നിട്ടുപോലും താൻ ഒരിക്കലും അറിഞ്ഞിട്ടില്ലെന്നും തന്നിൽനിന്ന് അകന്നു പോകാനും യേശു ആവശ്യപ്പെടുന്നത് ഒരേയൊരു വിഭാഗത്തോടാണ്; അനീതി പ്രവർത്തിക്കുന്നവരോട്! അനീതിയെയും കാപട്യത്തെയും ദൈവം എത്രയധികം വെറുക്കുന്നു എന്ന് ഇനിയും ബോധ്യമായിട്ടില്ലെങ്കിൽ വിശുദ്ധ മത്തായിയുടെ സുവിശേഷം ഇരുപത്തിമൂന്നാം അധ്യായം ഒരിക്കൽക്കൂടി മനസ്സിരുത്തി വായിച്ചാൽ മതിയാകും. ഘടനയിലും നിർമിതിയിലും ദുർബലമായ അണക്കെട്ട് പോലെയാണ് അനീതിയിൽ അഭിരമിച്ച് സർവതും സ്വരൂപിക്കുന്ന മനുഷ്യരുടെ കാര്യവും. നോക്കുമ്പോൾ ആ അണക്കെട്ട് ഉയർന്നു നിൽക്കുന്നുണ്ട്. എന്നാൽ, ഒരിക്കലത് തകരും. ആർത്തിയോടെ സമ്പാദിച്ചതും അനീതിയോടെ വെട്ടിപ്പിടിച്ചതുമായ എല്ലാം അന്ന് കുത്തിയൊലിച്ച് പോകും. ഉദാഹരിക്കാനായി എത്രയോ സാമ്രാജ്യങ്ങളും എത്രയോ സിംഹാസനങ്ങളും ചരിത്രത്തിലുണ്ട്! ഭൂമിയിൽ നിന്നുയരുന്ന നിലവിളികളിൽ ദൈവത്തിന്റെ ഉള്ളുലയ്ക്കുന്നത് നീതിക്കു വേണ്ടിയുള്ള നിലവിളിയായിരിക്കും. കാരണം ദൈവരാജ്യത്തിലെ ഒന്നാമത്തെ 'സ്റ്റേറ്റ് ഓഫ് ലൈഫ്' നീതിയാണ്; സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും പോലും പിന്നീടേ വരുന്നുള്ളൂ.



നീതിബോധം അത്ര ചെറിയ ബോധമല്ല. നമ്മുടെ സർവബോധധാരകളെയും ആ ബോധം ഭരിച്ചാൽ രാജാവായ വിധിയാളന്റെ വലത്തുവശത്ത് നമുക്ക് ഇടം ലഭിക്കുമെന്ന് ഉറപ്പാണ്. മറ്റെന്തിനേക്കാളുമേറെ ആ 'വലംഭാഗം' നമ്മെ മോഹിപ്പിക്കേണ്ടതല്ലേ!?

'നീതി ജലം പോലെ ഒഴുകട്ടെ; സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും' എന്നതാണ് വേദപുസ്തകത്തിലെ ഏറ്റവും വശ്യമായ സ്വപ്നവും പ്രാർഥനയും. ഇക്കാലവും ലോകവും ഏറ്റവും കൊതിക്കുന്നതും ആ സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനും പ്രാർഥനയുടെ പൂർത്തീകരണത്തിനുമായാണ്. ജനാധിപത്യത്തെ കറുത്ത ഫലിതമാക്കി മാറ്റുന്ന രാഷ്ട്രത്തിന്റെ ഭരണാധികാരികളും ദൈവത്തിനും ദൈവജനത്തിനും ശുശ്രൂഷ ചെയ്യാനുള്ള ദൈവദത്തമായ ആത്മീയാധികാരത്തെ ദുരന്തമാക്കിത്തീർക്കുന്ന സഭയുടെ ഭരണാധികാരികളും ചേരുമ്പോൾ മറ്റെന്നത്തേക്കാളും അധികം ആമോസ് പ്രവാചകന്റെ സ്വപ്നവും പ്രാർഥനയും ആവർത്തിക്കാൻ നാം നിർബന്ധിതരാകുന്നുണ്ട്. നാം നീതിയുള്ളവരായി ജീവിക്കുന്നത് ആത്യന്തികമായി നമുക്കു വേണ്ടിത്തന്നെയാണ് എന്ന വസ്തുത മറക്കാതിരിക്കാം. 'നീ നീതിമാനായിരിക്കുന്നതുകൊണ്ട് സർവശക്തനു നേട്ടമുണ്ടോ? നിന്റെ മാർഗം കുറ്റമറ്റതെങ്കിൽ അവിടത്തേക്ക് എന്തെങ്കിലും ലാഭമുണ്ടോ?' എന്ന ജോബിന്റെ ചോദ്യം ഓരോ മനുഷ്യനോടുമാണ്. ദൈവത്തിനു വേണ്ടി എന്ന് കരുതി നാം ചെയ്യുന്നതൊക്കെ ഒടുവിൽ നമുക്കു വേണ്ടിത്തന്നെയായി ഭവിക്കും എന്നതിലാണല്ലോ നമ്മുടെ ആത്മീയ ജീവിതരഹസ്യം ഉൾച്ചേർന്നിരിക്കുന്നത്!

'മരുഭൂമിയെ തടാകങ്ങളായും വരണ്ട ഭൂമിയെ നീരുറവകളായും മാറ്റുന്ന' കർത്താവ് (സങ്കീ 107, 35) നമ്മുടെ ജീവിതത്തിലും നീതിയുടെ നീർച്ചാലുകൾ നിറയ്ക്കട്ടെ. നമ്മുടെ ഹൃദയാകാശത്തിലും നീതിയുടെ പ്രാവുകൾ ചിറകടിച്ചുയരട്ടെ. 'പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും' എന്ന് യേശു പറഞ്ഞത് നീതിമാന്മാരെക്കുറിച്ചാണ് എന്നത് എപ്പോഴും നമ്മുടെ ഓർമയിലുണ്ടാകട്ടെ.

***സജീവ് പാറേക്കാട്ടിൽ എറണാകുളം ലിസി ഹോസ്പിറ്റലിലെ പബ്ലിക് റിലേഷൻസ് മാനേജർ ആണ്. ഭാര്യ ജിൻസി. രണ്ടു മക്കൾ.***



**കവർസ്റ്റോറി** - ബിലാസ് ജോസഫ്, പാലാ

# നീതിക്കായി വിശക്കുന്നവർ

എല്ലാമുണ്ടെങ്കിലും എന്തോ കുറവുണ്ടെന്നൊരു തോന്നൽ. വിജയം, സൗഹൃദങ്ങൾ, പണം, സോഷ്യൽ മീഡിയയിലെ ലൈക്കുകൾ, എന്നിട്ടും ഉള്ളിലൊരു ശൂന്യത. നീ ഒരിക്കലെങ്കിലും ഇങ്ങനെ അനുഭവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിലത് നിന്റെ പരാജയമല്ല!.. നിന്റെ ആത്മാവിന്റെ വിശപ്പാണ്. അതുകൊണ്ടാണ് യേശു പറയുന്നത്: "നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ" (മത്താ 5, 6). നീതി എന്നത് പുസ്തകങ്ങളിലെ ഒരു വാക്ക് മാത്രമല്ല; ജീവിതത്തിലെ ഒരു നല്ല തെരഞ്ഞെടുപ്പ് കൂടിയാണ്. നീതി എന്ന വാക്ക് കേൾക്കുമ്പോൾ മനസ്സിലേക്ക് ഓടിയെത്തുന്നത് നിയമം, ശിക്ഷ, കോടതികൾ എന്നിങ്ങനെയൊക്കെയാണ്. എന്നാൽ, യേശു പറഞ്ഞ നീതിയതല്ല; നീതിയെന്നാൽ ശരിയെന്താണെന്ന് അറിഞ്ഞു ചെയ്യാനുള്ള ധൈര്യം, തെറ്റിനെ മൗനത്തോടെ അംഗീകരിക്കാതിരിക്കാനുള്ള കരുത്ത്, മനസ്സാക്ഷിയുടെ ശബ്ദം കേൾക്കാനുള്ള മനസ്സ് എന്നിവയെല്ലാമാണ്.

ആൻഡ്രൂ എന്ന യുവാവ് കലാലയ ജീവിതത്തിൽ വലിയ പ്രസംഗങ്ങൾ നടത്തിയിട്ടല്ല വ്യത്യസ്തനായത്. സമൂഹത്തിൽ വലിയ നിലയൊന്നുമില്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, ഒരു വിദ്യാർഥിയെ ഒരു ദിവസം ചിലർ പരിഹസിച്ചപ്പോൾ, അവൻ മുന്നോട്ട് വന്നു പ്രതികരിച്ചു; 'ഇത് ശരിയല്ല" അത്ര മാത്രം. അന്നവൻ കൂട്ടത്തിൽ നിന്ന് പുറന്തള്ളപ്പെട്ടു. പക്ഷേ, അവന്റെയുള്ളിൽ അവൻ ചെയ്തതിനെക്കുറിച്ച് കുറ്റബോധമോ, നിരാശയോ ഒന്നും തന്നെയുണ്ടായില്ല. താൻ ചെയ്യേണ്ട കാര്യം ചെയ്തു, തന്റെ കടമ നിർവഹിച്ചു, അത്രമാത്രമേ അവൻ വിചാരിച്ചുള്ളൂ. സമാധാനം അവനിൽ നിറഞ്ഞിരുന്നു. ഏറ്റവും എളിയവർക്കു ചെയ്തതെല്ലാം എനിക്കു തന്നെയാണ് ചെയ്തതെന്ന യേശുവിന്റെ വാക്കുകൾ അവനിൽ ജീവിച്ചു. നീതി പലപ്പോഴും സുഖവും സുഗന്ധവും സൗന്ദര്യവും നിറഞ്ഞ വാക്കുകളല്ല. അത് ഒരുനിമിഷത്തെ ശരിയായ തീരുമാനമാണ്.

## ഹൃദയത്തിലെ കൊലപാതകം

"സഹോദരനെ ദ്വേഷിക്കുന്നവൻ കൊലപാതകിയാണ്" (1 യോഹ 3, 15). നമ്മൾ ഒരാളെ ശാരീരികമായി കൊന്നിട്ടില്ലായിരിക്കാം. പക്ഷേ, അപമാനിച്ചപ്പോൾ മിണ്ടാതിരിക്കുക, അനീതി കണ്ട് കണ്ണടക്കുക, വിദ്വേഷം മനസ്സിൽ സൂക്ഷിക്കുക, ഇതെല്ലാം ഹൃദയത്തിൽ നടക്കുന്ന കൊലപാതകങ്ങളാണ്. അതുകൊണ്ടാണ് നീതിക്കായുള്ള വിശപ്പ് നമ്മുടെ ആത്മാവിന്റെ ആരോഗ്യമാണ് എന്ന് പറയുന്നത്.

"സൂര്യനു താഴേ മനുഷ്യന് അധ്വാനംകൊണ്ട് എന്തുഫലം?' (സഭാ 1, 3) നീതിപൂർവമല്ലാതെ നേടിയ വിജയം ദീർഘകാലം സന്തോഷം തരില്ല. എങ്ങനെയാണ് നീതിയിൽ ജീവിക്കേണ്ടത് എന്ന് സഭാപ്രസംഗകൻ നമ്മെ പഠിപ്പിക്കുന്നുണ്ട്. "ദൈവത്തെ ഭയപ്പെടുകയും അവന്റെ കല്പനകൾ പാലിക്കുകയും ചെയ്യുക" (സഭാ 12, 13) നീതിയെന്നത് ദൈവത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായി സ്വീകരിക്കുന്നതാണ്.

## ക്രൂശിന്റെ നിഴലിൽ നിൽക്കുന്ന നീതി

തന്റെ ജീവിതകാലത്തു യേശു പറഞ്ഞ വാക്കുകൾ സത്യം മാത്രമായിരുന്നു. പക്ഷേ, അത് കാതുകൾക്കു ഇമ്പവും. എല്ലാവരെയും തൃപ്തിപ്പെടുത്തുന്നതുമായ ഒന്നല്ലായിരുന്നു, അധികാരികളെ പ്രസാദിപ്പിക്കുന്ന വാക്കുകളുമായിരുന്നില്ല. സത്യം പറഞ്ഞതിന്റെ വിലയായി യേശു, നിന്ദയും നിരാകരണവും അവസാനം ക്രൂശുമേറ്റുവാങ്ങി. രക്തം വാർന്ന ശരീരത്തോടെ, വേദനയുടെ പാരമ്യത്തിൽ നിൽക്കുമ്പോഴും യേശുവിന്റെ ഹൃദയത്തിൽ വിദ്വേഷത്തിനിടമില്ലായിരുന്നു. യേശു പറഞ്ഞ വാക്കുകൾ ക്രിസ്തീയ നീതിയുടെ ഹൃദയസ്പന്ദനമാണ്: "പിതാവേ, അവരോട് ക്ഷമിക്കേണമേ; അവർ ചെയ്യുന്നതെന്തെന്ന് അവരറിയുന്നില്ല" (ലൂക്കാ 23, 34) ഇതാണ് ക്രിസ്തീയ നീതി. പ്രതികാരത്തിന്റെ ശക്തിയല്ല, വിദ്വേഷത്തിന്റെ വിജയമല്ല, പകരം ക്ഷമയിലൂടെ ഉയരുന്ന സ്നേഹത്തിന്റെ ധൈര്യം. ക്രൂശിന്റെ നിഴലിൽ നിൽക്കുന്ന ഈ നീതി മനുഷ്യനെ പുതുക്കുകയും ലോകത്തെ ശാന്തമാക്കുകയും ചെയ്യുന്നു.

അന്ത്യത്താഴ വേളയിൽ തന്നെ ഒറ്റി കൊടുക്കാനിരിക്കുന്നവനും തന്റെ ശരീരവും രക്തവും വിളമ്പിയതാണ് ക്രിസ്തുവിന്റെ നീതി. വി.കുർബാനയിലെ സ്ഥാപനവിവരണത്തിൽ ഇപ്രകാരം പറയുന്നു, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ ... അതെ, ആ ദിവസമാണ്, ആ രാത്രിയിലാണ് ഈശോ, തന്നെ നമുക്കായി മുറിച്ചു നൽകിയത്. നമുക്കായി വി.കുർബാന സ്ഥാപിച്ചത്. കുരിശുമരണത്തിലൂടെ മനുഷ്യകുലത്തെ രക്ഷയിലേക്കു നയിച്ചത്. നാം ചിന്തിക്കേണ്ടത് ഇപ്രകാരമാണ്: നമ്മെ ആരെങ്കിലും ഒറ്റികൊടുക്കുമ്പോളോ, തള്ളിപ്പറയുമ്പോളോ, നാം ചിന്തിക്കണം, അന്ന് ക്രിസ്തു നമുക്ക് കാണിച്ച ആ മാതൃക നാമും പിന്തുടരേണ്ടിയിരിക്കുന്നുവെന്ന്.

സഭയുടെ ചരിത്രത്തിലൂടെ നോക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കും ഈ നീതിയുടെ വഴിയേ നടന്ന അനേകം വിശുദ്ധരെ. അവർ വാക്കുകളാൽ മാത്രമല്ല, ജീവിതം കൊണ്ടു തന്നെ ഈ സത്യത്തിനു സാക്ഷ്യം വഹിച്ചു. സെന്റ് അഗസ്റ്റിൻ ഹൃദയത്തിന്റെ



Head of Christ on the cross by Peter Paul Rubens (1577-1640)

ആഴം തുറന്നു പറയുന്നു: "ദൈവത്തിൽ വിശ്രമിക്കുന്നതുവരെ എന്റെ ഹൃദയം അസ്വസ്ഥമാണ്." ലോകം നൽകുന്ന നേട്ടങ്ങളും വിജയങ്ങളും ആനന്ദങ്ങളും, ഹൃദയത്തെ താത്കാലികമായി സന്തോഷിപ്പിച്ചേക്കാം. പക്ഷേ, നീതിയുടെയും സത്യത്തിന്റെയും ദൈവം ഹൃദയത്തിൽ വസിക്കുമ്പോഴേ യഥാർഥ ആനന്ദമുണ്ടാകൂ. കൊൽക്കത്തയിലെ വിശുദ്ധ തെരേസ നീതിയെ വലിയ പ്രസംഗമാക്കി മാറ്റിയില്ല. പക്ഷേ, അവരത് ദിനചര്യയിലെ ചെറിയ പ്രവൃത്തികളാക്കി ജീവിച്ചു. "ചെറിയ കാര്യങ്ങളിൽ പോലും വലിയ സ്നേഹത്തോടെ നീതി ജീവിക്കുക." അവരുടെ വാക്കുകൾ യുവജനങ്ങളെ ഓർമിപ്പിക്കുന്നു: നീതി വിപ്ലവമായിരിക്കണമെന്നില്ല അതൊരു സ്നേഹപൂർണമായ അനുദിന സാക്ഷ്യമായിരിക്കാം. ഫ്രാൻസിസ് പാപ്പ യുവജനങ്ങളോട് പറഞ്ഞ കാര്യമിതാണ്. "നീതിക്കായി അസ്വസ്ഥരായിരിക്കൂ; ഈ അസ്വസ്ഥത തന്നെയാണ് മാറ്റത്തിന്റെ തുടക്കം." നിശ്ശബ്ദതയും അനാസക്തിയും ലോകത്തെ മാറ്റില്ല. നീതിക്കായുള്ള ആന്തരിക അസ്വസ്ഥത ദൈവം യുവഹൃദയങ്ങളിൽ നട്ടുവളർത്തുന്ന വിശുദ്ധമായ തീയാണ്.

## "അവർക്ക് സംതൃപ്തി ലഭിക്കും": വാഗ്ദാനം

ലോകം വാഗ്ദാനം ചെയ്യുന്ന സന്തോഷം ഒരു നിമിഷം അല്ലെങ്കിൽ അൽപ നാളുകൾ മാത്രമാണ്. അത് കൈവിട്ടുപോകുമ്പോൾ ഹൃദയം വീണ്ടും ശൂന്യമാകുന്നു. യേശു നൽകുന്നത് വസ്തുക്കളുടെ സന്തോഷമല്ല, ആത്മാവിന്റെ നിറവാണ്. യേശു പറയുന്നു: "ജീവന്റെ അപ്പം ഞാൻ തന്നെയാണ്; എന്റെ അടുക്കൽ വരുന്നവന് ഒരിക്കലും വിശക്കുകയില്ല" (യോഹ 6, 35). നീതിക്കായി വിശക്കുന്നവർ ഒരിക്കലും ശൂന്യരാവില്ല. കാരണം അവരുടെ വിശപ്പിന് മറുപടിയായി യേശു തന്നെ അവരുടെ ജീവിതത്തിൽ അപ്പംപോലെ അലിഞ്ഞുചേരുന്നു. അവിടെയാണ് സംതൃപ്തി ഒരനുഭവമല്ലാതെ ഒരു ജീവിതാവസ്ഥയാകുന്നത്.

യുവജനങ്ങളേ, ഇതാണ് വിളി; ഇന്നത്തെ ലോകത്തിന് ആവശ്യം പൂർണതയുള്ളവരെയല്ല. മറിച്ച് സത്യത്തിനായി, നീതിക്കായി വിശക്കുന്നവരെയാണ്. നീ ഒറ്റയ്ക്കാകാം. പക്ഷേ, നീ തെറ്റായ വഴിയിലല്ല. കാരണം നീ വിശക്കുന്നത് ദൈവത്തിനായയാണ്. നീതിക്കായി വിശക്കുന്ന ഹൃദയങ്ങൾ ക്രിസ്തുവിൽ വിശ്രമം കണ്ടെത്തട്ടെ; അവന്റെ സ്നേഹത്തിലൂടെ ഈ തലമുറ പുതുക്കപ്പെടട്ടെ. അങ്ങനെ അവർ സംതൃപ്തരാവട്ടെ. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ; അവർക്കു സംതൃപ്തി ലഭിക്കും (മത്താ 5, 6).

***ബിലാസ് ജോസഫ് : മോട്ടിവേഷണൽ സ്പീക്കർ, അധ്യാപകൻ, കത്തോലിക്ക റിസോഴ്സ് പേഴ്സൺ, ഭാര്യയോടും ആറു മക്കളോടുമൊപ്പം പാലായിൽ താമസം.***





# സർവ്വം വായന

അനുഭവിച്ചു തന്നെയറിയണം വായന നൽകുന്ന അനുഭവം. സുഖകരമാകാം ആനന്ദകരമാകാം ചിലപ്പോളത് അറിവിന്റെ ആകാശങ്ങളിലേക്ക് ആനയിക്കും നമ്മെ. ജീവിതത്തിന്റെ ഊടും പാവും നെയ്യുന്നതിനു നിർണായകമാകുമത്. ചരിത്രം ചമയ്ക്കാൻ ചാലകശക്തിയായി ചില പുസ്തകങ്ങൾ ചാരത്തുതന്നെയുണ്ട്. കൈകൂപ്പി വേണമത് കൈയിലെടുക്കാൻ. ആരവങ്ങൾക്കിടയിലും നിശ്ശബ്ദത ആസ്വദിക്കാനും ആത്മീയാനന്ദം അനുഭവിക്കാനും വായനയിൽപരം മറ്റെണ്ടുണ്ട്? വായനയുണ്ടെങ്കിൽ യാതന കുറയുമെന്ന് അനുഭവങ്ങൾ. വായിക്കുന്ന വരികളുടെ സംസാരവും നമ്മുടെ ചിന്തകളും തമ്മിലുള്ള സുന്ദര സ്വകാര്യ സംഭാഷണമല്ലേ വായന. നമ്മുടെ തീരുമാനങ്ങളെയും തെരഞ്ഞെടുപ്പുകളെയും പുനർവിചിന്തനത്തിന് പ്രേരിപ്പിക്കുന്നുണ്ട് പുസ്തകത്താളിലെ കഥാപാത്രങ്ങൾ. വേഗത നിറഞ്ഞ ലോകത്ത് വായന നൽകുന്ന ശാന്തതയും നിശ്ശബ്ദതയുമുള്ള ഇടങ്ങൾ അപൂർവമെങ്കിലും, സ്വയം കണ്ടെത്തലിന്റെ ആഴങ്ങളിലേക്ക് നമ്മൾ ആനയിക്കപ്പെടുന്നു.

ലോകമെമ്പാടും പടർന്നു പന്തലിച്ചു നിൽക്കുന്ന ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ മാധ്യമ വിഭാഗമായ കെയ്റോസ് മീഡിയ പ്രസിദ്ധീകരിച്ചിരിക്കുന്ന നിരവധിയായ പുസ്തകങ്ങളിൽനിന്ന് തെരഞ്ഞെടുത്ത ചിലത് നിങ്ങൾക്കായി പരിചയപ്പെടുത്തുന്നു.

**എല്ലാവർക്കും ഹൃദ്യമായ വായനാശംസകൾ**


*Scan the QR code to check-out our books
Kairos MEDIA
300/-
വെള്ളിത്താരകവും മരക്കുരിശും
ബിഷപ് ഡോ. അലക്സ് വടക്കുംതല
140/-
കാറ്റ് വീശുന്ന വഴികൾ
ഡോ. എഡ്വേർഡ് എടേഴത്ത്
300/-
അബ്ബാ ഹൃദയം
നീൽ ലൊസാനോ
200/-
Listening to young People
Amoris Christi
180/-
Participatory Church
Leo Tom Vadakkan
200/-
Rivers of Living Water
Edward Edezhath
200/-
Shepherd's Whisper
Fr. Dheeraj Sabu IMS
25/-
The Silent Killer
Babu John
200/-
കുളിർമയുള്ള തീച്ചൂള
സണ്ണി കോക്കാപ്പിള്ളിൽ
150/-
ദൈവത്തിന്റെ സമ്മാനം
സി. ജിയാ എം. എസ്. ജെ.
200/-
ദൈവത്തിന്റെ മൗനം
ശശി ഇമ്മാനുവേൽ
100/-
പാപ്പാ പറയുന്നു
ഡോ. കൊച്ചുറാണി ജോസഫ്
150/-
ആലീസുകുട്ടിയും അത്ഭുതലോകവും
സുജമോൾ ജോസ്
199/-
ഞങ്ങടെ സ്വന്തം പള്ളിയച്ചൻ
Various Authors
130/-
ഒലേല
250/-
Buds Diary
100/-
ഇന്ത്യയുടെ സ്വന്തം കാർലോ
ദയ
100/-
Sing Hallelulah
Adress:
Kairos Media, No 8/174, Navodaya Studio Complex, Thengod P.O., Cochin, Kerala, India, Pin: 682030
Phone number:
Leena : +91 62382 79115
Ayonna : +91 79076 19471
Jimcy : +91 62826 76427
Kairos Publications



**സ്പോർട്സും വിശ്വാസവും** - ജോബി ബേബി, കുവൈറ്റ്





## NEMANJA MAJDOV

**"എനിക്ക് വ്യക്തിപരമായും സ്പോർട്സ് കരിയറിലും വേണ്ടതെല്ലാം എന്റെ കർത്താവ് നൽകിയിട്ടുണ്ട്. അവൻ എനിക്ക് ഒന്നാം സ്ഥാനത്താണ്. അതിൽ ഞാൻ അഭിമാനിക്കുന്നു."**

2024 ലെ പാരീസ് ഒളിമ്പിക്സ്, വിവാദങ്ങളുടെ ഒരു പെരുമഴ സൃഷ്ടിച്ചാണ് കടന്നു പോയത്. അതിലൊന്നാണ് മത്സരത്തിനു മുൻപും അതിനു ശേഷവും കുരിശ് വരച്ചതിന്റെ പേരിൽ ഒരു അന്താരാഷ്ട്ര താരത്തെ അഞ്ചു മാസത്തെ തന്റെ എല്ലാ ജൂഡോ മത്സരങ്ങളിൽ നിന്നും വിലക്കി എന്നുള്ളത്. 2024 പാരിസ് ഒളിമ്പിക്സ് ഗെയിംസിൽ, കുരിശടയാളം വരച്ചതിന് ഇന്റർനാഷണൽ ജൂഡോ ഫൗണ്ടേഷനാണ് ഇത്തരത്തിലുള്ള കടുത്ത നടപടി നെമഞ്ജ മജ്ഡോവിനോട് കാട്ടിയത്.

ഇന്റർനാഷണൽ ജൂഡോ ഫൗണ്ടേഷൻ പുറത്തിറക്കിയ വാർത്താ കുറിപ്പിൽ പറയുന്നത്, "കളിക്കളത്തിൽ മതപരമായ അടയാളം നൽകിയത് ലീഗിന്റെ നിയമങ്ങൾക്കു വിരുദ്ധമാണെന്നും നിരവധി ലീഗ് നിർദേശങ്ങൾ ലംഘിച്ചതിനാലുമാണ് മജ്ഡോവിനെ പൂർണമായി വിലക്കുന്നത്. 2018ലും 2022ലും ഇതേ മുന്നറിയിപ്പ് നൽകിയിരുന്നതായും ജൂഡോയിൽ കളിസ്ഥലത്ത് മതപരമോ രാഷ്ട്രീയമോ വംശീയമോ മറ്റ് അടയാളങ്ങളോ പ്രദർശിപ്പിക്കുന്നത് വിലക്കുന്ന നിയമത്തെക്കുറിച്ച് അറിയില്ല എന്ന അദ്ദേഹത്തിന്റെ അവകാശവാദങ്ങൾ തള്ളുകയാണെന്നും പുറത്തിറക്കിയ കുറിപ്പിൽ പറയുന്നുണ്ട്.

ഇതിനിടെ ഫെഡറേഷന്റെ തീരുമാനത്തോട് പ്രതികരണവുമായി ഇൻസ്റ്റാഗ്രാമിൽ മജ്ഡോവ് പോസ്റ്റ് പങ്കുവച്ചു. അതിൽ കുരിശിന്റെ അടയാളം വരച്ചതിന് താൻ ക്ഷമ ചോദിക്കാൻ ആഗ്രഹിക്കുന്നില്ലായെന്നും തീർച്ചയായും അത് ഞാൻ ഒരിക്കലും ചെയ്യില്ലായെന്നും അദ്ദേഹം പ്രസ്താവിച്ചു. "എനിക്കുവേണ്ടി വ്യക്തിപരമായും എന്റെ കരിയറിനായും കർത്താവ് എല്ലാം തന്നിട്ടുണ്ട്, അവൻ എനിക്ക് ഒന്നാം നമ്പർ ആണ്, അതിൽ ഞാൻ അഭിമാനിക്കുന്നു; അത് ഒരു വ്യവസ്ഥയിലും മാറില്ല. ദൈവത്തിനു മഹത്വം, എല്ലാത്തിനും നന്ദി." സെർബിയൻ ഓർത്തഡോക്സ് വിശ്വാസിയായ താരം ഏതവസരത്തിലും തന്റെ ക്രൈസ്തവ വിശ്വാസം പ്രഘോഷിക്കുന്നതിൽ യാതൊരു മടിയും കാണിക്കാത്ത വ്യക്തിയാണ്.

***(ലേഖകൻ കുവൈത്തിൽ നഴ്സായി ജോലി ചെയ്യുന്നു).***





# മൗറേഷ്യസിലെ ഡോഡോ പക്ഷികൾ

**വംശനാശം എന്ന വിപത്തിനെ ഓർമപ്പെടുത്തി, നമുക്കുനേരെയും വരുംതലമുറയ്ക്കും ചൂണ്ടുപലകയാകുന്ന ലേഖനം.**

ഏറെ നാൾ ആഗ്രഹിച്ചിരുന്നതാണ് സ്കാന്റിനേവിയൻ രാജ്യങ്ങളിലേക്കുള്ള ഒരു യാത്ര. സാധ്യമായത് 2025 ജൂലൈ മാസത്തിന്റെ മധ്യത്തോടെ. എസ്റ്റോണിയ, ഫിൻലൻഡ്, നോർവേ, സ്വീഡൻ, ഡെൻമാർക്ക് എന്നീ രാജ്യങ്ങളിലൂടെയായിരുന്നു യാത്ര. ഇതിൽതന്നെ താത്പര്യപൂർവം കാത്തിരുന്ന സന്ദർശനമായിരുന്നു സ്വീഡനിലേക്ക്. സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ക് ഹോം, നോബേൽ സമ്മാനവുമായി ബന്ധപ്പെട്ടു കിടക്കുന്ന സ്ഥലമാണല്ലോ!

## നോബേൽ പ്രൈസ് മ്യൂസിയം

സ്റ്റോക്ക് ഹോമിലെ നോബേൽ പ്രൈസ് മ്യൂസിയം ഏറെ ആകർഷകമായ ഒരു സ്ഥലമാണ്. വർഷാവർഷങ്ങളായി നോബേൽ സമ്മാന ജേതാക്കളെല്ലാം അവരുടെ ഏറ്റവും പ്രിയപ്പെട്ട എന്തെങ്കിലും ഒരു വസ്തു ഈ മ്യൂസിയത്തിലേക്ക് സംഭാവന ചെയ്യണമെന്നുള്ളത് നിർബന്ധമാണ്. അതിൻപ്രകാരം ടാംബലക്കോക്ക് (Tambalacoque) എന്ന മരത്തിന്റെ കായയാണ് 2008ൽ സാഹിത്യത്തിനുള്ള നോബേൽ പുരസ്കാര ജേതാവായ ജീൻ-മേരി ഗുസ്താവ് (Jean-Marie Gustave) സംഭാവന നൽകിയത്. മൗറീഷ്യസ് ദ്വീപിൽ വ്യാപകമായി കണ്ടുവന്നിരുന്ന ഈ മരത്തിന്റെ വിത്തുകൾ വ്യാപിച്ചിരുന്നത് ഡോഡോ പക്ഷിയുടെ കാഷ്ഠം വഴിയെന്നത് പ്രകൃതിയുടെ ക്രമം. ഈ മരത്തിന്റെ പഴം കഴിക്കുന്ന ഡോഡോ പക്ഷിയുടെ ദഹനേന്ദ്രിയത്തിൽ കിടന്ന് ആ കുരുവിന്റെ പുറന്തോട് പൊടിഞ്ഞു പുറത്തുവരണം. എന്നാൽ, മൗറീഷ്യസിലേക്ക് കുടിയേറിയവർ വ്യാപകമായി ഡോഡോ പക്ഷിയെ കൊന്നു തീർത്തതോടെ, ടാംബലക്കോക്ക് എന്ന മരത്തിന്റെ നിലനിൽപ്പ് തന്നെ അവതാളത്തിലായി. മേരി ഗുസ്താവ് നോബേൽ പ്രൈസ് മ്യൂസിയത്തിലേക്ക് നൽകിയത് ഈ മരത്തിന്റെ കായയാണ്. അധിനിവേശത്തിലൂടെ വംശനാശ ഭീഷണി നേരിട്ട ഒരു മരത്തിന്റെ കായ.

## മാറിമറിയുന്ന മുൻഗണനകൾ

ഒരു ദശകത്തോളമായി പ്രവാസ ദേശത്ത് വിശ്വാസ പരിശീലന പ്രക്രിയയിൽ സജീവ സാന്നിധ്യമായി ഞാൻ തുടരുന്നുണ്ട്. പരിശീലനാർഥികളുടെ മാതാപിതാക്കളുമായി നേരിട്ട് സംസാരിക്കാനും മക്കളുടെ ക്ഷേമാന്വേഷണങ്ങൾ നടത്താനും ലഭിക്കുന്ന അവസരങ്ങൾ നഷ്ടപ്പെടുത്താറുമില്ല. അക്കാദമിക് വിഷയങ്ങളിൽ സ്കൂളിൽ ഉന്നത സ്ഥാനീയരായ കുട്ടികൾ പ്രസ്തുത സ്ഥാനം നിലനിർത്താനായി വിശ്വാസ പരിശീലന ക്ലാസ്സുകളിലോ പരീക്ഷകളിലോ ശ്രദ്ധ പതിപ്പിക്കാറില്ല എന്നു മാത്രമല്ല, അതിനായി അവർ പ്രോത്സാഹിക്കപ്പെടാറുമില്ല എന്നത് അസ്വസ്ഥപ്പെടുത്തുന്ന ചിന്തകളായി മനസ്സിൽ കയറിക്കൂടാറുണ്ട്. "ശൈശവത്തിൽത്തന്നെ നടക്കേണ്ടവഴി പരിശീലിപ്പിക്കുക, വാർധക്യത്തിലും അതിൽനിന്ന് വ്യതിചലിക്കുകയില്ല" (സുഭാ 22, 6). വിശ്വാസ വഴികളിൽ മക്കളെ നടത്താനുള്ള മാതാപിതാക്കളുടെ തീക്ഷ്ണതയ്ക്ക് പുതുമാനം കൈവരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ക്രിസ്തീയ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പ്രമാണരേഖയായ Gravismum Educationis-ൽ പൊതുവിദ്യാഭ്യാസത്തോടൊപ്പം ക്രിസ്തീയ വിശ്വാസങ്ങളും മക്കളെ പഠിപ്പിക്കുന്നതിനുള്ള മാതാപിതാക്കളുടെ ഉത്തരവാദിത്വം സവിശേഷമായി പ്രതിപാദിക്കുന്നുണ്ട്

"ഡൽഹിയിൽ ചെന്നിട്ട് അവിടെയുള്ള മലയാളികളെ തേടിപ്പിടിച്ച്, അവരുടെകൂടെ കഴിയാനാണെങ്കിൽ, നീ അങ്ങോട്ട് പോകണ്ട. ഡൽഹിയിലുള്ളതിനെക്കാൾ കൂടുതൽ മലയാളികൾ കേരളത്തിലുണ്ട്"

## മക്കളെ ഭയക്കുന്ന മാതാപിതാക്കൾ

അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ ഒരു പ്രസംഗം ഈ അടുത്ത നാളുകളിലൊന്നിൽ കേൾക്കാനിടയായി. മക്കളെ ഭയന്നു കഴിയുന്ന മാതാപിതാക്കളെ കുറിച്ചാണ് പിതാവ് സൂചിപ്പിച്ചത്. മക്കളെ ശിക്ഷണത്തിൽ വളർത്തുന്നതിന്റെ പ്രാധാന്യവും, അതിലൂടെ ഉത്ഭൂതമാകുന്ന സന്തോഷവും സുഭാഷിതങ്ങളിൽ വ്യക്തമാക്കുന്നുണ്ട്, (സുഭാ 29, 17). 'കമ്പിളികണ്ടത്തെ കൽഭരണികൾ' എന്ന പുസ്തകം തികച്ചും പ്രതികൂല ചുറ്റുപാടുകളിൽ നിന്നും ഉയർന്നുവന്ന ഒരു മനുഷ്യ പ്രയത്നത്തിന്റെ നേർക്കാഴ്ചയാണ്. ഡൽഹിയിലേക്ക് പഠിക്കാൻ പോകുന്ന മകനോട്, അവന്റെ അമ്മ പറയുന്ന ഒരു ഡയലോഗ് ഉണ്ട്: "ഡൽഹിയിൽ ചെന്നിട്ട് അവിടെയുള്ള മലയാളികളെ തേടിപ്പിടിച്ച്, അവരുടെ കൂടെ കഴിയാനാണെങ്കിൽ, നീ അങ്ങോട്ട് പോകണ്ട. ഡൽഹിയിൽ ഉള്ളതിനേക്കാൾ കൂടുതൽ മലയാളികൾ കേരളത്തിലുണ്ട്." ഇല്ലായ്മകൾക്കിടയിലും മകനോട് ധൈര്യപൂർവം അവന്റെ ലക്ഷ്യത്തെ ഓർമപ്പെടുത്തിക്കൊണ്ട് പറയുന്ന ആ അമ്മയുടെ ശബ്ദം ഇന്ന് നമ്മുടെ കുടുംബങ്ങളിൽ മാറ്റൊലികൊള്ളേണ്ടതാണ്.

## പാറമേൽ പണിത ഭവനം

എന്റെ വചനം ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യന് തുല്യനാണ് (മത്താ 7, 21). പാറമേൽ ഭവനം പണിയാൻ നമ്മുടെ പുതുതലമുറയെ ഒരുക്കുന്നതിൽ നാം പ്രകടിപ്പിക്കുന്ന അലംഭാവങ്ങൾ ഇന്നു നമുക്കു ചുറ്റും ദൃശ്യപ്പെടുന്ന പല കാഴ്ചകളിലും പ്രകടമാണ്. വർധിച്ചു വരുന്ന ആത്മഹത്യാ പ്രവണതകളും സ്നേഹാംശമില്ലാത്ത പ്രണയങ്ങളും ആരോടും പ്രതിബദ്ധതയില്ലാത്തതും ആഡംബരപൂർണവുമായ ജീവിത രീതികളും കമ്പോളവത്കരണത്തിന്റെ ഓരം ചേർന്നുള്ള ഗമനങ്ങളും എല്ലാം ഈ അലംഭാവത്തിന്റെ ഉപോത്പന്നങ്ങൾ തന്നെ. പുതുതലമുറയെ ഒരുക്കേണ്ട ഉത്തരവാദിത്വത്തിന്റെ ഗൗരവം പണ്ടത്തേക്കാൾ അധികമാകുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. മലയാള സിനിമയിലെ നിറസാന്നിധ്യമായ ശ്രീനിവാസൻ ഈ അടുത്ത നാളുകളിൽ ഒന്നിൽ നടത്തിയ ഒരു അഭിമുഖത്തിൽ പ്രയോഗിച്ച ഒരു പദം 'ബ്ലൂ ടൂത്ത് മലയാളി' എന്നാണ്. സദാസമയവും ചെവിയിൽ ബ്ലൂ ടൂത്തുമായി നടക്കുന്നവർ! പുതുതലമുറയുടെ രീതികളും ഒട്ടും ഭിന്നമല്ല. എന്തിനും ഏതിനും ബ്ലൂ ടൂത്തിലൂടെ ലഭിക്കുന്ന ചിന്തകളെ മനസ്സിൽ ആവാഹിക്കുന്ന ഒരു രീതി. ഔചിത്യപൂർണമായ ഇടപെടലുകൾ ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തു നിന്നുണ്ടാകുന്നില്ലെങ്കിൽ, പിന്നീട് വലിയ വില നൽകേണ്ടി വരും.

## അധിനിവേശത്തിന്റെ പുതുമാനങ്ങൾ

സോഷ്യൽ മീഡിയയിലൂടെ വിതരണം ചെയ്യപ്പെടുന്ന അസത്യങ്ങളും അർധസത്യങ്ങളും പുതുതലമുറയുടെ മസ്തിഷ്കപ്രക്ഷാളനത്തിനു ഹേതുവാകുന്നുണ്ട്. ശരി–തെറ്റുകളെ വേർതിരിച്ചെടുക്കാൻ പറ്റാത്ത വിധം കൗശലപൂർണമായിട്ടാണ് ഇവ ക്രമപ്പെടുത്തപ്പെട്ടിരിക്കുന്നത്. Social media emphasize the need for prudence, discernment and human touch എന്നതാണ് ലെയോ പതിനാലാമൻ പാപ്പയുടെ മുന്നറിയിപ്പ്!

വംശനാശം നേരിട്ട ടാംബലക്കോക്ക് മരത്തിന്റെ വിവരണത്തിലൂടെയാണ് ഈ എഴുത്ത് ആരംഭിച്ചത്. നമ്മുടെ പുതു തലമുറയുടെ ജീവിതക്രമങ്ങളിലേക്കും വിശ്വാസ ജീവിതങ്ങളിലേക്കും ബോധധാരകളിലേക്കും സമാനമായ അധിനിവേശം നടക്കുന്നു എന്നത് ഒരപായ സൂചനയാണ്. മറ്റൊരു ജൈവ മണ്ഡലം ഈ പ്രപഞ്ചത്തിൽ വേറെ ഇല്ലെന്നും ജനിതകമാറ്റം വരുത്തിയ മനുഷ്യനും ചൊവ്വാഗ്രഹത്തിലേക്കുള്ള കുടിയേറ്റവും ശാസ്ത്ര കഥകൾക്കപ്പുറം വികസിച്ചിട്ടില്ല എന്നതും യാഥാർഥ്യങ്ങളാണ്. ഈ ഭൂമിയിലുള്ള ഓരോ വ്യക്തിയുടേയും ജീവിതത്തിന് ഒരു ലക്ഷ്യമുണ്ടെന്നും അതിനായിട്ടാണ് അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും പരിശുദ്ധാത്മാവിന്റെ ആലയങ്ങളായി അവ സംരക്ഷിക്കപ്പെടണമെന്നും ആവേശപൂർവം പുതുതലമുറയ്ക്ക് പറഞ്ഞു കൊടുക്കാനുള്ള ദൗത്യത്തിൽനിന്ന് നാം പിന്മാറിക്കൂടാ. ഈ ഉദ്യമത്തിന് കുടപിടിക്കുകയും വർണം ചാലിക്കുകയും ചെയ്താലേ അധിനിവേശങ്ങളെ സൃഷ്ടിപരമായി നേരിടാനാവൂ.

"യേശു ചെയ്ത മറ്റു പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ, ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനുതന്നെ സാധിക്കാതെവരുമെന്നാണ് എനിക്കു തോന്നുന്നത്" (യോഹ 21, 25); യോഹന്നാൻ തന്റെ സുവിശേഷം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്. ലിഖിത വചനങ്ങളും അലിഖിത വിശ്വാസ സത്യങ്ങളുമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ കാമ്പും കാതലും. യുക്തിയുടെ ജനാലകളിലൂടെ മാത്രം ഇവയെ നോക്കികാണുന്നതിനു പകരം ഭക്തിവിശ്വാസങ്ങളുടെ നയനങ്ങളിലൂടെ വിശ്വാസ സത്യങ്ങളെ സമീപിക്കാനുള്ള സമീപനരീതിയുടെ തലമുറ കൈമാറ്റം സംഭവിച്ചില്ലെങ്കിൽ ഡോഡോ പക്ഷികൾ നേരിട്ട ദുരന്തം നമുക്കും വിദൂരമാകില്ല.

However far you may wonder, he is always there എന്ന ഫ്രാൻസീസ് പാപ്പയുടെ വാക്കുകൾ ഇന്നാളുകളിൽ ധ്വനികളും പ്രതിധ്വനികളും തീർക്കണം.

***ടോം അലക്സ്: എഞ്ചിനീയർ, ഭാര്യ ജിറ്റിയോടൊപ്പം ദുബായിൽ താമസം. രണ്ടു മക്കൾ. ഷാർജയിൽ സെന്റ് മൈക്കിൾസ് ചർച്ച് ശുശ്രൂഷകളിൽ സജീവം.***




*ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി മ്യൂസിയം ഓഫ് നാച്ചുറൽ ഹിസ്റ്ററിയിലെ ഡോഡോ പക്ഷിയുടെ അസ്ഥികൂടവും മാതൃകയും.*



യുവ/യൂത്ത് ഫോക്കസ്സ് - ജിതിൻ ജോസഫ്, ഭോപ്പാൽ

# ഗോഡ്സ് ഓൺ ഇൻഫളുവൻസർ



ഹെല്ലോ ഗയ്സ്, വെൽക്കം ടു മൈ യൂട്യൂബ് ചാനൽ, ഐ ആം എ വ്ളോഗർ, ഐ ആം എ സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ.. നമ്മുടെയൊക്കെ കൈയിലുള്ള സ്മാർട്ട് ഫോണുകൾ, ലാപ്ടോപ്പുകൾ ഇവ തുറന്നാൽ, എപ്പോഴും നമ്മളെ തേടിയെത്തുന്ന ശബ്ദങ്ങളിലൊന്ന് ഇവയിൽ ഏതെങ്കിലുമൊന്നായിരിക്കും.

സോഷ്യൽ മീഡിയ ഉപയോഗിക്കാത്തവരായി ആരാണിന്നുള്ളത്. ഇന്നെല്ലാത്തിന്റെയും അനന്തമായ സാധ്യതകൾ നമ്മുടെയൊരു വിരൽത്തുമ്പിലുണ്ട്. ആശയവിനിമയം, സംശയനിവാരണം, പഠനം, വിനോദം അങ്ങനെ മറ്റെന്തൊക്കെ സാധ്യതകളാണ് സമൂഹമാധ്യമങ്ങൾ നമുക്ക് മുമ്പിൽ വച്ചുനീട്ടുന്നത്.

നന്മ/തിന്മകൾക്കെതിരെ പ്രതികരിക്കാൻ ഏറ്റവും നല്ല മാർഗമായി ഇന്ന് സമൂഹമാധ്യമങ്ങൾ മാറിയിരിക്കുന്നു.

അതിനുള്ള ഉത്തമ ഉദാഹരണമാണ് നേപ്പാളിന്റെ തെരുവീഥികളിൽ അരങ്ങേറിയിരിക്കുന്നത്. അഴിമതിക്കും അരാജകത്വത്തിനും എതിരെ ശബ്ദമുയർത്തിയപ്പോൾ, വായ്മൂടിക്കെട്ടിയും അടിച്ചമർത്തിയും സ്വാതന്ത്ര്യം നിഷേധിച്ചവർക്കെതിരെ ഒരു യുവതലമുറ ഇറങ്ങിത്തിരിച്ചു. സമൂഹമാധ്യമങ്ങളിലൂടെയെങ്കിലും പ്രതികരിക്കുവാനുള്ള തങ്ങളുടെ സ്വാതന്ത്ര്യത്തെ തടഞ്ഞു നിറുത്തിയപ്പോൾ, അവരുടെ പ്രതികരണം വളരെ വലുതായിരുന്നു, അവരാൽ ഉയർത്തപ്പെട്ട ഒരു രാഷ്ട്രീയ സമുച്ചയം തന്നെ അതിന്റെ പതനം കണ്ടു.

അങ്ങനെയെങ്കിൽ കർത്താവിന്റെ മുന്തിരിതോട്ടത്തിൽ അവന്റെ മേച്ചിൽപുറങ്ങളിൽ നീലസമുദ്രങ്ങൾക്കും അപ്പുറം പരന്നുകിടക്കുന്ന സമതലങ്ങളിൽ, അവന്റെ 'യൂത്തന്മാർ' അവന്റെ 'ന്യൂജൻ പിള്ളേർ' ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകളുമായി സമൂഹമാധ്യമങ്ങളുടെ അകമ്പടിയോടെ ഇറങ്ങിത്തിരിച്ചാൽ എത്രയോ പേർക്ക് ദൈവരാജ്യത്തിന്റെ സുവിശേഷം അറിയുവാൻ സാധിക്കും. എ.ഐ, ജമിനി, മെറ്റാ, അങ്ങനെ ന്യൂജൻ സാങ്കേതിക വിദ്യകൾ സുവിശേഷ പ്രഘോഷണത്തിനായി ഉപയോഗിക്കാൻ സാധിക്കുമെങ്കിൽ അത് ഒത്തിരിയധികം ആളുകൾക്ക് ഉപകാരപ്രദമായിരിക്കും.

കമ്പ്യൂട്ടർ ഉപയോഗിച്ച, ജീൻസ് ധരിച്ച, ടീഷർട്ട് ഇട്ട, ലോകത്തിന്റെ ചെറിയൊരു കോണിൽ ഇരുന്ന് ഇന്റർനെറ്റിന്റെ സഹായത്തോടെ ലോകത്ത് നടന്ന എല്ലാ ദിവ്യകാരുണ്യ അത്ഭുതങ്ങളും ഒരുമിപ്പിച്ച് ഒരു വെബ്സൈറ്റ് തുടങ്ങിയ, ഈശോയെയും ദിവ്യ കാരുണ്യത്തെയും അത്രയധികം സ്നേഹിച്ച ഒരു ചെറുപ്പക്കാരൻ, ഒരു ചുള്ളൻ ചെറുക്കൻ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ഇൻഫ്ളുവൻസറായി. കാർലോ അക്യുറ്റിസ്, അവനി



പ്പോൾ ലോകം മുഴുവനെന്നും ഇൻഫളുവൻസ് ചെയ്യുന്നു. ഏതെങ്കിലും ഒരു ആശ്രമത്തിന്റെയോ മിണ്ടാമഠത്തിന്റെയോ നാല് ചുവരുകൾക്കുള്ളിൽ, എപ്പോഴും പ്രാർഥിച്ചും ധ്യാനിച്ചും ബൈബിൾ വായിച്ചും ഇരുന്നാൽ മാത്രമേ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുകയുള്ളൂ എന്ന പരമ്പരാഗത ചിന്താഗതികളെ തച്ചുടച്ച് വേറിട്ട ഒരു ശബ്ദമായി കാർലോ നിലനിൽക്കുന്നു.

മുഖത്തെ താടിയെല്ലിൽ പടർന്നു പിടിച്ച കാൻസർ തന്റെ ബാഹ്യസൗന്ദര്യത്തെ വികൃതമാക്കിയപ്പോഴും ദിവ്യകാരുണ്യത്തോടുള്ള സ്നേഹത്തെപ്രതി തന്റെ  ദൈവത്തോടുള്ള സ്നേഹത്തെപ്രതി തന്റെ ആന്തരിക സൗന്ദര്യം കാത്തുസൂക്ഷിച്ച ഒരു ന്യൂജൻ ഇൻഫ്ളുവൻസറാണ് 'ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി എന്നറിയപ്പെടുന്ന അജ്ന ജോർജ്.' തന്റെ ജീവിതത്തിന്റെ യൗവനം മുഴുവൻ കർത്താവിനായി സമർപ്പിച്ച, യുവജനങ്ങളെ ജീസസ് യൂത്ത് മിഷൻ വഴിയായി ദൈവത്തിലേക്ക് അടുപ്പിച്ച്  പെട്ടെന്ന് നിത്യ സമ്മാനത്തിനായി ഇറങ്ങിത്തിരിക്കുമ്പോൾ അവളുടെ ആദിവ്യകാരുണ്യ ഭക്തിയും സഹനശക്തിയും കൊച്ചുകൊച്ച് എഴുത്തിലൂടെയും, പ്രാർഥനയിലൂടെയും, ചിത്രങ്ങളിലൂടെയും, അവൾ നമുക്ക് സമ്മാനിച്ചു കടന്നുപോകുന്നു. ജീവിതത്തിൽ കർത്താവിനെ മുറുകെ പിടിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഇവളൊരു മാതൃകയാണ്.

'ഞങ്ങളൊക്കെ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ ഒരു ഈശോയെ, ഇത്രയും സ്വീറ്റ്  ആയിട്ടുള്ള ഈശോയെ, ഞങ്ങളെ നയിക്കുന്ന, എത്ര പ്രശ്നങ്ങളൊക്കെ ഉണ്ടായാലും അതിൽ നിന്നൊക്കെ ഞങ്ങളെ പൊക്കിയെടുത്തു കൊണ്ടുവരുന്ന, കൂടെയുണ്ടെന്നു പറയുന്ന, എപ്പോഴും ശക്തിപ്പെടുത്തുന്ന ഈശോയെ, ബാക്കിയുള്ളവർക്കും കിട്ടണം, ഞങ്ങളൊക്കെ അറിയുന്ന ഈ ഈശോയെ എല്ലാവർക്കും കിട്ടണം, ഈശോയ്ക്ക് ലൈഫിൽ ബെസ്റ്റ് പൊസിഷൻ കൊടുക്കണം എന്നൊക്കെ എഴുതിവച്ച് നമ്മെ ഇൻഫ്ളുൻസ് ചെയ്യണമെങ്കിൽ അവൾ തിർച്ചയായും അവന്റെ തെരഞ്ഞെടുക്കപ്പെട്ട ഇൻഫ്ളുവൻസറിൽ ഒരാൾ തന്നെയാണ്.

ഫെയ്ക്ക് ഇൻഫർമേഷൻസ് നൽകുന്ന, ഫെയ്ക്ക്  റോൾ മോഡൽസ് ആകുന്ന, ഫെയ്ക്ക് ഇൻഫ്ളുവൻസർമാർ ആകാതിരിക്കുവാൻ നമുക്കും ശ്രമിക്കാം.

വിശുദ്ധ കാർലോ പറഞ്ഞുവയ്ക്കുന്നത് പോലെ "All people are born as originals, but many die as photocopies." മനുഷ്യരൊക്കെ ഒറിജിനലായി ജനിക്കുന്നു, പക്ഷേ, പലരും ഫോട്ടോകോപ്പികളായി മരിക്കുന്നു. അവന്റെ ഛായയിലും സാദൃശ്യത്തിലും ഒറിജിനലുകളായി ജനിക്കപ്പെട്ട നാം ഓരോരുത്തരും ഡ്യൂപ്ലിക്കേറ്റുകളായി മരിച്ചടക്കപ്പെടാതിരിക്കാൻ ശ്രമിക്കാം. ഈശോ അനുഗ്രഹിക്കട്ടെ.

***ജിതിൻ ജോസഫ്***
***സമന്വയ തിയോളജി കോളേജ്, ഭോപ്പാൽ.***



**യുവ/യൂത്ത് ക്ലാസ്സ് - എഡ്വിൻ ജോസഫ്, പുത്തൻചിറ**




# സൈബർ ബുള്ളിയിംഗ്

**ഒരു സാധാരണ തമാശയെന്ന രീതിയിൽ തുടങ്ങുന്ന പല കാര്യങ്ങളും വ്യക്തിയുടെ ജീവിതത്തിൽ വലിയ നാശനഷ്ടങ്ങൾ വരുത്താൻ സാധ്യതയുണ്ട്.**

ഇന്നത്തെ ഡിജിറ്റൽ ലോകത്ത്, യുവജനങ്ങൾക്കും, മുതിർന്നവർക്കും ഒരുപോലെ ഭീഷണിയുയർത്തുന്ന ഒരു സാമൂഹിക വിപത്താണ് സൈബർ ബുള്ളിയിംഗ്. മൊബൈൽ ഫോണുകൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ, ഇമെയിലുകൾ, ഗെയിമിംഗ് സൈറ്റുകൾ എന്നിവയിലൂടെ ഒരാളെ ഭീഷണിപ്പെടുത്തുകയോ അപമാനിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്.

## സൈബർ ബുള്ളിയിംഗിന്റെ രൂപങ്ങൾ

**സൈബർ ബുള്ളിയിംഗ് പല രൂപത്തിൽ പ്രത്യക്ഷപ്പെടാം. അവയിൽ പ്രധാനപ്പെട്ട ചിലത് ഇവയാണ്:**

**1. അപകീർത്തിപ്പെടുത്തൽ:** ആവർത്തിച്ചുള്ള അധിക്ഷേപ സന്ദേശങ്ങൾ, ഭീഷണികൾ, അല്ലെങ്കിൽ ലൈംഗിക ചുവയുള്ള പരാമർശങ്ങൾ അയയ്ക്കുന്നത്.

**2. ഡെനിഗ്രേഷൻ:** വ്യാജമായതോ അപമാനകരമായതോ ആയ വിവരങ്ങൾ പോസ്റ്റ് ചെയ്യുക, അല്ലെങ്കിൽ ചിത്രങ്ങൾ എഡിറ്റ് ചെയ്ത് പ്രചരിപ്പിക്കുക.

**3. ഔട്ടിംഗ്:** ഒരാളുടെ സ്വകാര്യമായതോ രഹസ്യമായതോ ആയ വിവരങ്ങൾ അവരുടെ സമ്മതമില്ലാതെ പരസ്യപ്പെടുത്തുന്നത്.

**4. ട്രോളിംഗ്:** ഓൺലൈൻ ചർച്ചകളിൽ, പ്രകോപനപരമായ അല്ലെങ്കിൽ വിദ്വേഷകരമായ കമന്റുകൾ മനഃപൂർവം ഇടുന്നത്.

**5. ആൾമാറാട്ടം:** മറ്റൊരാളായി നടിച്ച് അധിക്ഷേപകരമായതോ നിയമവിരുദ്ധമായതോ ആയ കാര്യങ്ങൾ ചെയ്യുക.


**6. സൈബർ സ്റ്റാക്കിംഗ്:** ഇരയെ നിരന്തരം നിരീക്ഷിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന കൂടുതൽ അപകടകരമായ രൂപം.

## സൈബർ ബുള്ളിയിംഗിന്റെ ഗുരുതരമായ അപകടങ്ങൾ

സൈബർ ബുള്ളിയിംഗിന്റെ പ്രത്യാഘാതങ്ങൾ ആഴത്തിലുള്ളതും ദൂരവ്യാപകവുമാണ്. ഒരു സാധാരണ തമാശയെന്ന രീതിയിൽ തുടങ്ങുന്ന പല കാര്യങ്ങളും വ്യക്തിയുടെ ജീവിതത്തിൽ വലിയ നാശനഷ്ടങ്ങൾ വരുത്താൻ സാധ്യതയുണ്ട്.

**ഇരകൾ നേരിടുന്ന ഭീഷണികൾ:**

- **മാനസികവും വൈകാരികവുമായ ആഘാതം:** നിരന്തരമായ ആക്രമണങ്ങൾ കാരണം ഇരകൾ കടുത്ത വിഷാദം, ഉത്കണ്ഠ, ഭയം, ഒറ്റപ്പെടൽ എന്നിവ അനുഭവിക്കുന്നു. ഇത് ആത്മവിശ്വാസം തകർക്കുകയും പഠനത്തെയും ജോലിയെയും ബാധിക്കുകയും ചെയ്യും.



- **ശാരീരിക പ്രശ്നങ്ങൾ:** കടുത്ത മാനസിക സമ്മർദം ഉറക്കമില്ലായ്മ, തലവേദന, വയറുവേദന തുടങ്ങിയ ശാരീരിക അസ്വസ്ഥതകളിലേക്ക് നയിച്ചേക്കാം.

## നമുക്ക് രണ്ട് വ്യത്യസ്ത സാഹചര്യങ്ങൾ അടുത്തറിയാം

**a) വിഷയ പഠനം:** ഒരു കൂട്ടം ഹൈസ്കൂൾ വിദ്യാർഥികൾ ഒരു സ്വകാര്യ വാട്ട്സ്ആപ്പ് ചാറ്റ് തുടങ്ങി. എന്നാൽ, അവർ ഈ ഗ്രൂപ്പ് ഉപയോഗിച്ച് തങ്ങളുടെ മുൻ സുഹൃത്തുക്കളിൽ ചിലരെ ഒറ്റപ്പെടുത്താനും, അവരെക്കുറിച്ച് തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കാനും തുടങ്ങി. ഇത് ഇരകൾക്ക് സാമൂഹിക ഒറ്റപ്പെടലിനും കടുത്ത മാനസിക ക്ലേശത്തിനും കാരണമായി.

**പ്രധാന പാഠം:** വാട്ട്സ്ആപ്പ് ഗ്രൂപ്പ് ചാറ്റുകൾ പലപ്പോഴും കുടുംബാംഗങ്ങളുടെ ശ്രദ്ധയിൽപ്പെടാതെ പോകുന്നു. അതിനാൽ മാതാപിതാക്കൾ/രക്ഷാകർത്താക്കൾ തങ്ങളുടെ കുട്ടികളുടെ ഏത് പ്ലാറ്റ്ഫോമിലെയും സാമൂഹിക ഇടപെടലുകളിൽ ജാഗ്രത പുലർത്തണം.

**b) വിഷയ പഠനം:** നിഖിൽ എന്ന വിദ്യാർഥിയും സുഹൃത്തായ പ്രശാന്തും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്നു. ഒരു ഓൺലൈൻ തർക്കത്തിനിടെ, അധ്യാപകനെക്കുറിച്ച് നിഖിൽ അസൈൻമെന്റിൽ പറഞ്ഞ ഒരു പരിഹാസ്യമായ അഭിപ്രായത്തിന്റെ പഴയ സ്ക്രീൻ ഷോട്ടുവച്ച് പ്രശാന്ത് നിഖിലിനെ ഭീഷണിപ്പെടുത്താനും ബ്ലാക്ക്മെയിൽ ചെയ്യാനും തുടങ്ങി. ഇത് നിഖിലിന് കടുത്ത മാനസിക ആഘാതത്തിന് കാരണമായി.

**പ്രധാന പാഠം:** ഇതൊരു ഒറ്റപ്പെട്ട സംഭവമായി കണക്കാക്കരുത്. കാരണം ഇത് ഇരയാകുന്ന വ്യക്തിയെ മാത്രമല്ല ബാധിക്കുന്നത്, കുറ്റകൃത്യം മറ്റുള്ളവരോടും ആവർത്തിക്കാൻ കുറ്റവാളിക്ക് ശക്തി നൽകുകയും ചെയ്യുന്നു.

## പ്രതിരോധ നടപടികൾ

- ഓൺലൈൻ സന്ദേശങ്ങളിൽ മാന്യത പാലിക്കുക.
- സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിൽ ചേരുന്നതിനുമുമ്പ് വിലയിരുത്തുക.
- വിശുദ്ധ കാർലോസ് അക്യൂട്ടിസ് പോലുള്ളവരെ മാതൃകയാക്കുക.

## പരിഹാര നടപടികൾ

**കൗൺസലിംഗും പിന്തുണയും:** ഇരകളെ മാനസികവും ആത്മീയവുമായ പിന്തുണയിലേക്ക് നയിക്കുക.

**ബ്ലോക്ക് ചെയ്യുക, റിപ്പോർട്ട് ചെയ്യുക:** ഉപദ്രവിക്കുന്ന അക്കൗണ്ടുകൾ ഉടൻ തന്നെ ബ്ലോക്ക് ചെയ്യുകയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.

## കുടുംബം, സഭ, സമൂഹം എന്നിവയുടെ പ്രധാന പങ്ക്

മാതാപിതാക്കൾ ആദ്യനിരയും തങ്ങളുടെ കുട്ടികൾക്ക് ഓൺലൈനിൽ ക്രിസ്തുവിനെപ്പോലെ ഇടയന്മാരായിരിക്കണം, കാരണം അവർ ഭൂമിയിലെ കാവൽ മാലാഖമാരാണ്.

ഇടവകകളും സ്കൂളുകളും പ്രതിരോധത്തിന്റെ രണ്ടാം നിരയാണ്. അവർക്ക് വർക്ക്ഷോപ്പുകളും സെമിനാറുകളും സംഘടിപ്പിക്കാൻ കഴിയും.

തുടർന്ന്, യുവജന കൂട്ടായ്മകളും കമ്മ്യൂണിറ്റികളും പ്രതിരോധത്തിന്റെ മൂന്നാം നിരയാണ്. അവർക്ക് കോൺഫറൻസുകളിലോ വാർഷിക പരിപാടികളിലോ വളർന്നുവരുന്ന ഡിജിറ്റൽ ലോകത്തിലെ യുവജനങ്ങൾക്കും കൗമാരക്കാർക്കും വേണ്ടിയുള്ള ഭീഷണികളെക്കുറിച്ചും പരിഹാരങ്ങളെക്കുറിച്ചും ചർച്ച ചെയ്യാൻ കഴിയും. ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ ഓൺലൈൻ അയൽക്കാരനെ ബഹുമാനിക്കാൻ നമ്മെ പ്രേരിപ്പിക്കണം.

സെന്റ് ജോൺ പോൾ IIന്റെ സുവിശേഷം ജീവനാണ് (Evangelium Vitae) നമ്മെ ഓർമിപ്പിക്കുന്നത്: 'ജീവിതത്തോടുള്ള ആദരം ശാസ്ത്രവും സാങ്കേതികവിദ്യയും എപ്പോഴും മനുഷ്യന്റെയും അവന്റെ സമഗ്രമായ വികസനത്തിന്റെയും സേവനത്തിലായിരിക്കണം എന്ന് ആവശ്യപ്പെടുന്നു.' ഈ സൈബർയുഗ യാത്രയിൽ ഈ വിവേകം ആത്മാവിനെ നയിക്കട്ടെ. ആമേൻ.

***എഡ്വിൻ ജോസഫ് : ഫിൻടെക്, സൈബർ സുരക്ഷാ വിദഗ്ധൻ, കുട്ടികൾക്കും യുവജനങ്ങൾക്കുമായുള്ള ആഗോള മാധ്യമ, മിഷൻ സംരംഭങ്ങളിൽ സഹകരിക്കുന്നു. ഭാര്യയും മൂന്ന് മക്കളുമൊത്ത് കേരളത്തിൽ പുത്തൻചിറയിൽ താമസിക്കുന്നു.***



**മിഷൻ/മൈസ്റ്റോറി** - ജെയ്‌സൺ, തൃശൂർ

# സിയറാ ലിയോൺ

2025 ഫെബ്രുവരി 21നാണ് ഞങ്ങൾ ഒരു വർഷത്തെ ഫാമിലി മിഷനായി സിയറാ ലിയോൺ എന്ന രാജ്യത്ത് എത്തുന്നത്. സിയറാ ലിയോൺ വെസ്റ്റ് ആഫ്രിക്കയിലെ ചെറിയതും മനോഹരവുമായ രാജ്യമാണ്. ലോകത്തിലെ ഏറ്റവും ദരിദ്ര രാജ്യങ്ങളിലൊന്ന്. വൈദ്യുതിപോലും ലഭിക്കുന്നത് നഗരങ്ങളിൽ മാത്രമാണ്. ഇതൊരു മുസ്ലീം ഭൂരിപക്ഷ രാഷ്ട്രമെങ്കിലും, ചെറിയ ക്രിസ്ത്യൻ സമൂഹങ്ങളും ഇവിടെയുണ്ട്. വിശ്വാസം അധികമാഴത്തിൽ വളർന്നിട്ടില്ലാത്ത ക്രൈസ്തവ സമൂഹമാണ് ഇവിടെയുള്ളത്. ജനങ്ങളിൽ ഭൂരിഭാഗവും ദരിദ്രരും നിരക്ഷരുമാണ്, എങ്കിലും അവർ അതീവ സ്നേഹവും സഹകരണവുമുള്ളവരാണ്.

ആദ്യ ദിവസം മുതൽതന്നെ ഞങ്ങൾ വൈകുന്നേരങ്ങളിൽ വീടിന് പുറത്തുകൂടി ജപമാല പ്രാർഥനയാരംഭിച്ചു. ചില കുട്ടികൾ ഞങ്ങളോടൊപ്പം കൂടി, അവരെ ജപമാല പ്രാർഥനയും മറ്റും പഠിപ്പിച്ചു. ക്രമേണ കൂടുതൽ കുട്ടികളും യുവാക്കളും കൂടെ ചേർന്നു. ഇന്നുവരെ ഒരു വൈകുന്നേരം പോലും ഞങ്ങൾ ഒഴിവാക്കിയിട്ടില്ല. മൂന്ന് മാസം കഴിഞ്ഞപ്പോൾ, ഞങ്ങൾ ജപമാല പ്രാർഥന വീടുകളിലേക്കും വ്യാപിപ്പിച്ചു.

ദൈവത്തിന്റെ കൃപയാൽ, ഒരു മാസത്തിനുള്ളിൽ ഞങ്ങൾക്ക് ഒരു ചെറു ജീസസ് യൂത്ത് കൂട്ടായ്മയും ആരംഭിക്കാൻ കഴിഞ്ഞു. തുടക്കത്തിൽ പലർക്കും പ്രാർഥിക്കാനൊന്നും അറിയില്ലായിരുന്നു. ഞങ്ങൾ ജപമാലകൾ വിതരണം ചെയ്തും, പ്രാർഥനകൾ പഠിപ്പിച്ചും, അവർക്ക് പരിശീലനം നൽകി. ഇന്നവരിൽ പലരും ആത്മവിശ്വാസത്തോടെ ജപമാലയും സ്തുതിപ്രാർഥനകളും നയിക്കാൻ കഴിവുള്ളവരായി. ദൈവത്തിന്റെ പ്രവൃത്തികൾ എത്ര അത്ഭുതകരം!

ഞങ്ങളുടെ സ്വപ്നം, ഈ രാജ്യത്തെ മറ്റു പള്ളികളിലേക്കും രൂപതകളിലേക്കും ജീസസ് യൂത്ത് കൂട്ടായ്മകൾ വ്യാപിപ്പിക്കാനാണ്. ഈ ചെറിയ തുടക്കം അതിന്റെ ആദ്യപടിയാണ്. ഞങ്ങൾ ദൈവത്തിന്റെ കൈകളിലെ ചെറിയ ഉപകരണങ്ങൾ മാത്രം. ദൈവരാജ്യം അവന്റെ ഇഷ്ടത്താലും ആത്മാവിനാലും വളരട്ടെ.

ഈ മിഷൻ ഒരിക്കലും ഞങ്ങളുടെ പദ്ധതി ആയിരുന്നില്ല, ഇത് സർവശക്തനായ ദൈവത്തിന്റെ പദ്ധതിയായിരുന്നു. ഇപ്പോൾ ഞങ്ങൾ ഏഴു മാസം പൂർത്തിയാക്കി. ഓരോ ദിവസവും ഞങ്ങൾ കർത്താവിനോട് ചോദിക്കും: "നീ ഞങ്ങളെ ഇവിടെ കൊണ്ടുവന്നതെന്തിനാണ്? ഞങ്ങളെ തെരഞ്ഞെടുക്കാനുണ്ടായ കാരണമെന്താണ്?" അതിന്റെ ഉത്തരമിപ്പോൾ ഞങ്ങൾക്കില്ല; പക്ഷേ, ഒരുദിവസം അവൻ അതെല്ലാം വെളിപ്പെടുത്തുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്.



**മിഷൻ/മൈസ്റ്റോറി** – ജാനെറ്റ് ജോസഫ്, ചങ്ങനാശേരി

# ബഹുത് അച്ഛാ ഹൈ!

"അതിനുശേഷം കർത്താവ് അരുളിച്ചെയ്യുന്നതു ഞാൻ കേട്ടു: ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ! എന്നെ അയച്ചാലും!" (ഏശയ്യാ 6, 8).

എന്റെ മിഷൻ നാഗാലാൻഡ്, ബീഹാർ ഒഡീഷ എന്നീ സംസ്ഥാനങ്ങളിലായിരുന്നു. ഓരോ സ്ഥലങ്ങളിലും വ്യത്യസ്തമായ അനുഭവങ്ങളായിരുന്നു. ഭാഷകൾക്കുമപ്പുറം ക്രിസ്തുവിന്റെ സ്നേഹം പങ്കുവയ്ക്കാൻ എനിക്ക് സാധിച്ചു. എന്റെ ജീവിതരീതിയിൽ തന്നെ പല മാറ്റങ്ങളും സംഭവിച്ചു. ഈശോയോട് കൂടുതൽ അടുക്കാൻ സാധിച്ചു.

എന്റെ പുഞ്ചിരിയിലൂടെയും ഇടപെടലുകളിലൂടെയും ഞാൻ ക്രിസ്തുവിന്റെ സ്നേഹം പങ്കുവയ്ക്കാൻ ശ്രമിച്ചു. വിശന്ന വയറുമായി മാലിന്യത്തിൽനിന്ന് എന്തെങ്കിലും കിട്ടുമോ എന്ന് തിരയുന്ന, ബീഹാറിൽവച്ചു കണ്ട ഒരു കുഞ്ഞു ബാലന്റെ മുഖം മനസ്സിൽ ഇന്നും മായതെ കിടക്കുന്നു. എന്റെ കൈയിൽ ഉണ്ടായിരുന്നത് കൊടുക്കാൻ സാധിച്ചുവെങ്കിലും അത് ആ കുഞ്ഞു വയറിന്റെ വിശപ്പ് മാറ്റാൻ കഴിയില്ലായിരുന്നു, അതിന്നും എന്നെ വല്ലാതെ വേദനിപ്പിക്കുന്നുണ്ട്. പിന്നെ അവിടത്തെ ഭക്ഷണം എനിക്ക് കഴിക്കാൻ സാധിക്കുന്നതിലും ഉപ്പുള്ളതായിരുന്നു; പക്ഷേ, സന്തോഷത്തോടെ അത് കഴിക്കാൻ സാധിച്ചു. ഭക്ഷണം എങ്ങനെയുണ്ട് എന്ന് ചോദിച്ചപ്പോൾ ചിരിച്ചുകൊണ്ടുതന്നെ 'ബഹുത് അച്ഛാ ഹൈ' എന്ന് പറയാൻ പറ്റി. നാഗാലാൻഡിൽ ചെല്ലുമ്പോൾ ഞാൻ വെജിറ്റേറിയൻ ഭക്ഷണം മാത്രം കഴിക്കുന്ന വ്യക്തി ആയിരുന്നു. പക്ഷേ, തിരിച്ചു വന്നപ്പോളാകട്ടെ ഏതു തരം ഭക്ഷണവും കഴിക്കുന്ന വ്യക്തിയായി ഞാൻ മാറി. ഓരോ സ്ഥലങ്ങളിലും ദൈവം തന്റെ ഉള്ളംകൈയിൽ എന്നെ പരിപാലിച്ചു. ഓരോ മിഷൻ അനുഭവവും വ്യത്യസ്തമായിരുന്നു. ക്രിസ്തുവിനെ വഹിക്കുന്ന കഴുതയായി നിന്നുകൊടുത്തപ്പോൾ അവിടത്തെ കൃപ എന്നിലൂടെ പ്രവർത്തിച്ചു. എല്ലാം ദൈവത്തിന്റെ അനുഗ്രഹം. ദൈവത്തിനു നന്ദി.



**വാർത്താവിചാരം - സണ്ണി കോക്കാപ്പിള്ളിൽ**

# വയസ്സുകാലത്തെ അതിമോഹങ്ങൾ

2026 ഏപ്രിൽ മാസത്തിൽ കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുമെന്ന് വിശ്വസിക്കുന്നു. രാഷ്ട്രീയപാർട്ടികൾ ഇതിനുവേണ്ട മുന്നൊരുക്കം തുടങ്ങിക്കഴിഞ്ഞു. ഇതിനിടയിൽ ചില കൗതുകകരമായ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പതിറ്റാണ്ടുകളായി എംഎൽഎ ആയിട്ടും മന്ത്രിയായിട്ടുമൊക്കെ ജനസേവനം നടത്തി മതിവരാത്ത ചില പടുവൃദ്ധന്മാർ ഒരുവട്ടം കൂടി മത്സരിക്കണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുന്നു. ഏതാണ്ട് മിക്ക രാഷ്ട്രീയ പാർട്ടികളിലും ഇത്തരക്കാർ ഉണ്ടുതാനും. ചിലർക്ക് താത്പര്യമൊന്നുമില്ല; പക്ഷേ, പാർട്ടി നിർബന്ധിച്ചാൽ എന്തു ചെയ്യും? ഇവരുടെയൊക്കെ മണ്ഡലങ്ങളിൽ അണികൾ ഇവർക്കെതിരെ ശബ്ദമുയർത്തിക്കഴിഞ്ഞെങ്കിലും, ഒരുവട്ടംകൂടി അവസാനത്തെ ആഗ്രഹവും ബാക്കിവച്ചു കഴിയുന്നു.


സ്ഥിരം മന്ത്രിയായി വിരാജിക്കുന്ന ഒരു ചെറുപാർട്ടിയുടെ നേതാവിനോട് അഞ്ചു കൊല്ലം മുമ്പുതന്നെ പാർട്ടിയിലെ യുവജനങ്ങൾ അടങ്ങിയൊതുങ്ങി വീട്ടിലിരിക്കാൻ മുന്നറിയിപ്പ് നൽകിയതാണ്. അപ്പോഴാണ് അദ്ദേഹത്തിന് ഒരു അന്ത്യാഭിലാഷം തോന്നിയത്. മന്ത്രിസ്ഥാനത്ത് ഇരുന്ന് മാന്യമായി പിരിയാൻ അവസരം നൽകണം. മനസ്സില്ലാമനസ്സോടെ പാർട്ടി അത് സമ്മതിച്ചുകൊടുത്തു. എന്നാൽ, ഇപ്പോൾ അദ്ദേഹം പറയുന്നത് ഒരു പ്രാവശ്യം കൂടി തന്നെ തുണയ്ക്കണമെന്നാണ്. ജനങ്ങളുടെ കണ്ണീരൊപ്പി കഴിഞ്ഞില്ല പോലും!

മറ്റൊരു വൃദ്ധൻ അദ്ദേഹത്തിന്റെ മുന്നണി, എന്ന് അധികാരത്തിൽ വന്നാലും സ്ഥിരം മന്ത്രി പദവി നേടുന്ന ആളാണ്. ശിരസ്സിന്റെ ഇരുവശങ്ങളിലും നരവീണ മകൻ കഴിഞ്ഞ 10 കൊല്ലമായി അപ്പന്റെ സീറ്റിൽ കണ്ണുവച്ചു നടക്കുന്നു. പ്രായം 80 കഴിഞ്ഞിട്ടേയുള്ളൂ പോലും! ഇനിയും ഒരു ബാല്യം കൂടി ഉണ്ടെന്നാണ് ഈ നേതാവിന്റെ കാഴ്ചപ്പാട്. എന്നുവച്ചാൽ ജനങ്ങളൊക്കെ ഇവരുടെ സേവനത്തിനു വേണ്ടി വീർപ്പുമുട്ടി കാത്തിരിക്കുകയാണെന്ന് വിചാരം.

മറ്റൊരു മാന്യൻ പതിറ്റാണ്ടുകളായി എംപിയും എംഎൽഎയും കേന്ദ്രമന്ത്രിയുമായൊക്കെയായി ജനസേവനം നടത്തി മതിവരാതെ നിൽക്കുന്നയാളാണ്. പാർട്ടി പറഞ്ഞാൽ മത്സരിച്ചു കളയും പോലും. എന്തൊരു ആത്മാർഥത! എന്തൊരു പ്രതിബദ്ധത!

24 മണിക്കൂറും ജനസേവനത്തിനുവേണ്ടി മാത്രം ജീവിച്ച അപൂർവം ചില നേതാക്കളെ ഇവിടെ തള്ളിക്കളയുന്നില്ല. പ്രായമേറെയായിട്ടും അവർ മത്സരിക്കണമെന്ന് ജനം ആവശ്യപ്പെട്ട സംഭവങ്ങൾ നമ്മുടെ ഇടയിലുണ്ട്. എന്നാൽ, ഇപ്പോൾ അങ്ങനെയല്ല സംഭവിക്കുന്നത്. ജനസേവനം അനുഭവിച്ച് ജനം പൊറുതിമുട്ടി എന്ന് സ്വന്തം പാർട്ടിയിൽ പോലും വിമർശനം ഉയർന്നിട്ടും മറ്റൊരാൾക്ക് അവസരം കൊടുക്കാതെ അധികാരത്തിന്റെ ആർത്തിമൂത്ത് സീറ്റിനായി വടംവലി നടത്തുന്ന പടുകിഴവന്മാർ നാടിനു നൽകുന്ന സന്ദേശം എന്താണ്? സേവിച്ച സേവിച്ച് ജീവസന്ധാരണത്തിനുവേണ്ടി യുവജനങ്ങളെ ലോകത്തിന്റെ എങ്ങോട്ടെങ്കിലും ഓടിച്ചു വിടുന്ന മഹത്തായ കർമം നിർവഹിച്ച അതിമോഹികളെ ജനങ്ങൾ വീട്ടിലിരുത്തുകതന്നെ വേണം.

ഇത്തവണത്തെ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മേൽപറഞ്ഞ വിധം ആർത്തി പൂണ്ട അതിമോഹികളെ ജനം വീട്ടിലിരുത്തിയത് നാം കണ്ടു കഴിഞ്ഞു. ഇവരിൽ ചിലരെങ്കിലും ചെറുപ്രായത്തിൽതന്നെ അധികാരത്തിന്റെ രുചിയറിഞ്ഞവരാണെന്ന വൈരുധ്യവും നിലനിൽക്കുന്നു. സ്ഥാനാർഥികൾ ഉണ്ടാകേണ്ടത് ജനങ്ങളുടെ മനസ്സിൽ നിന്നാണ്. അല്ലാതെ മറ്റെന്തെങ്കിലും സമ്മർദത്തിൽ നിന്ന് ആകരുത്. അതാണ് ജനാധിപത്യത്തിന്റെ സൗന്ദര്യം.






# ഉണരുക, മഹാജൂബിലി അടുത്തെത്തി

2033 ൽ ലോകം അസാധാരണമായ ഒരു ജൂബിലിക്ക് സാക്ഷ്യം വഹിക്കാൻ പോകുന്നു. ഈശോമിശിഹാ ഉയർത്തെഴുന്നേറ്റ് ഈ ലോകത്ത് നിന്നും സ്വർഗത്തിലേക്ക് പോയതിന്റെ മഹാജൂബിലി. കത്തോലിക്കാ സഭ ഇത് വേണ്ടവിധത്തിൽ ആചരിക്കുമെന്നുറപ്പാണ്. ഇനി വെറും ഏഴു വർഷങ്ങൾ മാത്രം. ഇത്തരമൊരു കാലഘട്ടത്തിൽ ജീവിക്കാൻ കഴിയുന്നത് തന്നെ മഹാഭാഗ്യമായി കാണണം. ഇത് സഭയിൽ വലിയ ഉണർത്തുപാട്ടായി മാറും. ആഗോളവ്യാപകമായി വലിയൊരു ക്രൈസ്തവ മുന്നേറ്റം സാധ്യമാകും. ക്രൈസ്തവരുടെ പരമ്പരാഗത മേഖലകളിൽ പിന്നോട്ടടിച്ചാലും ആഫ്രിക്കൻ, ഏഷ്യൻ ഭൂഖണ്ഡങ്ങളിൽ അമ്പരപ്പിക്കുന്ന മുന്നേറ്റമാണ് സംഭവിക്കാൻ പോകുന്നത്. വ്യക്തമായ ധാരണയോടെ ജാഗ്രതയോടെ ക്രൈസ്തവ നേതൃത്വം ഇത് കൈകാര്യം ചെയ്യണം. പലയിടങ്ങളിലും വലിയ പീഡനങ്ങളും ക്രൈസ്തവരെ കാത്തിരിക്കുന്നു. സഭകളിൽ ഇടർച്ചകളും കടന്നുവരും. തെറ്റായ സാക്ഷ്യങ്ങൾ നൽകുന്നതിൽ ക്രൈസ്തവർതന്നെ മുൻപന്തിയിൽലുണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല. ശാസ്ത്ര സാങ്കേതിക രംഗത്ത് ഉണ്ടാകുന്ന മാറ്റങ്ങൾ അവിശ്വസനീയമായിരിക്കും. ആർക്കും മുൻകൂട്ടി പറയാൻ കഴിയാത്ത വിധം ലോകത്തെ മാറ്റിമറിക്കുന്ന അമ്പരപ്പിക്കുന്ന മാറ്റങ്ങൾക്ക് നാം സാക്ഷ്യം വഹിക്കാൻ പോകുന്നു. 2033ൽ വ്യത്യസ്തമായ ഒരു ലോകത്തെയാണ് നമുക്ക് കാണാൻ കഴിയുക. ഇതെല്ലാം മുൻനിറുത്തി ഈ ജൂബിലി ആഘോഷത്തിനുവേണ്ടി വ്യക്തമായ ധാരണയോടെ നാം ഒരുങ്ങേണ്ട സമയമാണിത്. ഇനിയുള്ള ഏഴു വർഷങ്ങൾ അതീവ പ്രാധാന്യത്തോടെ നമുക്ക് പ്രയോജനപ്പെടുത്താം.

---

# ജനനം കുറയുന്നു, മരണം കൂടുന്നു !?

കേരളത്തെ തെക്കുവടക്കായി തിരിച്ചാൽ രണ്ടുഭാഗത്തും പല കാര്യങ്ങളിലും ഏറെ വ്യത്യസ്തമായ സാഹചര്യങ്ങൾ നിലനിൽക്കുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇവിടെ പ്രത്യേകം പരാമർശിക്കുന്നത് ജനന മരണ നിരക്കിലുള്ള അന്തരമാണ്. കോട്ടയം ജില്ലയിൽ ജനിക്കുന്നതിന്റെ നാലിരട്ടിയിൽ അധികമാണ് മലപ്പുറം ജില്ലയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന ജനനസംഖ്യ. അതായത് തൃശ്ശൂരിന് തെക്കോട്ട് ജനിക്കുന്നവരെക്കാൾ കൂടുതൽ ജനനം സംഭവിക്കുന്നത് വടക്കൻ ജില്ലകളിലാണ്. എന്നാൽ, മരണനിരക്ക് തെക്കൻ ജില്ലകളെക്കാൾ കുറവാണ് വടക്കൻ ജില്ലകളിൽ. വ്യക്തമായി പറഞ്ഞാൽ തെക്കൻ ജില്ലകളിൽ കുറഞ്ഞ ജനനവും കൂടിയ മരണവും. അതനുസരിച്ച് ജനസംഖ്യ കുറയുന്നു. വടക്കൻ ജില്ലകളിൽ കൂടിയ ജനനവും കുറഞ്ഞ മരണവും. അവിടെ ജനസംഖ്യ വർധിക്കുന്നു. ഇത് ദൂരവ്യാപകമായ ഫലങ്ങളാണ് ഉളവാക്കുന്നത്. ജനസംഖ്യക്ക് ആനുപാതികമായി ഫണ്ട് വിതരണം നടത്തിയാൽ കൂടുതൽ ഫണ്ട് വേണ്ടത് വടക്കൻ ജില്ലകളിലേക്ക് ആയിരിക്കും. ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം ജനസംഖ്യയുടെ വർധനവ് ദേശ പ്രകൃതിയുടെ പ്രത്യേകതയല്ല എന്നതാണ്. ഒരു സമുദായത്തിൽ മാത്രമായുള്ള ഈ വർധനവ് മറ്റു സമുദായങ്ങൾ ഭൗതിക താത്പര്യങ്ങൾ മാത്രം മുൻനിറുത്തി ജനന നിരക്ക് നിയന്ത്രിച്ചപ്പോൾ സംഭവിച്ചുപോയതാണ്.

കുടുംബത്തെക്കുറിച്ചും വിവാഹത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ ഇന്ന് പാടെ മാറിമറിഞ്ഞിരിക്കുന്നു. ഈ അടുത്ത നാട്ടിൽ ഒരു പ്രധാന മാധ്യമം സ്ത്രീകൾക്കിടയിൽ നടത്തിയ സർവേയിൽ വിവാഹം അനിവാര്യമല്ല എന്നാണ് വെളിപ്പെട്ടത്. കുടുംബവും മക്കളുമൊക്കെ പലരുടെയും ചിന്തകളിൽ നിന്നും മാറ്റപ്പെട്ടു. ജോലിക്ക് പ്രധാന സ്ഥാനം കൈവന്നു. ആവശ്യമെങ്കിൽ ഒരു കൂട്ട് എന്നതിനപ്പുറത്തേക്ക് വിവാഹത്തെപ്പറ്റിയുള്ള ചിന്തകൾ പെൺകുട്ടികളുടെ മനസ്സിൽ നിന്നും മാറി. വിവാഹം അടിമത്തമാണ്, മക്കൾ ഭാരമാണ് എന്ന റാഡിക്കൽ ഫെമിനിസ്റ്റ് ചിന്താധാരകൾക്ക് നമ്മുടെ പെൺകുട്ടികൾ എങ്ങനെയാണ് അടിമപ്പെട്ടതെന്ന് പഠനം നടത്തേണ്ടതുണ്ട്. ജോലി, യാത്ര, ഭക്ഷണം എന്നിവ പരമപ്രധാനമായി കാണുന്ന ആശയങ്ങൾ മനുഷ്യകുലത്തിന്റെതന്നെ നിലനിൽപിനെ ബാധിക്കും. തൊഴിൽപോലും ജനസംഖ്യയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കുട്ടികൾക്കുവേണ്ടിയുള്ള കളിക്കോപ്പുകളും വസ്ത്രങ്ങളും ആശുപത്രികളുമാണ് വാണിജ്യ സേവന രംഗത്തെ ഉത്പാദന മേഖലയും ആരോഗ്യ സ്ഥാപനങ്ങളും. അതുപോലെ വിദ്യാലയങ്ങളും. ഇവയുമായി ബന്ധപ്പെട്ടാണ് സമസ്ത മേഖലകളും സ്ഥിതിചെയ്യുന്നത്. കാലക്രമേണ ലോകത്തിന്റെ അന്ത്യത്തിലേക്കാണ് ഈ വിധത്തിലുള്ള തെറ്റായ ആശയക്കാർ ലോകത്തെ എത്തിക്കുന്നത്. ആരും ശുശ്രൂഷിക്കാനില്ലാതെ നരകിച്ചു നരകിച്ചുള്ള അവസാന തലമുറയുടെ അന്ത്യം.

**സ്മാർട്ട് കിഡ്സ് - ചിത്രീകരണം:**  **വെങ്കി**  **കഥ: സി. ജിയ എം.എസ്.ജെ**

# ബേബി മാഷ്



സെന്റ് മേരീസ് സ്കൂളിലെ ഇടനാഴികളിൽ ബേബി മാഷിന്റെ കാൽപെരുമാറ്റം ഒരു നിഴൽ പോലെ നീങ്ങുമായിരുന്നു. കണക്കിന്റെ ക്ലാസ്സ് മുറിയിൽ അദ്ദേഹത്തിന് വിദ്യാർഥികളുടെ ഹൃദയത്തിൽ നല്ലൊരു സ്ഥാനമുണ്ടായിരുന്നു. എന്നാൽ, ആ ഹൃദയത്തിൽ വർഷങ്ങളായി വിങ്ങിനീറുന്ന ഒരു ദുഃഖമുണ്ടായിരുന്നു. മയക്കുമരുന്ന് എന്ന ഭീകരത അദ്ദേഹത്തിന്റെ കുടുംബത്തിൽ വരുത്തിയ നഷ്ടം. സ്വന്തം സഹോദരൻ മയക്കുമരുന്നിന് അടിമയായി നഷ്ടപ്പെട്ട ഓർമകൾ അദ്ദേഹത്തിന്റെ ഉറക്കം കെടുത്തിയിരുന്നു. അതുകൊണ്ടുതന്നെ, സ്കൂളിലെ കുട്ടികളിൽ ചെറിയൊരു മാറ്റം കണ്ടാൽ പോലും മാഷിന്റെ ഹൃദയം പിടയുമായിരുന്നു.

അടുത്തിടെയാണ്, എട്ടാം ക്ലാസ്സിൽ പഠിക്കുന്ന മനുവിന്റെയും അവന്റെ കൂട്ടുകാരുടെയും പ്രത്യേക പെരുമാറ്റം ബേബി മാഷിന്റെ ശ്രദ്ധയിൽ പെട്ടത്. അവരുടെ കണ്ണുകളിൽ ഒരുതരം ശൂന്യതയും, ക്ലാസ്സുകളിൽ താത്പര്യമില്ലായ്മയും, എപ്പോഴും ക്ഷീണവും. അവരുടെ സ്വഭാവത്തിലെ മാറ്റങ്ങൾ അദ്ദേഹത്തിൽ ചില സംശയങ്ങൾ ഉളവാക്കി. അവരിലൂടെ മാഷ് സ്വന്തം സഹോദരനെ കണ്ടു. മയക്കുമരുന്നിന്റെ നീരാളിപ്പിടുത്തത്തിൽപ്പെട്ട് ജീവിതം ഹോമിച്ച തന്റെ അനുജൻ.




ഒരു ദിവസം ഉച്ചഭക്ഷണ സമയത്ത്, സ്കൂളിന്റെ പിന്നിലുള്ള ആളൊഴിഞ്ഞ ഭാഗത്തുവച്ച് മനുവും കൂട്ടുകാരും പുറത്തുനിന്നുള്ള ചിലരുമായി സംസാരിക്കുന്നത് ബേബി മാഷിന്റെ ശ്രദ്ധയിൽപ്പെട്ടു. അവർ കൈമാറിയ ചെറിയ പൊതികൾ അദ്ദേഹത്തിന്റെ ഉള്ളിൽ തീവ്രമായ വേദനയുണ്ടാക്കി. ഇത് മയക്കുമരുന്നാണെന്ന് തിരിച്ചറിഞ്ഞ മാഷ് യാതൊരു മടിയും കൂടാതെ അവരുടെ അടുത്തേക്ക് പാഞ്ഞുചെന്നു. മാഷിനെ കണ്ടതും സംഘം പരിഭ്രാന്തരായി ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. അവരെ പിടികൂടാനുള്ള ശ്രമത്തിനിടെ, സംഘത്തിലുണ്ടായിരുന്ന ഒരാൾ മാഷിനെ ആക്രമിച്ചു. മാഷിന്റെ കൈയ്ക്കും തലയ്ക്കും പരിക്കേറ്റു. ആ വേദനയെക്കാൾ വലിയ വേദന കുട്ടികളെ കുറിച്ചായിരുന്നു. ഈ കുട്ടികളെ രക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ താൻ എന്നെന്നേക്കുമായി തോറ്റുപോകുമെന്ന ഭയം അദ്ദേഹത്തെ വേട്ടയാടി. ഈ സംഭവം സ്കൂളിൽ ഒരു വലിയ ചർച്ചയായി.

പരിക്കുകൾ വകവയ്ക്കാതെ ബേബി മാഷ് തന്റെ ദൗത്യത്തിൽ ഉറച്ചുനിന്നു. സ്കൂൾ അധികൃതരുമായും രക്ഷിതാക്കളുമായും അദ്ദേഹം സംസാരിച്ചു. പലരും മാഷിന്റെ നീക്കത്തെ വിമർശിച്ചു. 'അവരെയെല്ലാം സ്കൂളിൽ നിന്ന് പുറത്താക്കൂ!' എന്ന് ചില രക്ഷിതാക്കൾ ആവശ്യപ്പെട്ടു. എന്നാൽ, മാഷ് തന്റെ നിലപാടിൽ ഉറച്ചുനിന്നു. 'അവരെ പുറത്താക്കിയാൽ അവർ ഈ ഇരുൾ നിറഞ്ഞ ലോകത്തിലേക്ക് കൂടുതൽ താഴ്ന്നുപോകും. നമുക്ക് അവരെ തിരികെ കൊണ്ടുവരണം.' മാഷ് കണ്ണീരോടെ പറഞ്ഞു.

മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കാൻ അദ്ദേഹം പ്രത്യേക ക്ലാസ്സുകൾ ആരംഭിച്ചു. മനുവിനെയും കൂട്ടുകാരെയും അദ്ദേഹം അടുത്ത് വിളിച്ച് സംസാരിച്ചു. ദേഷ്യപ്പെട്ടോ ശിക്ഷിച്ചോ അല്ല, മറിച്ച് സ്വന്തം സഹോദരനോട് ചെയ്യാൻ കഴിയാതിരുന്നതെല്ലാം അവരോട് ചെയ്യാൻ മാഷ് ശ്രമിച്ചു. സ്നേഹത്തോടെയും ക്ഷമയോടെയുമാണ് അദ്ദേഹം അവരെ നേരിട്ടത്. അവരുടെ പ്രശ്നങ്ങൾ കേൾക്കാനും അതിനൊരു പരിഹാരം കണ്ടെത്താനും മാഷ് അവരോടൊപ്പം നിന്നു. ദിവസവും ക്ലാസ്സ് കഴിഞ്ഞ് അവരോടൊപ്പം സമയം ചെലവഴിച്ചു. രാത്രികളിൽ ഉറങ്ങാൻ കഴിയാതെ മാഷ് അവരുടെ ഭാവിയെക്കുറിച്ചോർത്ത് കരഞ്ഞു.

തുടക്കത്തിൽ, കുട്ടികൾക്ക് മാഷിനോട് വല്ലാത്ത വെറുപ്പായിരുന്നു. എന്നാൽ, മാഷിന്റെ നിരന്തരമായ സ്നേഹവും, പരിഗണനയും, അദ്ദേഹത്തിന്റെ കണ്ണുകളിലെ സത്യസന്ധമായ സങ്കടവും അവരെ ഉലച്ചു. പതിയെ പതിയെ അവർ മയക്കുമരുന്ന് ഉപയോഗം നിറുത്തി. മാഷിന്റെ പരിശ്രമഫലമായി മനുവും കൂട്ടുകാരും സ്കൂളിലെ നല്ല കുട്ടികളായി മാറി. പഠനത്തിൽ ശ്രദ്ധിക്കാനും സ്പോർട്സിലും മറ്റ് പാഠ്യേതര വിഷയങ്ങളിലും പങ്കെടുക്കാനും അവർ താത്പര്യം കാണിച്ചു. അവർക്ക് ജീവിതത്തിൽ ഒരു പുതിയ ദിശാബോധം ലഭിച്ചു.


ബേബി മാഷ് ഒരു സാധാരണ അധ്യാപകനായിരുന്നില്ല. അറിവ് പകർന്നു നൽകുന്നയാൾ എന്നതിലുപരി, സ്വന്തം ജീവിതത്തിലെ വലിയൊരു ദുരന്തത്തിൽ നിന്ന് പാഠം ഉൾക്കൊണ്ട്, മറ്റുള്ളവരുടെ ജീവിതത്തിൽ വെളിച്ചം നിറച്ച ഒരു വഴികാട്ടിയായിരുന്നു. അദ്ദേഹത്തിന്റെ ധീരമായ ഇടപെടലും നിസ്വാർഥമായ സ്നേഹവും കാരണം ഒരുപാട് കുട്ടികളുടെ ജീവിതം രക്ഷിക്കപ്പെട്ടു. സെന്റ് മേരീസ് സ്കൂളിലെ കുട്ടികൾക്ക് ബേബി മാഷ് ഒരു ദൈവതുല്യനായി മാറി. ഒരു മനുഷ്യന് മറ്റൊരു മനുഷ്യനോട് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ സഹായമായിരുന്നു മാഷിന്റെ ഈ പ്രവൃത്തി.

# വഴുതന മാത്തൻ



**കാർട്ടൂൺ:** സിനിൽ കെ.ജെ. / **ആശയം:** സ്റ്റീവ് വർഗീസ്






SUBSCRIBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos MEDIA

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
✉ kairosmag@jykairosmedia.org ✆ +91 484 2984327 ✆ 91 62382 79115 | **www.jykairosmedia.org**

RNI No.KERMAL/2002/12027, Date of publication: 01/02/2026, ₹50.00


# ഇപ്പോൾ ഓൺലൈനിൽ സൗജന്യമായി ലഭ്യമാകുന്ന കെയ്റോസ് മലയാളം മാസികയുടെ പതിപ്പുകൾ:



Issue 12 (Dec 2025)



Issue 11 (Nov 2025)


Issue 10 (Oct 2025)



Issue 9 (Sep 2025)


Issue 8 (Aug 2025)



Issue 7 (Jul 2025)




Issue 6 (Jun 2025)



Issue 5 (May 2025)



Issue 4 (Apr 2025)



Issue 3 (Mar 2025)


Issue 2 (Feb 2025)


Issue 1 (Jan 2025)


Issue 12 (Dec 2024)


Issue 11 (Nov 2024)


Issue 10 (Oct 2024)



Issue 9 (Sep 2024)


Issue 8 (Aug 2024)


Issue 7 (Jul 2024)



Issue 6 (Jun 2024)


Issue 5 (May 2024)


Issue 4 (Apr 2024)


Issue 3 (Mar 2024)


Issue 2 (Feb 2024)


Issue 1 (Jan 2024)

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662